
കവളങ്ങാട് ഗ്രാമപഞ്ചായത്ത്



അധികാരം ജനങ്ങളിലേയ്ക്ക്

ജനകീയ ആസൂത്രണ പ്രസ്ഥാനം

വികസന റിപ്പോർട്ട്
1996

ഉള്ളടക്കം

1. ആമുഖം
2. ചരിത്ര പശ്ചാത്തലം
3. ഭൂപ്രകൃതിയും വിഭവങ്ങളും
4. വികസന മേഖലകളുടെ അവലോകനം
    1. കൃഷിയും ജലസേചനവും
    2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
    3. വ്യവസായം
    4. ഗതാഗതവും ഊർജവും
    5. പൊതുജനാരോഗ്യം കുടിവെള്ളം
    6. വിദ്യാഭ്യാസം
    7. പാർപ്പിടവും ക്ഷേമ പ്രവർത്തനങ്ങളും
    8. പട്ടിക ജാതി പട്ടിക വർഗ്ഗം
    9. വനിത
    10. സംസ്കാരം
    11. സഹകരണ മേഖല
    12. വിഭവസമാഹരണം
    13. വനം
    14. വികസന റിപ്പോർട്ടിന്റെ ശില്പികൾ
    15. അനുബന്ധം (വിദ്യാഭ്യാസം, സാമൂഹ്യ ക്ഷേമം)
    16. പഞ്ചായത്തിന്റെ രേഖാചിത്രം



കവളങ്ങാട് ഗ്രാമ പഞ്ചായത്ത് കമ്മറ്റി അംഗങ്ങളും ജീവനക്കാരും



E.M.അസീസ്
വൈസ് പ്രസിഡൻറ്

K.K.ചാക്കോച്ചൻ
പ്രസിഡൻറ്

M.S.ജോസ്
സ്റ്റാൻറിംഗ് കമ്മറ്റി
ചെയർമാൻ




ലിസി ജോസ്
ജില്ലാ പഞ്ചായത്തു മെമ്പർ
കവളങ്ങാട് ഡിവിഷൻ



M.P.ജോസ്
സെക്രട്ടറി



A.T.പൗലോസ്
ബ്ലോക്ക് പഞ്ചായത്ത് വൈസ്.
പ്രസിഡൻറ് കവളങ്ങാട് ഡിവിഷൻ



D.അനിൽ ഘോഷ്
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
നേര്യമംഗലം ഡിവിഷൻ

ആമുഖം

കേരള സംസ്ഥാനത്ത് നടപ്പാക്കാൻ പോകുന്ന ഒൻപതാം പദ്ധതി ''ജനകീയ പദ്ധതി'' ആക്കുക എന്ന ആശയം ഇൻഡ്യൻ ആസൂത്രണത്തിന്റെ ചരിത്രത്തിൽ ഒരു പുത്തൻ അനുഭവമാകാൻ പോവുകയാണ്. 1 മുതൽ 8 വരെ പഞ്ചവത്സര പദ്ധതികളും ഇതിനകം നാം പൂർക്കീകരിച്ച് കഴിഞ്ഞെന്ന് പറയാം നടപ്പാക്കിയ ഈ പദ്ധതികളും എല്ലാം അങ്ങ് തലസ്ഥാനനഗരമായ ഡെൽഹിയിലുള്ള കേന്ദ്ര പ്ളാനിംഗ കമ്മീഷനും തിരുവനന്തപുരത്ത് സംസ്ഥാന പ്ളാനിംഗ് ഉദ്യോഗസ്ഥന്മാരും ചേന്ന് തയ്യാറാക്കി വിവിധ വകുപ്പുകളും വഴി നടപ്പിലാക്കുകയാണ് ചെയ്തിരുന്നത്. അതിരുകവിഞ്ഞ അധികാരകേന്ദ്രീകരണത്തിന് ഇത് ഇടയാക്കിയെന്ന് പറയേണ്ടതില്ലല്ലോ ? ഓരോ പ്രദേശത്തിന്റേയും പ്രത്യേകതകളോ, ഭൂപ്രകൃതിയോ, ആവശ്യങ്ങളുടെ മുൻ ഗണനാക്രമമോ, ജന പങ്കാളിത്തമോ ഒന്നും തന്നെ പരിഗണിയ്ക്കാതെയുള്ള സ്കീമുകളാണ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വന്നിരുന്നത്. പദ്ധതിയുടെ ആസൂത്രണത്തിലോ, നിർവ്വഹണത്തിലോ ജനങ്ങൾക്ക് യാതൊരു പങ്കാളിത്തവും ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ പദ്ധതി പ്രവർത്തനങ്ങൾ ആകെ, ജനങ്ങളിൽ നിന്നും അന്യവൽക്കരിക്കപ്പെട്ടിരുന്നു. മാത്രമല്ല പ്രാദേശിക തലത്തിലുള്ള വിഭവസമാഹരണത്തിന്റെ സാദ്ധ്യതകളും ഇല്ലാതാക്കുകയും, പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു.

പദ്ധതികൾക്ക് ചെലവഴിച്ച തുകയുടെ 40% പോലും ജനങ്ങൾക്ക് പ്രയോജനപ്പെട്ടിട്ടില്ലെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. ബാക്കി 60% തുകയും കോഴപ്പണമായും ലാഭേഹിതമായും നഷ്ടപ്പെടുന്നു എന്ന ആക്ഷേപം നിലനില്കുന്നു. പദ്ധതികൾ രൂപപ്പെടുത്തുന്നതിലും നടപ്പാക്കുന്നതിലും വിവിധ വകുപ്പുകൾ തമ്മിലുള്ള പരസ്പര ബന്ധമില്ലായ്മ, വിഭവപരിമിതി കാണാതെ പദ്ധതി തയ്യാറാക്കി ഒന്നും പൂർത്തീകരിയ്ക്കാതെ അനന്തമായി നീണ്ടു പോകുന്ന അവസ്ഥ. ഇവയ്ക്കെല്ലാം കുറെയെങ്കിലും പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. ഇവിടെയാണ് വികേന്ദ്രീകരണ ആസൂത്രണത്തിന്റെ പ്രസക്തി. ജനകീയാസൂത്രണ പരിപാടികളെ തുടന്ന് കേരളത്തിൽ രൂപം കൊള്ളാൻ പൊകുന്ന 9-ാം പദ്ധതി മുൻകാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി സാധാരണക്കാരായ ഗ്രമീണരുടെ ആവശ്യങ്ങൾ ഒരുവലിയ അളവോളം നിറവേറ്റാൻ സഹായമാകും. ഇതിന്റെ വിജയം കുടികൊള്ളുന്നത് ജനങ്ങളുടെ പങ്കാളിത്തത്തെ ആശ്രയിച്ചാണ്.

വികസനമെന്നാൽ ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയയാണ്. ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനാവശ്യമായ സമ്പത്ത് ഉല്പാദിപ്പിക്കുക എന്നാണിതിനർത്ഥം. ജീവിതത്തിന്റെ നിലനിൽപ്പിന് അനുപേക്ഷണീയമായ ആഹാരം, ഉടുതുണി, പാർപ്പിടം മുതലായ ഭൗതികസാമഗ്രികളുടെ ഉല്പാദനത്തോടുകൂടിയാണ് മനുഷ്യരുടെ സാമൂഹിക ചരിത്രം തന്നെ സമാരംഭിച്ചത്. അതാണ് മനുഷ്യനെ ആദ്യം മൃഗങ്ങളിൽ നിന്നും വേർതിരിച്ചത്. ഭൗതിക ജീവിതത്തിന്റെ ഉപാധികളായ ഭക്ഷണം, വസ്ത്രം പാർപ്പിടം തുടങ്ങിയവ വർത്തമാനമായ തോതിൽ ലഭിക്കണമെങ്കിൽ നമ്മുടെ കാർഷിക വ്യവസായ മേഘലകളിൽ സ്ഥായിയായ വളർച്ച അനിവാര്യമാണ്. ദൗർഭാഗ്യവശാൽ നമ്മുടെ കൊച്ചു കേരളത്തിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. താരതമ്യേന താഴ്ന്ന സാമ്പത്തിക നിലവാരത്തിൽ ഉയർന്ന ഗുണ മേന്മയുള്ള ജീവിതനിലവാരമാണ് നമ്മുക്കുള്ളത്. സേവന മേഖലയുടെ വളർച്ചക്കനുസരണമായി ഗുണനിലവാരം ഉയർത്താൻ നമ്മുക്ക് കഴിഞ്ഞിട്ടില്ല. ചുരുക്കത്തിൽ വികസനം എന്നാൽ സ്ഥായിയായും നീതിപൂർവ്വവും, ദ്രുതഗതിയിലുമുള്ള സാമ്പത്തിക വളർച്ച തന്നെയാണ്.

വികസനം ഫലപ്രദമാകണമെങ്കിൽ ആസൂത്രണം കൂടിയേതീരു. ആവശ്യങ്ങൾ ഒട്ടനവധിയാണ്. വിഭവങ്ങൾ പരിമിതവും. അതുകൊണ്ട് വികസന പ്രക്രിയകളുടെ മുൻഗണനാക്രമം നിശ്ചയിച്ച് ഭാവിയിൽ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകുമെന്ന് മുൻ കൂട്ടികാണാൻ കഴിയണം. നാടിനെക്കുറിച്ചും വൈവിദ്ധ്യമാർന്ന ഭൂപ്രകൃതിയെക്കുറിച്ചും അതിന്റെ സവിശേഷതകളെക്കുറിച്ചും അവിടെ എന്തെല്ലാം കാര്യങ്ങൾ നടത്തണമെന്നതിനെക്കുറിച്ചുമെല്ലാം ജനങ്ങളുടെ അഭിപ്രായത്തിന് മുൻതൂക്കം കൊടുക്കണം. ചിന്നിച്ചിതറിക്കിടക്കുന്ന ഈ ആശയങ്ങളെയെല്ലാം സംയോജിപ്പിച്ച് അവയെ വ്യക്തമായ പദ്ധതികളായി ആവിഷ്കരിയ്ക്കുമ്പോൾ കുറ്റമറ്റതായിത്തീരും. അങ്ങനെ ആസൂത്രണം സമൂഹത്തിന്റെ ഒരു സൃഷ്ടിയായിമാറുകയും ചെയ്യും.

ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ സംസ്ഥാന വിഹിതത്തിൽ 35-40 ശതമാനം വരെ ത്രിതല പഞ്ചായത്തുകളിലൂടെ തികച്ചും ജനകീയമായ ജന പങ്കാളിത്തത്തോടുകൂടി വികസന പ്രവർ

ത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിന് ബഹുമാനപ്പെട്ട കേരളസർക്കാർ തീരുമാനിച്ചിരിക്കുകയാണല്ലോ. ജനകീയാ സൂത്രണപരിപാടികൾ വിജയിപ്പിക്കുവാനുള്ള മുൻ ഒരുക്കങ്ങൾ ഈ പഞ്ചായത്തിൽ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ആദ്യമായി ജനകീയാസൂത്രണം എന്നാൽ എന്ത്? എന്തിന്? അത് എങ്ങിനെയാണ് നടപ്പാക്കേണ്ടത് എന്നതു സംബന്ധിച്ച് പരിശീലനം നൽകുന്നതിനായി ബ്ളോക്കുതലത്തിൽ നടത്തിയ ശില്പശാലയിൽ ഈ പഞ്ചായത്തിൽ നിന്നും പ്രസിഡൻറും തെരഞ്ഞെടുക്കപ്പെട്ട ഏഴ് പ്രതിനിധികളും പങ്കെടുക്കുകയുണ്ടായി. തുടർന്ന് ഈ വിഷയം സംബന്ധിച്ച് പഞ്ചായത്തുതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട 120 പേർക്കും പഞ്ചായത്തുമെമ്പറൻമാർക്കും ഒരു മുഴുവൻ ദിവസ പരിശീലനം കൊടുക്കുകയുണ്ടായി. പിന്നീട് പഞ്ചായത്തിലെ 11 വാർഡുകളിലും വിശേഷാൽ ഗ്രാമ സഭകൾ വിളിച്ചുചേർക്കുകയുണ്ടായി. ഗ്രാമസഭകളിൽ ഉദ്യോഗസ്ഥൻമാരും മുൻഉദ്യോഗസ്ഥൻമാരും, അദ്ധ്യാപകരും പ്രത്യേകവൈദഗ്ധ്യം ലഭിച്ചവരും വനിതകളുമടക്കം നല്ല വിഭാഗം ജനങ്ങളുടെ പങ്കാളിത്തം ഉണ്ടായിരുന്നു.

ഗ്രാമസഭകളിൽ പരിശീലനം ലഭിച്ച അദ്ധ്യാപകർ ക്ളാസുകൾ എടുക്കുകയും തുടർന്ന് നടത്തിയ ഗ്രൂപ്പ് ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് വികസന രേഖ തയ്യാറാക്കുന്നതിനുവേണ്ട വാർഡുതല കരടുരേഖ തയ്യാറാക്കുകയുണ്ടായി. ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കുന്നതിനും, വികസനസെമിനാറിൽ പങ്കെടുക്കുന്നതിനും, ജനകീയാസൂത്രണത്തിൻെറ മറ്റുപ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിനും വേണ്ടി ഗ്രാമസഭയിലെ ഓരോഗ്രൂപ്പിൽ നിന്നും രണ്ടുപേർ എന്ന കണക്കിൽ പ്രതിനിധികളെ തെരെ ഞ്ഞെടുക്കുകയുണ്ടായി.

പഞ്ചായത്തിലെ ഭൂപ്രകൃതി, ജനസംഖ്യ, നാനാതരത്തിലുള്ള ജീവിത പ്രശ്നങ്ങൾ, സ്ഥിതിവിവരക്കണക്കുകൾ തുടങ്ങിയവയെല്ലാം ഉദ്യോഗസ്ഥൻമാരും പഞ്ചായത്തുസമതിയംഗങ്ങളും, മേൽതെരഞ്ഞെടുത്ത പ്രതിനിധികളും, ബ്ളോക്കു പഞ്ചായത്തുമെമ്പറൻമാരും, മുൻ പഞ്ചായത്തുമെമ്പറൻമാരും മറ്റുവൈദഗ്ദ്യമുള്ളവരും കൂടിശേഖരിക്കുകയുണ്ടായി. ഈ പ്രവർത്തനങ്ങൾക്കുവേണ്ടി ബ്ളോക്കുതലത്തിൽ നടന്ന ത്രിദിന പരിശീലന ക്ളാസിൽ പഞ്ചായത്തു മെമ്പറൻമാരും, ഡി.ആർ.പി മാരായ ശ്രീമാൻമാർ കെ.കെ. പൗലോസ്, ജോൺ ജോസഫ് , പി.പി. ചാക്കോ, വി.ആർ. നാരായണൻ നായർ, ബിനു ബി. അന്തിനാട്ട്, അഡ്വ. എം. കെ. വിജയൻ, ശ്രീമതി. ഏലിയാമ്മ ചെറിയാൻ എന്നിവരും പങ്കെടുത്തിരുന്നു. ദ്വിതീയ സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നതിന് എൽ. ആർ. പി. മാർ, ഗ്രൂപ്പ് കൺവീനർമാർ മറ്റുതിരഞ്ഞെടുക്കപ്പെട്ട വൈദഗ്ദ്യമുള്ളവർ, സാക്ഷരതാ സന്നദ്ധസംഘടനാ പ്രവർത്തകർ തുടങ്ങിയ 187 പേർക്ക് ഒരു ദിവസത്തെ പഞ്ചായത്തുതല ശില്പശാല നടത്തുകയുണ്ടായി.

ഇവർ പഞ്ചായത്തിലുടനീളം ചുമതലപ്പെടുത്തിയ പ്രകാരം സർക്കാർ ആഫീസുകളിലും, സ്കൂളുകളിലും, വീടുകളിലും കയറിയിറങ്ങി സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചും, പഞ്ചായത്തിലെ ഭൂപ്രകൃതി, വിഭവസൗകര്യങ്ങൾ, ജലസ്രോതസുകൾ, അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത തുടങ്ങിയവയുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുവാൻ ചുമതലപ്പെടുത്തിയവർ നടന്ന് പഠന പര്യടനം നടത്തി വിവരങ്ങൾ ശേഖരിച്ചു. പഞ്ചായത്തിൻെറ ബന്ധപ്പെട്ട റിക്കാർഡുകൾ പരിശോധിച്ചും, തുടക്കം മുതൽ ഇന്നേവരെയുള്ള മാറ്റങ്ങൾ ഇപ്പോഴത്തെ എല്ലാതലത്തിലുമുള്ള പൊതുസ്ഥിതി പ്രശ്നങ്ങൾ അവക്കുള്ള പരിഹാരനിർദ്ദേശങ്ങൾ, ആയതിനുവേണ്ട വിഭവസമാഹരണമാർഗ്ഗം എന്നിവയെല്ലാം ഈ റിപ്പോർട്ടിൽ പരമാവധി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ റിപ്പോർട്ട് തയ്യാറാക്കുവാൻ പഞ്ചായത്തിലും പുറത്തുമുള്ള ഒട്ടേറെപ്പേർ ആത്മാർത്ഥമായി ഞങ്ങളോട് സഹകരിച്ചിട്ടുണ്ട്. അവരോടെല്ലാം പ്രത്യേകം പ്രത്യേകം നന്ദി പറയുകയെന്നത് പ്രായോഗികമല്ലല്ലോ. ഞങ്ങളോടു സഹകരിച്ച എല്ലാ നല്ലവരായ ആളുകൾക്കും നിസ്സീമമായ കൃതജ്ഞനത രേഖപ്പെടുത്തുന്നതോടൊപ്പം തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

(ഒപ്പ്)
കെ. കെ. ചാക്കോച്ചൻ
(പ്രസിഡൻറ്)
കവളങ്ങാട് ഗ്രാമപഞ്ചായത്ത്, നെല്ലിമറ്റം.

കവളങ്ങാട്
24/11/1996

പൊതുവിവരണവും ഭരണപരമായ ചരിത്രവും

പഞ്ചായത്തിന്റെ പേര്	-	കവളങ്ങാട് ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ	-	കുട്ടമംഗലം, നേര്യമംഗലം, കീരംപാറ, വില്ലേജിലെ മണിമരുതും ചാൽ, ആവോലിച്ചാൽ ഭാഗങ്ങളും.
ബ്ലോക്കുപഞ്ചായത്തു ഡിവിഷൻ	-	കവളങ്ങാട് , നേര്യമംഗലം.
ബ്ലോക്കുപഞ്ചായത്ത്	-	കോതമംഗലം.
താലൂക്ക്	-	കോതമംഗലം.
ജില്ലാ	-	എറണാകുളം.
അസംബ്ലി മണ്ഡലം	-	കോതമംഗലം.
വിസ്തീർണ്ണം	-	59.91 ച. കി. മി
ജനസംഖ്യ	-	41,404
വാർഡുകളുടെ എണ്ണം	-	11
പ്രസിഡൻറിന്റെ പേര്	-	കെ. കെ. ചാക്കോച്ചൻ
വൈസ് പ്രസിഡൻറിന്റെ പേര്	-	ഇ. എം. അസീസ്
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ	-	ശ്രീ. എം.എസ്. ജോസ്
സെക്രട്ടറി	-	ശ്രീ.എം.പി. ജോസ്

മെമ്പറൻമാരുടെ പേര്

വാർഡ്	-	പേര്
I	-	ശ്രീ. സിബി മാത്യു
II	-	ശ്രീമതി. മേരി ജോർജ്
III	-	സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ
IV	-	ശ്രീ. പി. എൻ. ചന്ദ്രബോസ്
V	-	ശ്രീമതി. ജെസ്സി ബാബു
VI	-	ശ്രീ. ഗോപി അയ്യപ്പൻ
VII	-	പ്രസിഡൻറ്
VIII	-	ശ്രീമതി. മോളി വറുഗ്രീസ്
IX	-	ശ്രീ. വർക്കി മത്തായി
X	-	വൈസ് പ്രസിഡൻറ്
XI	-	ശ്രീമതി. മിനിമോഹൻ
എം.എൽ.എ	-	ശ്രീ. വി.ജെ. പൗലോസ്
എം.പി.	-	ശ്രീ. പി.സി. തോമസ്
പഞ്ചായത്ത് സ്ഥിതിചെയ്യുന്ന സ്ഥലം	-	പഞ്ചായത്തിലെ 2 -ാം വാർഡിൽ നെല്ലിമറ്റം ടൗണിനോട് ചേർന്ന് 33 സെൻറിൽ പണിതിട്ടുള്ള സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. കോതമംഗലത്തുനിന്നും എൻ. എച്ച് - 49 വഴി കിഴക്കോട്ട് 7 കി. മി. സഞ്ചരിച്ചാൽ ആഫീസിലെത്താം.

തിരു-കൊച്ചി സംസ്ഥാനത്തു 1953 ൽ ആദ്യമായിരൂപീകരിക്കപ്പെട്ട പഞ്ചായത്തുകളിൽ ഒന്നാണ് ഈ പഞ്ചായത്ത്. അന്നത്തെ കുട്ടമംഗലം, മന്നാംകണ്ടം, വില്ലേജുകൾ ഉൾപ്പെട്ട് കുത്തുകുഴിമുതൽ അടിമാലി വരെയുള്ള വളരെ വിസ്തൃതമായ പ്രദേശങ്ങൾ ഈ പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നു. ആറു വാർഡുകളാണ് ഉണ്ടായിരുന്നത്. പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റെ ശ്രീ. എൻ. ഡി. ഇട്ടിയവിരയും, മെമ്പർമാർ ശ്രീമാൻമാർ. ഒ. പി, പൗലോസ്, കെ. ഐ. ചെറിയാൻ, ഇ. സി. കുറുമ്പൻ, കെ. എം. സെയിത്, കുരുവിളാ മാത്യു എന്നിവരും ആയിരുന്നു. പഞ്ചായത്തിന്റെ ആസ്ഥാനം നെല്ലിമറ്റത്ത് വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. 11 - 06 - 1955 മുതൽ ശ്രീ. ഒ. പ്പി. പൗലോസും 18 - 09 -56 മുതൽ ശ്രീ. കെ. ഐ. ചെറിയാനും, ഈ പഞ്ചായത്തിന്റെ പ്രസിഡൻറു സ്ഥാനം വഹിച്ചിരുന്നു. 1963 ൽ മന്നാംകണ്ടം വില്ലേജ ഒഴിവാക്കി. അന്നത്തെകുട്ടമംഗലം വില്ലേജ് മാത്രം ഉൾക്കൊള്ളിച്ച് പഞ്ചായത്തിനെ 8 വാർഡുകളായി തിരിച്ച് നടത്തിയ തിരഞ്ഞെടുപ്പിനെതുടർന്ന് ശ്രീ. എം. എം. തോമസ് പഞ്ചായത്തു പ്രസിഡൻറായി ശ്രീമാൻമാർ. റ്റി. എം. കോര, ഒ. എം . അവരാൻ കുട്ടി, കെ.സി, കുര്യൻ, എൻ. വി. പൈലി.

എം. കെ. ശിവരാമൻ, കെ. എസ്. രാഘവൻ പിള്ള, ശ്രീമതി. അന്നമ്മാ ജേക്കബ് എന്നിവർ മെമ്പർ മാരുമായിരുന്നു. ഈ കമ്മറ്റിയുടെ കാലത്താണ് പഞ്ചായത്തിന് നെല്ലിമറ്റത്ത് സ്ഥലം വാങ്ങി കെട്ടിടം പണിത് ആഫീസ് പ്രവർത്തനം സ്വന്തം കെട്ടിടത്തിലേക്ക് മാറ്റിയത്. 1969 മുതൽ ശ്രീമതി. അന്നമ്മാ ജേക്കബ് കേരളത്തിലെതന്നെ ആദ്യത്തെ വനിതാ പഞ്ചായത്തു പ്രസിഡൻറ് എന്നസ്ഥാനം നേടികൊണ്ട് ഈ പഞ്ചായത്തന്റെ പ്രസിഡൻറായി. ഇവരുടെഭരണകാലത്താണ് പഞ്ചായത്തുവക നേര്യമംലം ഷോപ്പിംഗ് കോംപ്ലക്സ് പണികഴിപ്പിച്ചത്.

1979 ൽ ഈ പഞ്ചായത്തന്റെ ഭാഗങ്ങളായിരുന്ന പൈമറ്റം കൂറ്റംവേലി, വാളാച്ചിറ എന്നിവ പുതിയതായി രൂപീകരിച്ച പല്ലാരിമംഗലം പഞ്ചായത്തിൽ ഉൾപ്പെടുത്തി. അതിനുശേഷം ഈ പഞ്ചായത്തിനെ 10 വാർഡുകളായി തിരിച്ച് നടന്ന തിരഞ്ഞെടുപ്പിനെതുടർന്ന് ശ്രീ. കെ. വി. പൗലോസ് പ്രസിഡൻറായും ശ്രീമാൻമാർ സക്കറിയാ മത്തായി, ആൻറണി ജോസഫ്, സി. എൻ. ലക്ഷമണൻ, ജോർജ് തോമസ്, പൗലോസ് കെ.കെ., ശ്രീധരൻ നാരായണൻ, ജോസഫ് കുര്യാക്കോസ്, ഇത്താപ്പിരി പൈലി, ശ്രീമതി അന്നമ്മ ജേക്കബ് എന്നിവർ മെമ്പറൻമാരായും പുതിയ ഭരണ സമിതി അധികാരമേറ്റു പഞ്ചായത്തുവക മിനിസ്റ്റേഡിയം ഈ സമിതിയുടെ കാലത്താണ് നിർമ്മിച്ചത്. 1984 മുതൽ സർക്കാർ നേരിട്ടുള്ള ഭരണത്തിനുശേഷം 1989 ൽ ഈ പഞ്ചായത്തിലെ 11 വാർഡുകളിലായി നടന്ന തെരെഞ്ഞെടുപ്പിൽ ശ്രീ. കെ. വി. പൗലോസ് വിണ്ടും പ്രസിഡൻറായും ശ്രീ. പി. എം. ശിവൻ വൈസ് പ്രസിഡൻറായും ശ്രീമാൻമാർ എ. റ്റി. പൗലോസ്, സി. എൻ. ലക്ഷമണൻ, ജോസ് മാത്യു, കെ. ഐ. ജേക്കബ്. കെ. കെ. ചാക്കോച്ചൻ, പി. കെ. അയ്യപ്പൻ, ജോയി എസ്തോസ്, ശ്രീമതിമാർ റോസക്കുട്ടി ഇട്ടിയവിര, മേരി ഐസക് എന്നിവർ മെമ്പറൻമാരായും ഉള്ള ഭരണ സമിതി അധികാരത്തിൽ വന്നു. ഈ കമ്മിറ്റിയുടെ കാലത്താണ് പഞ്ചായത്തുവക നെല്ലിമറ്റത്തും, നേര്യമംഗലത്തും, പരീക്കണ്ണിയിലും മൂന്ന് സാംസ്കാരിക നിലയങ്ങൾ പണികഴിപ്പിച്ചത്.

1995 ൽ നടന്ന തെരെഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. കെ. കെ. ചാക്കോച്ചൻ പ്രസിഡൻറായും ശ്രീ. ഇ. എം. അസീസ് വൈസ്പ്രസിഡൻറായും ശ്രീമാൻമാർ സിബി മാത്യു, എം. എസ്. ജോസ്, പി. എൻ. ചന്ദ്രബോസ്, ഗോപി അയ്യപ്പൻ, വർക്കി മത്തായി, ശ്രീമതിമാർ മേരി ജോർജ്, ജെസി ബാബു, മോളി വർഗ്ഗീസ്, മിനിമോൾ ഭാസ്കരൻ നായർ എന്നിവർ മെമ്പറൻമാരായും അധികാരത്തിൽ വന്ന കമ്മറ്റിയാണ് ഇപ്പോൾ പഞ്ചായത്തിന്റെ ഭരണ സാരഥ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ശില പാകുവാൻ അവസരം നൽകിയ പഞ്ചായത്തുരാജ് നിയമം പ്രാബല്യത്തിൽ വന്നതിനു ശേഷം തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ കമ്മറ്റി എന്ന പ്രത്യേകത ഈ ഭരണ സമിതിക്കുണ്ട് ത്രിതല പഞ്ചായത്തു സംവിധാന പ്രകാരം ഈ പഞ്ചായത്തിൽ ഉൾക്കൊണ്ടിട്ടുള്ള കവളങ്ങാട്, നേര്യമംഗലം, ബ്ളോക്കു പഞ്ചായത്തുകളിൽ നിന്നും യഥാക്രമം ജയിച്ചു വന്നിട്ടുള്ള ശ്രീ. എ. റ്റി. പൗലോസ് ബ്ളോക്കു പഞ്ചായത്ത് വൈസ്പ്രസിഡൻറ് എന്ന നിലയിലും ശ്രീ. ഡി. അനിൽ ഘോഷ് ബ്ളോക്കു പഞ്ചായത്തുമെമ്പർ എന്ന നിലയിലും ഈ പഞ്ചായത്തുൾപ്പെടുന്ന ജില്ലാ പഞ്ചായത്തിലെ നേര്യമംഗലം ഡിവിഷൻ മെമ്പർ ലിസി ജോസും ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്ന കോതമംഗലം ബ്ളോക്കു പഞ്ചായത്തിന്റെ പ്രസിഡൻറ് ശ്രീ. ജോയി എബ്രഹാമും ജില്ലാ പഞ്ചായത്തു പ്രസിഡൻറ്ശ്രീ. പി. കെ. ഇബ്രാഹിം കുട്ടിയും വൈസ്പ്രസിഡൻറ് ശ്രീ. സി. വി. ഔസേപ്പും പഞ്ചായത്തിന്റെ വികസന കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

ജനങ്ങുടെ ദൈനംദിന പ്രശ്നങ്ങളിൽ ബന്ധപ്പെടുന്ന നിരവധി സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. റവന്യൂ വിവരങ്ങളും രേഖകളും ലഭിക്കേണ്ട കുട്ടമംഗലം വില്ലേജ് ആഫീസ് നെല്ലിമറ്റത്തും നേര്യമംഗലം വില്ലേജ് ആഫീസ് നേര്യമംഗലത്തും സ്ഥിതിചെയ്യുന്നു. പ്രധാന തൊഴിലായ കൃഷിമെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന കൃഷിഭവൻ നെല്ലിമറ്റത്ത് പുല്ലുകുത്തിപ്പാറയിൽ സ്ഥിതി ചെയ്യുന്നു. ക്രമസമാധാന പാലനത്തിനുള്ള പോലീസ് സ്റ്റേഷൻ ഊന്നുകല്ലിലുണ്ട്. ആരോഗ്യ പരിപാലനത്തിനുള്ള ഏക സ്ഥാപനമായ പ്രൈമറി ഹെൽത്തുസെൻറർ നേര്യമംഗലത്തു പ്രവർത്തിക്കുന്നു. മൃഗസംരക്ഷണത്തിനുള്ള മൃഗാശുപത്രി ഊന്നുകല്ലിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിലുള്ള ദേശസൽകൃത ബാങ്കുകളായ സ്റ്റേറ്റുബാങ്ക് ഓഫ് ഇൻഡ്യ നെല്ലിമറ്റത്തും യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യാ നേര്യമംഗലത്തും പ്രവർത്തിക്കുന്നു പ്രശസ്തമായി പ്രവർത്തിക്കുന്ന കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്കും ഊന്നുകൽ സർവ്വീസ് സഹകരണ ബാങ്കും ഈ പഞ്ചായത്തിലുണ്ട്. മുള്ളരിങ്ങാട് റേഞ്ചോഫീസും ഫോറസ്റ്റു തടി ഡിപ്പോയും തലക്കോട് സ്ഥിതിചെയ്യുന്നു. കെ. എസ്. ഇ. ബി സബ് എഞ്ചിനീയർ ആഫീസ് ഊന്നുകല്ലിലും, ഇലക്ട്രോണിക് ടെലഫോൺ എക്സ്ചേഞ്ചുകൾ നെല്ലിമറ്റത്തും, ഊന്നുകല്ലിലും, നേര്യമംഗലത്തും, നീണ്ടപാറയിലും പ്രവർത്തിക്കുന്നുണ്ട് . നെല്ലിമറ്റം, ഊന്നുകൽ, പരീക്കണ്ണി, നേര്യമംഗലം എന്നിവിടങ്ങളിൽ പോസ്റ്റോഫീസും പ്രവർത്തിക്കുന്നു. ജില്ലാ കൃഷി തോട്ടവും , നാളികേര ബോർഡ് വക നഴ്സറിയും ജവഹർ നവോദയാ വിദ്യാലയവും, പി. ഡബ്ല്യു, ഡി. വക റെസ്റ്റ് ഹൗസും നേര്യമംഗലത്തു പ്ര

വർത്തിക്കുന്നുണ്ട്. നേര്യമംഗലത്തും, നെല്ലിമറ്റത്തും ഓരോ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകളും ഉണ്ട്. ഈസ്റ്റേൺ ട്രഡ്സ്, മഹിമ ഓയിൽ മിൽസ് എന്നീ വ്യവസായ സ്ഥാപനങ്ങളും ഈ പഞ്ചായത്തിലെ ഊന്നുകല്ലിലും, നേര്യമംഗലത്തും സ്ഥിതിചെയ്യുന്നു. മൂന്നു ഹൈസ്കൂളുകളടക്കം നേര്യമംഗലം വൊക്കേഷണൽ ഹൈയർ സെക്കണ്ടറി സ്കൂളും ഉൾപ്പടെ പതിമൂന്നോളം സ്കൂളുകളും അഞ്ചോളം നേഴ്സറി സ്കൂളുകളും ഒരു അറബി കോളേജും ആറ് ബാലവാടികളും നാല് പാരലൽ കോളേജുകളും ഈ പഞ്ചായത്തിലുണ്ട്. നെല്ലിമറ്റം, ഊന്നുകൽ, നേര്യമംഗലം എന്നീ ടൗണുകളിൽ ഓരോ സിനിമാ തീയറ്ററുകളും ഉണ്ട്. കൂടാതെ പട്ടിക ജാതി സംഘങ്ങളും പാൽ സഹകരണ സംഘങ്ങളും ഒരു മാർക്കറ്റിംഗ് സൊസൈറ്റിയും ഈ പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഖാദി ബോർഡ്വക ഒരു നൂൽ നൂൽപ്പു കേന്ദ്രം നേര്യമംഗലത്തു പ്രവർത്തിക്കുന്നു. സാംസ്കാരിക രംഗത്തു പ്രധാന പ്രദേശങ്ങളിലെല്ലാം വായന ശാലകളും, ക്ലബ്ബുകളും, വനിതാ സമാജങ്ങളും പ്രവർത്തിക്കുന്നു. പ്രശസ്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സാക്ഷരതാ സമിതിയും. നമുക്ക മുതൽ കൂട്ടായുണ്ട്.

സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

വിലിയൊരു ചരിത്ര പശ്ചാത്തലമുള്ള പ്രദേശം ഉൾപ്പെട്ടതാണ് കവളങ്ങാട് ഗ്രാമ പഞ്ചായത്ത്. നൂറ്റാണ്ടുകൾക്കുമുമ്പ് നമ്മുടെ പൂർവ്വികൻമാർ ആന, കടുവ, കരടി, കാട്ടുപോത്ത് തുടങ്ങിയ വന്യ മൃഗങ്ങളോട് മല്ലിട്ട്, ഘോരവനങ്ങളായിരുന്ന ഈ പ്രദേശം കൃഷിക്കുവേണ്ടി വെട്ടിത്തെളിച്ചപ്പോൾ കണ്ടെത്തിയ പ്രതിഷ്ഠകളും ശിലാശില്പങ്ങളും, വൻമതിലുകളുടെയും വീടുകളുടെയും അവശിഷ്ടങ്ങളുമെല്ലാം ഈ പ്രദേശം പിന്നിട്ട മറ്റൊരു യുഗത്തിന്റേയും, സംസ്കാരത്തിന്റെയും തെളിവുകളാണ്. ഊന്നുകല്ലിൽ നഗരമുടി ഭാഗത്തും മറ്റും കാണുന്ന മുനി അറകളും, ഗുഹാവശിഷ്ടങ്ങളുമെല്ലാം മഹർഷിമാർ തപസ്സിരുന്നുട്ടുള്ള മേഘലകളാണെന്നള്ളതിന് തെളിവുകളായി പറയപ്പെടുന്നു. അള്ളുങ്കൽ പാച്ചോറ്റി മുതൽ വാളാച്ചിറ ഭാഗങ്ങളിൽ കാണുന്ന കരിങ്കൽ കോട്ടയുടെ തകർന്ന അവശിഷ്ടങ്ങളും, നേര്യമംഗലത്ത് വനാന്തരഭാഗത്ത് സ്ഥിതിചെയ്യുന്ന വാരിക്കാട്ടു മുക്കു ദേവീക്ഷേത്രവുമെല്ലാം ഒരുകാലത്ത് കർത്താക്കൻമാർ ഈ പ്രദേശത്ത് നിവസിച്ചിരുന്നു എന്നതിനു തെളിവുകാളായി പറയപ്പെടുന്നു.

കൃഷിക്കുവേണ്ടിയാണ് മറ്റുമേഖലകളിൽ നിന്നു പൂർവീകൻമാർ ഇവിടെ കുടിയേറിപ്പാർത്തത്. നെൽകൃഷി ആയിരുന്നു ആദ്യകാലങ്ങളിൽ ചെയ്തുവന്നിരുന്നത്. പിന്നീട് ഇഞ്ചിപ്പുല്ല്, തെങ്ങ്, കമുക്, മാവ്, പ്ലാവ്, കശുമാവ്, റബ്ബർ തുടങ്ങിയ നാണ്യ വിളകളും കൃഷിചെയ്യുവാൻ തുടങ്ങി. കേരളത്തിൽ എന്നല്ല ഇന്ത്യയിൽ തന്നെ ആദ്യമായി റബ്ബർ കൃഷി ആരംഭിച്ചത് ഈ പഞ്ചായത്തു പ്രദേശത്തായിരുന്നു. പരീക്കണ്ണി, ഓപ്ര, നേര്യമംഗലം എന്നീ റബ്ബർ എസ്റ്റേറ്റുകളും പറങ്കി സായിപ്പ് എന്നറിയപ്പെട്ടിരുന്ന. പാലം ലൂയിസ് എന്ന ആംഗ്ലോ ഇന്ത്യാക്കാരനും, കമ്പർ വാച്ച് ആൻറ് കമ്പനി എന്ന യൂറോപ്യൻ കമ്പനിയും പ്ളാൻറു ചെയ്തതാണ്. ഈ പഞ്ചായത്തിലെ ആദ്യത്തെ ഗ്രാമീണറോഡുകളായ നെല്ലിമറ്റം - പരീക്കണ്ണി റോഡും, ഓപ്രാ റോഡും ഈ തോട്ടങ്ങളിലേക്ക്നിർമ്മിച്ചവ ആയിരുന്നു. കോതമംഗലം, മൂവാറ്റുപുഴ പ്രദേശങ്ങളിലെ ആദ്യത്തെ ഗ്രാമീണ വായനശാലയായ പരീക്കണ്ണി വിക്ടറി വായനശാല ഈ കാലയളവിൽ സ്ഥാപിച്ചതാണ്. പരീക്കണ്ണി റബ്ബർ എസ്റ്റേറ്റിൽ ''ഡെപ്പോ കൂലീസ്'' എന്ന പേരിൽ അറിയപ്പെട്ടിരുന്ന തൊഴിലാളികളാണ് പണിയെടുത്തിരുന്നത്. ഈ തൊഴിലാളികളെ മൃഗതുല്യരായി മാത്രം കണ്ട്, മർദ്ദിച്ചും, നിർബന്ധിച്ചും അടിമകളെപോലെ പണിയെടുപ്പിച്ചിരുന്നതിനെ ''കങ്കാണി സംമ്പ്രദായം'' എന്ന ഓമന പേരിലാണ് അറിയപ്പെട്ടിരുന്നത്.

ഈ സ്ഥിതി വിശേഷം മാറ്റി മറിച്ച് നിലവിലുള്ള തൊഴിൽ നിയമങ്ങളും, തൊഴിലാളി - തൊഴിലുടമ ബന്ധങ്ങളും, നിരവധി തൊഴിൽ ആനുകൂല്യങ്ങളും നേടി എടുക്കുവാൻ നടത്തിയ ഒട്ടേറെ ഐതിഹാസിക സമരങ്ങൾക്ക് ഈ പ്രദേശം സാക്ഷ്യം വഹിച്ചിട്ടുണ്ട്. ടി സമരങ്ങൾ ഈ പഞ്ചായത്തിൽ മാത്രമല്ല കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ താലൂക്കുകളിൽ പോലും രാഷ്ട്രീയവും സാംസ്കാരികവുമായി ബഹുജന പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് വളരെയേറെ സഹായിച്ചിട്ടുണ്ട്. ഓപ്രത്തോട്ടത്തിൽ സായിപ്പിന് താമസിക്കുവാൻ ഏറ്റവും ഉയരത്തിൽ നിർമ്മിച്ച കൊട്ടാരം സ്ഥിതിചെയ്യുന്നഭാഗത്തിന് ''കൊട്ടാര മുടി '' എന്നാണ് ഇന്നും അറിയപ്പെടുന്നത്. ഈ പഞ്ചായത്തിന് നടുവിൽ കൂടി കടന്നു പോകുന്ന ആലുവാ - മൂന്നാർ റോഡിനെ - ഇന്നത്തെ കൊച്ചി - മധുര ഹൈവെ - ഇടുക്കു ജില്ലയുമായി ബന്ധിപ്പിക്കുന്നതിന് 1935 ൽ പെരിയാറിന് കുറുകെ പണിതീർത്ത വാസ്തുശില്പ ചാരുതയുള്ള നേര്യമംഗലം പാലം ഈ പഞ്ചായത്തിലാണ്. റാണി ലക്ഷ്മി ഭായിയുടെ ഓർമ്മക്കായി പണികഴിപ്പിച്ചിട്ടുള്ള ''റാണിക്കല്ല് '' (ഒറ്റക്കല്ലിൽ കൊത്തിയത്) എന്ന വാസ്തുശില്പം ഈ പാലത്തിന് സമീപത്താണ്. കോതമംഗലം താലൂക്കിലെ ഏറ്റവും പഴക്കം ചെന്ന നഗരമുടി അണയും ഈ പഞ്ചായത്തിലാണ്.

ഈ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പരസ്പര സാമീപ്യത്തോടെ സ്ഥിതിചെയ്യുന്ന ഹിന്ദു - മുസ്ലീം - ക്രൈസ്തവ ദേവാലയങ്ങളും ഇവിടത്തെജനങ്ങളുടെ മതസൗഹാർദ്ദത്തേയും, പരസ്പര സാഹോദര്യത്തേയും എടുത്തുകാട്ടുന്നു. നേര്യമംഗലത്ത് പേരുകേട്ട '' കിഴക്കൻ ശബരിമല'' എന്നറിയപ്പെടുന്ന അതിപുരാതനമായ ഒരു അയ്യപ്പ ക്ഷേത്രമുണ്ട്. ഇവിടത്തെ മകരവിളക്ക് മഹോത്സവം ദേശീയ ഉത്സവമായി അംഗീകരിച്ചിട്ടുണ്ട്. നേര്യമംഗലത്തുതന്നെ മധുരമീനാക്ഷിയുടെ പ്രതിഷ്ഠയുള്ള ഒരു ഭഗവതീ ക്ഷേത്രവും പളരെ പഴക്കമുള്ള വാരിക്കാട്ട് മുക്ക് ദേവീ ക്ഷേത്രവും ഉണ്ട്. തലക്കോട് താലിപ്പാറ, പ്ലാംകുന്ന്, അംബികാപുരം, കുറംകുളം, പെരുമണ്ണൂർ എന്നിവിടങ്ങളിലും പുരാതന ഹൈന്ദവ ദേവാലയങ്ങളുണ്ട്. മാരമംഗലം, കുത്തുകുഴി, നെല്ലിമറ്റം 2, കവളങ്ങാട്, ഊന്നുകൽ, നമ്പൂരുക്കൂപ്പ്, അള്ളുങ്കൽ, തലക്കോട്, നേര്യമംഗലം 2, ആവോലിച്ചാൽ, ചെമ്പൻകുഴി,നീണ്ടപാറ 2 എന്നിവിടങ്ങളിൽ ക്രസ്ത്യൻ ദേവാലയങ്ങളും, നെല്ലിമറ്റം 2, കവളങ്ങാട്, ഊന്നുകൽ, അള്ളുങ്കൽ, തലക്കോട്, നേര്യമംഗലം , കണ്ണാടികോടും, മണിമരുതും ചാൽ എന്നിവിടങ്ങളിൽ മുസ്ലീം ദേവാലയങ്ങളുമുണ്ട്.

ഭൂപരിഷ്കരണ നിയമങ്ങളും ഇവിടുത്തെ കർഷകർക്ക് വൻനേട്ടങ്ങളും ഉണ്ടാക്കി കൊടുത്തിട്ടുണ്ട്. ജന്മിമാരുടെ പാടങ്ങളിലും പുരയിടങ്ങളിലും പങ്കിനും പാട്ടത്തിനും ജന്മിമാർ പറയുന്ന വ്യവസ്ഥകളും അംഗീകരിച്ച് എല്ലുമുറിയെ പണിയെടുത്തിരുന്ന കൃഷിക്കാർക്ക് ഈ നിയമം മൂലം സ്വന്തമായി കൃഷിഭൂമിയുണ്ടായി. ആ ഭൂമികളിൽ കഠിനാധ്വാനം ചെയ്ത് പൊന്നു വിളയിക്കുവാൻ അവർക്കുകഴിഞ്ഞു. അവിടെ പണിയെടുക്കുന്ന കർഷകർക്കും, കർഷക തൊഴിലാളികൾക്കും സംഘടനകളുണ്ടായി, ആ സംഘടനകൾ വഴി സ്വന്തം അവകാശങ്ങൾ പരമാവധി നേടിയെടുക്കുവാനും. അവർക്കു കഴിഞ്ഞിട്ടുണ്ട്. കുടിയേറ്റ പ്രദേശങ്ങളായ ഇവിടങ്ങളിൽ അന്ന് കൃത്യമായ യാത്രാ സൗകര്യങ്ങളൊന്നും ഉണ്ടായിരാന്നില്ല. ക്രമേണ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പലഘട്ടങ്ങളായി ഗ്രാമീണറോഡുകൾ നിർമ്മിച്ചു. ഇന്ന് വലുതും ചെറുതുമായി പഞ്ചായത്തേറ്റെടുത്ത 66 റോഡുകൾ ഈ പഞ്ചായത്തിലുണ്ട്. റിക്കാർഡുകളിലൊന്നും വരാത്ത വേറെ നിരവധി റോഡുകളും ഈ പഞ്ചായത്തിലുണ്ട്. ഈ റോഡുകളിൽ ഭൂരിപക്ഷവും സഞ്ചാര യോഗ്യമാക്കുന്നതിന് കോടിക്കണക്കിന് രൂപാ ചിലവാക്കിയാൻ മാത്രമേ സാധിക്കുകയുള്ളൂ.

കുടിയേറ്റക്കാലത്ത് ഓലയും പുല്ലും വൈക്കോലും മേഞ്ഞ വീടുകളിലാണ് ഭൂരിഭക്ഷം പേരും താമസിച്ചിരുന്നത്. കക്കൂസ് സൗകര്യങ്ങളോ, വൈദ്യുതിയോ, ടെലിഫോൺ സൗകര്യങ്ങളോ ഒന്നും അന്നുണ്ടായിരുന്നില്ല. ഇപ്പോൾ പകുതിയോളം ആളുകൾക്ക് ഓടുവച്ചതും കോൺക്രീറ്റു ചെയ്തതുമായ വീടുകളുണ്ട്. 40% വീടുകളിലും കക്കൂസും വൈദ്യുതിയും ലഭിച്ചിട്ടുണ്ട്. ബഹുഭൂരിപക്ഷം പേർക്കും താമസയോഗ്യമായ വീടുകളും കക്കൂസുമെല്ലാം ഉണ്ടാക്കേണ്ടിയിരിക്കുന്നു. മാത്രമല്ല ഇപ്പോഴും സ്വന്തമായി വീടോ, വീടുവയ്ക്കാൻ ഭൂമിയോ ഇല്ലാത്ത നിരവധിയാളുകൾ ഈ പഞ്ചായത്തിലുണ്ട്. കുടിവെള്ളദൗർലഭ്യം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന പഞ്ചായത്തും ഇതുതന്നെയാണ്. കർഷകരും തൊഴിലാളികളും ഒപ്പത്തിനൊപ്പമുള്ള ഈ പഞ്ചായത്തിൽ ഈ ജില്ലയിലെ ഏറ്റവും കൂടുതൽ പട്ടികജാതി പട്ടിക വർഗ്ഗ കോളനികളും മറ്റിതര കോളനികളും ഉണ്ട്. ഇവിടെ താമസിക്കുന്നവർ നിത്യ ദുരിതത്തിൽ തന്നെ ഇപ്പോഴും കഴിഞ്ഞുകൂടുന്നു.

ഭൂപ്രകൃതിയും വിഭവങ്ങളും

ഇടുക്കി ജില്ലയോട് ചേർന്ന് എല്ലാ അർത്ഥത്തിലും മലയോര സാഹചര്യങ്ങളുള്ള ഒരു വലിയ ഗ്രാമ പഞ്ചായത്താണ് കവളങ്ങാട്. പഞ്ചായത്തു പ്രദേശം 29 കി. മി. നീളത്തുലും, 12 കി. മി. വീതിയിലും നോക്കെത്താ ദൂരത്തിൽ കുന്നും മലകളും നിറഞ്ഞുകിടക്കുന്നു. 12 കി. മി. നീളത്തിൽ നീണ്ടപാറ മുതൽ ആവോലിച്ചാൽ വരെ വൻകോട്ട പോലെ കൊടുമുടികൾ നിറഞ്ഞുനിൽക്കുന്നു. ഇതിന്റെ മദ്ധ്യ ഭാഗമായ വില്ലാംചിറയിൽ നിന്നും "T" ആകൃതിയിൽ നാലു കി.മി. നീളത്തിൽ സൂചിപ്പാറ മുടി സ്ഥിതിചെയ്യുന്നു. ഇതിന്റെ രണ്ടു ഭാഗങ്ങളിലുമായിട്ടാണ് പടിഞ്ഞാറോട്ട് ചരിഞ്ഞ് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. വളരെ ഫലഭൂയിഷ്ടമായ മണ്ണാണ് ഇവിടുത്തേത്. അതുകൊണ്ട് ശരിക്കും കാർഷിക മേഘലയും മുൻകാലങ്ങളിലും ഇപ്പോഴും ഇവിടെധാരാളം മഴലഭിക്കുന്നതുകൊണ്ട്കേരളത്തിലെ ''ചിറാപുഞ്ചി'' യെന്നും ഈ പ്രദേശത്തെ അറിയപ്പെടുന്നു. എന്നാൽ എന്തുകൊണ്ടോ വേനൽ ആയാൽ കാർഷിക ജലസേചനത്തിനും, കുടിവെള്ളത്തിനും കടുത്ത ക്ഷാമം നേരിടുന്നു. നിറഞ്ഞുതുളുമ്പി തലക്ക് മുകളിൽ പെരിയാർ ഉണ്ടെങ്കിലും ഒരൊറ്റ ലിഫ്റ്റ് ഇറിഗേഷനോ, കനാൽ സൗകര്യമോ യില്ലാത്ത എറണ്ണാകുളം ജില്ലയിലെ ഏക പഞ്ചായത്തും കവളങ്ങാടാണ്.

അദ്ധ്വാനിക്കുവാൻ തയ്യാറുള്ള ആരോഗ്യ ദൃഢഗാത്രരായ ഒരു ജനാവലിയും പണിയെടുത്താൽ പൊന്നു വിളയുന്ന മണ്ണും ഈ പഞ്ചായത്തിലുണ്ട്. ആവശ്യത്തിന് ജലസേചന സൗകര്യവും, മുടക്കുവാൻ

സാമ്പത്തികവും ലഭ്യമാക്കിയാൽ ഈ പഞ്ചായത്തിനെ സ്വർഗ്ഗമാക്കിമാറ്റാം. ഒരു കുന്നിന് ഒരു തടം എന്നപ്രകാരത്തിൽ നെൽകൃഷിക്കും നാണ്യവിളകൾക്കും തുല്ല്യമായി വിനിയോഗിക്കുവാൻ മതിയായ ഭൂമി ഈ പഞ്ചായത്തിനുണ്ട്.

മണ്ണ്

മൊത്തത്തിൽ വളക്കൂറുള്ള കൃഷിക്കു പറ്റിയമണ്ണാണ് ഈ പഞ്ചായത്തിലേത്. കിഴക്കൻ മേഖലയായ മണിമരുതും ചാൽ, ആവോലിച്ചാൽ, നേര്യമംഗലം, കോളനി, ചെമ്പൻ കുഴി, നീണ്ടപാറ (9,10,11 വാർഡുകൾ) എന്നീ പ്രദേശത്ത് പെരിയാറിന്റെ തീരത്തെ എക്കൽ ചേർന്ന മണ്ണ,ണ്. തലക്കോട്ട്, വില്ലാം ചിറ, പാച്ചോറ്റി, ചുള്ളക്കണ്ടം, പുത്തൻ കുരിശ്, തേങ്കോട്, നഗരമുടി, തടിക്കളം (6,7,8 വാർഡുകൾ) എന്നിവിടങ്ങൾ അല്പം ചെങ്കൽ ചേർന്നതും പാറചേർന്നതുമായ മണ്ണാണ്. പെട്ടന്ന് വരൾച്ചയുണ്ടാകുന്നതു കൊണ്ട് കൃഷിക്ക് ഉയർന്ന മേഖലകളിൽ ഉണക്കുബാധിക്കാറുണ്ട്. ഊന്നുകൽ, കവളങ്ങാട്, നമ്പൂരിക്കുപ്പ്, ഉപ്പുകുളം, പരീക്കണ്ണി, ഉപ്പുകുഴി എന്നിവിടങ്ങളിൽ (3,5 വാർഡുകൾ) മണൽ ചേർന്നമണ്ണാണ്. ഈ പ്രദേശത്ത് വെള്ളം കെട്ടികിടക്കുന്ന തടങ്ങൾ പോലുള്ള നിലങ്ങളും ഉണ്ട്. നെല്ലിമറ്റം, കഴുതമറ്റം, പെരുമണ്ണൂർ, കൂത്തുകുഴി, കാട്ടാട്ടുകുളം, പോത്തുകുഴി, പുല്ലുകുത്തിപ്പാറ, മാരമംഗലം, കണ്ണാടിക്കോട്, നെടുമ്പാറ, കുറുംകൊളം, കരിമരുതും ചാൽ, പുലിയൻ പാറ എന്നിവിടങ്ങൾ (1,2,4 വാർഡുകൾ) പാറ ചേർന്ന കടുത്തമണ്ണാണ്. അതുകൊണ്ട് ഇവിടെ ഭൂമിയിൽ ജലാംശം തങ്ങിനിൽക്കുന്നില്ല. തന്മൂലം കൃഷിക്ക് പെട്ടന്ന് ഉണക്കുബാധിക്കുന്നു.

ഭൂവിനിയോഗം

പഞ്ചായത്തിൽ മൊത്തം 13,522 ഏക്കർ ഭൂമിയാണുള്ളത്. അതിൽ 612 ഏക്കർ വനഭൂമിയാണ്. 9248 ഏക്കർ പുരയിടവും 876 ഏക്കർ നിലവും ഉണ്ട്. 804 ഏക്കറോളം പലവിധ പുറമ്പോക്കുകളും, 1098 ഏക്കർ തോടുകളും, തോടുപുറമ്പോക്കുമുണ്ട്. 208 ഏക്കർ റോഡുകളും, 300 ഏക്കറോളം പാറയും, 376 ഏക്കർ ഗവ: ഉടമിയിലുള്ള ഭൂമിയുമാണ്.

കൃഷിയോഗ്യമായ ഭൂമികളിൽ ഉള്ള കൃഷിവിവരം താഴെ ചേർക്കുന്നു.

വിളയുടെ പേര്	ഏക്കർ- സെൻറ്
നെല്ല്	562.50
തെങ്ങ്	2403.75
റബ്ബർ	4620.00
കമുക്	138.25
കശുമാവ്	13.50
കുരുമുളക്	226.75
വാഴ	90.00
പച്ചക്കറി	28.00
മറ്റുകൃഷികൾ	201.25
ആകെ	10124.00

ഇതിൽ റബ്ബർ കൃഷി ചെയ്തിട്ടുള്ള പ്രദേശങ്ങളൊഴിച്ച് ബാക്കി പുരയിടങ്ങളിലെല്ലാം ഇടവിളയായി കൊക്കോ, ജാതി, കാപ്പി, വാഴ, പൈനാപ്പിൾ, മരച്ചീനി, ചേമ്പ്, ചേന, ഇഞ്ചി, മഞ്ഞൾ, തുടങ്ങിയ കൃഷികളും, പച്ചക്കറി കൃഷിയും ചെയ്തുതരുന്നു.

വിളവിസ്തീർണ്ണവും ഉത്പാദനവും

വിള	വിസ്തീർണ്ണം ഏക്കർ	മൊത്തം ഉത്പാദനം ഏക്കർ	ഉത്പാദനക്ഷമത/ഹെക്ടർ
നെല്ല്			
1,2,3 വിളകൾ			
ഉൾപ്പെടെ	562.50	614.80 ടൺ	2,120 കി.
തെങ്ങ്	2,403.75	5,72,200 എണ്ണം	6,120 എണ്ണം
റബ്ബർ	6,420.00	1,775 ടൺ	660 കി.
കമുക്	138.25	1,07,20,000 എണ്ണം	1,60,000 എണ്ണം
കശുവണ്ടി	13.50	4.750 ടൺ	790 കി.

കുരുമുളക്	266.75	46.50 ടൺ	285 കി.
വാഴ	90.00	276.00 ടൺ	9,200 കി.
പച്ചക്കറി	28.00	300.00 ടൺ	30,000 കി.
ഇഞ്ചി	157.50	268.00 ടൺ	3,350 കി.
കൊക്കോ	31.50	6.16 ടൺ	440 കി.
കപ്പ	45.00	440.00 ടൺ	22,000 കി.

ജൈവ സംമ്പത്ത്

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള മൃഗസംമ്പത്തിന്റെ വിവരങ്ങൾ

1	കന്നുകാലികൾ		
	നാടൻ മൂരികൾ	:	1570
	നാടൻ പശുക്കൾ	:	5283
	സങ്കരഇനം മൂരികൾ	:	1345
	സങ്കരഇനം പശുക്കൾ	:	4203
2.	എരുമ	:	315
	പോത്ത്	:	174
3.	ആട് മുട്ടൻ	:	1252
	ആട് പെൺ	:	1431
4.	പന്നി	:	1240
5.	പട്ടി	:	3241
6.	താറാവ്	:	221
7.	കോഴി (നാടൻ)	:	20,256
	കോഴി സങ്കരഇനം	:	2048

മൃഗങ്ങൾക്കും, കോഴി, താറാവ് തുടങ്ങിയവയക്കും കൊടുക്കുന്നതിനാവശ്യമായ ഭക്ഷണപദാർത്ഥങ്ങൾ നിർമ്മിക്കുന്ന വ്യവസായങ്ങളൊന്നും പഞ്ചായത്തിലില്ല. പുറമെനിന്നും വരുന്നവ വാങ്ങികൊടുത്തും, പഞ്ചായത്തിലുള്ള വനങ്ങളിലേയും, മറ്റുപ്രദേശങ്ങളിലേയും പച്ചിലകളും, പുല്ലും ശേഖരിച്ച് കൊടുത്തുമാണ് മൃഗങ്ങളെ സംരക്ഷിക്കുന്നത്.

മനുഷ്യ വിഭവം.

പഞ്ചായത്തിലെ ജനസംഖ്യ മനസിലാക്കുവാൻ എല്ലാ വാർഡുകളിലും, ചുമതലപ്പെടുത്തിയ കൺവീനർന്മാരും, ഡി. ആർ. പി മാരും, എൽ. ആർ. പി. മാരും, ബ്ലോക്ക് ഗ്രാമപഞ്ചായത്ത് മെമ്പർമാരും, സാക്ഷരതാ – സന്നദ്ധസംഘടനാപ്രവർത്തകരും പല ബാച്ചുകളായിതിരിഞ്ഞ് എല്ലാ വീടുകളും കയറി കൃത്യമായി ആൺ പെൺ തിരിച്ചുള്ള കണക്കുകൾ ശേഖരിക്കുകയുണ്ടായി. നമ്മുടെ പഞ്ചായത്തിൽ കുട്ടികളടക്കം 20,762 ആണുങ്ങളും, 20,642 സ്ത്രീകളും അടക്കം 41404 പേരുണ്ട്. പൊതുവെ ആരോഗ്യമുള്ള, മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് രോഗികൾ താരതമ്യേന കുറവുള്ള ആയുർദൈർഘ്യം കൂടുതലുള്ള ആളുകളാണ് ഈ പഞ്ചായത്തിലുള്ളത്. മറ്റു പ്രദേശങ്ങളിൽ നിന്നും കൃഷിക്കും, തൊഴിലിനും വേണ്ടി ഒട്ടേറെ പേർ ഈ പഞ്ചായത്തിൽ കുടിയേറി പാർത്തുകൊണ്ടിരിക്കുന്നു. പി. എച്ച്. ഡി., എം. ബി. ബി. എസ്., എൻജിനീയറിംഗ് തുടങ്ങിയ ഉന്നത ബിരുത ധാരികൾ അടക്കം സാമാന്യ വിദ്യാഭ്യസം ഉള്ളവരാണ് ഈ പഞ്ചായത്തിൽ 98% . സാക്ഷരതാ പ്രവർത്തനങ്ങൾ ജില്ലയിൽ ഏറ്റവും ഭംഗിയായി നിർവ്വഹിച്ച പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടേത്.

സർക്കാർ ഉദ്യോഗസ്ഥർ, സ്വന്തമായി ബിസനസ്സ് ചെയ്യുന്നവർ, കാർഷിക വൃത്തിയിൽ ഏർപ്പെട്ടിട്ടുള്ളവർ, കർഷക തൊഴിലാളികൾ മറ്റു നാനാതരം ജോലികൾ ചെയ്യുന്നവരടക്കം 60% ത്തോളം പേർക്ക് ജീവിതമാർഗത്തിനുള്ള തൊഴിലുകൾ ഉണ്ടെങ്കിലും ബാക്കിയുള്ള 40% ത്തിന് ജീവിത വൃത്തിക്കുള്ള വഴികൾ ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. തൊഴിലുള്ളവർത്തന്നെ ആവശ്യത്തിന് വരുമാന മില്ലാത്തവരും, ഭാഗികമായി മാത്രം തൊഴിലുള്ളവരുമാണ്.

വികസനമേഖലകളുടെ അവലോകനം.

പ്രാഥമിക മേഖല.

കൃഷിയും ജലസേചനവും.

നെല്ല്, ഇഞ്ചിപ്പുല്ല്.

കാർഷിക മേഖലയിൽ ആദ്യ കാലങ്ങളിൽ നെൽ കൃഷിയും, ഇഞ്ചിപ്പുൽ കൃഷിയും ആയിരുന്നു. വെള്ള മുള്ള നിലങ്ങളിൽ 2ഉം 3ഉം തവണയും, പുരയിടങ്ങളിൽ ഒരു തവണയും കൃഷിചെയ്തിരുന്നു. പാടങ്ങളിൽ ഇട്ടിക്കണ്ടപ്പൻ, ചുവന്നാരമുണ്ട, ചാര, വടക്കനാര്യൻ തുടങ്ങിയവയും, പറമ്പുകളിൽ മുണ്ടൻപെരുവാഴയു മായിരുന്നു കൃഷി ചെയ്തിരുന്നത്. ഇവയെല്ലാം ഉയരം കൂടിയവയും ധാരാളം വൈക്കോൽ തരുന്നവയും എ റെ രുചിയുള്ളവയും ആയിരുന്നു. എന്നാൽ വിളവ് കുറവലഭിക്കുമായിരുന്നുള്ളു. തൻമൂലം ഐ. ആർ. – 8, ത്രിവേണി, കുഞ്ഞുഞ്ഞ്, ജയ, എച്ച് – 4, രോഹിണി, പട്ടാമ്പി തുടങ്ങിയ അത്യുൽപ്പാദന ശേഷിയു ള്ള വിത്തുകൾ കൃഷിചെയ്യാൻ തുടങ്ങി. നെൽകൃഷി ലാഭകര മല്ലാതാകുകയും, തൊഴിലാളികളെ ലഭിക്കു വാൻ ബുദ്ധിമുട്ടു വരികയും ചെയ്തതോടെ നിലങ്ങൾ കൂടുതലും പുരയിടങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. നെൽ കൃഷി ലാഭകരമായി നിലനിർത്തുവാൻ കൃഷിക്കാരനെ ആത്മാർദ്ധമായി സഹായിച്ചാൽ മാത്രമേ ക ഴിയുകയുള്ളു. നെല്ലിന് താങ്ങുവില നിശ്ചയിക്കയും ജലസേചന സൗകര്യം, വളം, വൈദ്യുതി, രോഗപ്രതിരോ ധ മാർഗ്ഗങ്ങൾ തുടങ്ങിയവ സൗജന്യ നിരക്കുൽ ലഭിക്കുകയും, അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ ല ഭ്യമാക്കുകയും ചെയ്താൽ കാർഷിക മേഖല മെച്ചപ്പെടും.

ആദ്യകാലങ്ങളിൽ, ഈ മേഖലയിലെ ഏക നാണ്യവിള ഇഞ്ചിപ്പുൽ കൃഷിയായിരന്നു. ഇഞ്ചിപ്പുല്ല് ചെമ്പിൽ വാറ്റി ഉത്പ്പാദിപ്പിക്കുന്ന തൈലം പല രോഗങ്ങൾക്കും പ്രതിരോധ ഔഷധങ്ങൾ നിർമ്മിക്കുന്നതിനും, സുഗ ന്ധദ്രവ്യങ്ങൾ നിർമ്മിക്കുന്നതിനും ഉപയോഗിച്ചുവരുന്നു. നല്ല വിലലഭിക്കുന്ന ഒരു നാണ്യ വിളയാണ് ഇതെ ങ്കിലും ഇപ്പോൾ ഈ പ്രദേശങ്ങളിൽ നാമമാത്രമായിട്ടു മാത്രമേ ഈ കൃഷി കാണപ്പെടുന്നുള്ളു. ഇതിനേക്കാൾ ബുദ്ധിമുട്ട് കുറവുള്ള തെങ്ങ്, റബ്ബർ, കുരുമുളക് തുടങ്ങിയ നാണ്യവിളകൾ കൃഷി ചെയ്യുവാൻ തുടങ്ങിയ തോടെ യാണ് ഇഞ്ചിപ്പുൽ, കൃഷിയുടെ കഷ്ടകാലം ആരംഭിച്ചത്.

തെങ്ങ്

നാണ്യവിളയിൽ മുഖ്യനായിരുന്നു തെങ്ങ്. പക്ഷെ ഈസ്ഥാനം ഇന്ന് റബ്ബർ കൈയടക്കി. തെങ്ങിന് രോഗ പ്രതിരോദധം മതിയായരീതിയിൽ ഇല്ലാത്തതും വിലക്കുറവുമാണ് ആ കൃഷി കുറയാൻ പ്രധാന കാരണം. മുൻ കാലങ്ങളിൽ കൃഷിചെയ്തിരുന്ന നാടൻ തെങ്ങുകൾ നല്ലപ്രതിരോധ ശക്തി ഉള്ളവയും, ദീർഘകാലം ഫലം തരുന്നവയും ആയിരുന്നു. എന്നാൽ ഇവയിൽ നിന്ന് ലഭിക്കുന്ന വാർഷികാദായം കുറവായതുകൊ ണ്ട് ജനങ്ങൾ അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ തേടിപോകുവാൻ തുടങ്ങി. റ്റി x ഡി, ഡി x റ്റി, ലക്ഷദ്വീപ്, തുടങ്ങയ അത്യുൽപപ്പാദന ശേഷിയുള്ള ഇനങ്ങൾ അങ്ങനെ രംഗപ്രവേശനം ചെയ്തു. ഈ തെങ്ങുകൾ പെട്ടെന്നും, ധാരാളമായും ഫലങ്ങൾ തരുമെങ്കിലും രോഗപ്രതിരോധ ശക്തി ഇവയ്ക്ക് തീർത്തും കുറവാണ്. മാത്രമല്ല നാടൻ തെങ്ങുകൾ 60, 75 വർഷം വരെ ഫലം തരുമ്പോൾ ഈ തെങ്ങു കൾ 25 –30 വർഷത്തിൽ കൂടുതൽ നിലനിൽക്കുന്നില്ല. കൈഒടിയൽ, ഓല മഞ്ഞിപ്പ്, കൂമ്പുചീയൽ തുട ങ്ങിയ രോഗങ്ങൾ ഈതെങ്ങിൻ തൈകൾക്ക് വളരെ കൂടുതലായി കാണുന്നു. ദീർഘകാലം വിളവുതരുന്ന വയും, രോഗപ്രതിരോധ ശക്തിയുള്ളവയും, അത്യുൽപ്പാദന ശേഷിഉള്ളവയുമായ പുതിയയിനം തെങ്ങുകളെ കണ്ടെത്തേണ്ടിയിരിക്കുന്നു. കേടുവന്ന തെങ്ങുകൾ മുഴുവൻ വെട്ടിമാറ്റിയും, രാസവള പ്രയോഗം പരമാവ ധി കുറച്ച് കൂടുതൽ ജൈവ വളങ്ങൾ ഉപയോഗിക്കുവാൻ പ്രരിപ്പിക്കുയും, ജലസേചനത്തിന് മതിയായ സൗ കര്യങ്ങൾ ഉണ്ടാക്കുകയും മരുന്നുതളി വ്യാപകമാക്കുകയും വേണം. റബ്ബർ ബോർഡ് പോലെ തെങ്ങുകൃ ഷിക്കാരന് എല്ലാവിധ സഹായ സഹകരണങ്ങളും ലഭിക്കുവാൻ ഉതകുന്ന കേരബോർഡ് പ്രവർത്തനം കാ ര്യക്ഷമമാക്കണം. കൃഷി ഭവനുകളിൽ നിന്നും കേരകർഷകന് ആവശ്യമായ മാർഗ്ഗനിർദേശങ്ങളും സഹായ സഹകരണങ്ങളും, ലഭ്യമാക്കണം. നാളീകേരത്തിന് മതിയായ വില ലഭിക്കുന്നതിനാവശ്യമായ വിപണനസൗ കര്യങ്ങൾ ഉണ്ടാക്കണം. തെങ്ങിൽ നിന്നും ലഭിക്കുന്ന മടൽ, ചകിരി തുടങ്ങിയവയ്ക്ക് വില ലഭിക്കുകയും, ചകിരി ചോറുകൊണ്ടുള്ള വള നിർമ്മാണവും, ചകിരിനാരുകൊണ്ടുള്ള വ്യവസായങ്ങളും ആരംഭിക്കേണ്ടിയി രിക്കുന്നു.

കമുക്.

ആദ്യകാലങ്ങളിൽ ഒരു മുഖ്യ നാണ്യവിളയായിരുന്നു കമുക്. നാടൻ കമുകുകളാണ് അന്ന് കൃഷിചെയ്തി രുന്നത്. ഈ കമുക് കാലക്രമേണ പ്ലേഗ് രോഗം ബാധിച്ചുനശിക്കുകയുണ്ടായി. പിന്നീട് കാസർകോടൻ, മം

ഗള, സുമംഗള, ശ്രീമംഗള തുടങ്ങിയ അത്യുൽപ്പാദന ശേഷിയുള്ള കമുകിനങ്ങൾ കൃഷിചെയ്യുവാൻ തുടങ്ങി. ഈ കമുകിന് ധാരാളം വളവും രോഗ പ്രതിരോധ ശുശ്രൂഷയും ജലസേചന സൗകര്യവും ആവശ്യമാണ്. ക്രമാനുസൃതമായ പരിപാലനം ഉണ്ടായാൽ നല്ല നിലയിലും ദീർഘകാലത്തേക്കും ആദായം തരുന്ന ഒരു നാണ്യവിളയായി കമുകിനെ നമുക്ക് മാറ്റാൻ സാധിക്കും.

റബ്ബർ

ഇപ്പോൾ സംസ്ഥാനത്തിന് ഏറ്റവും കൂടുതൽ വരുമാനം തരുന്ന ഒരുനാണ്യ വിളയായി റബ്ബർ ഒന്നാം നിരയിൽ എത്തിയിട്ടുണ്ട്. ദിവസവും വരുമാനം കിട്ടുന്ന ഒരു കൃഷി എന്നനിലയിൽ റബ്ബർ നമ്മുടെ പഞ്ചായത്തിൽ ചെറിയ തുണ്ടു ഭൂമിയിൽ പോലും ജനങ്ങൾ ധാരാളമായി കൃഷിചെയ്യുന്നു. ആദ്യ കാലങ്ങളിൽ കൃഷിചെയ്തിരുന്ന നാടൻ ഇനങ്ങൾക്ക് ആദായം കുറവായിരുന്നു എങ്കിലും വലിപ്പമുള്ള തടികൾ ലഭിക്കുകയും രോഗപ്രതിരോധ ശക്തി കൂടുതലായി കാണിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ ആത്യുൽപ്പാദനശേഷിയുള്ള ആർ. ആർ. ഐ. എം 600 – 105 തുടങ്ങിയ ഇനങ്ങളാണ് കൂടുതൽ കൃഷിചെയ്യുന്നത്. ഇവയ്ക്ക് ആത്യൽപ്പാദന ശേഷിയുണ്ട് പക്ഷെ രോഗങ്ങൾ കൂടുതലും, കാറ്റത്തു ധാരാളം ഒടിയുന്ന സ്വഭാവം ഉള്ളവയും, തടികൾ കൂടുതൽ വളരാത്തവയും ആണ്. അത്യുൽപ്പാദന ശേഷി ഉള്ളതും, പ്രതിരോധ ശക്തി ഉള്ളതും, കൂടുതൽ വളരുന്നതുമായ വിത്തിനങ്ങൾ കണ്ടുപിടുച്ച് കൃഷിക്കാർക്ക് നൽകുകയും ശാസ്ത്രീയമായി കൃഷിചെയ്യുന്നതിനുള്ള ഉപദേശങ്ങളും സഹായങ്ങളും ഇന്നത്തേതിലും കാര്യക്ഷമമായി റബ്ബർ ബോർഡ്വഴി കൊടുക്കുകയും വേണം. റബ്ബർ മരങ്ങൾ ടാപ്പുചെയ്യുന്നതെഴിലാളികളെ കിട്ടുവാൻ ബുദ്ധിമുട്ടുനേരിടുന്നതിനാൽ ഈ പണികൾ യന്ത്രവൽകൃതമായി ചെയ്യുന്നതിനാവശ്യമായ കണ്ടുപിടുത്തങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. റബ്ബർ ബോർഡ് ഈ കാര്യങ്ങളിലൊക്കെ കൂടുതൽ ശ്രദ്ധിക്കേണ്ടതാവശ്യമാണ്. റബ്ബർതടി സംസ്ക്കരിച്ച് വീട്ടുപകരണങ്ങളും, ഗൃഹനിർമ്മാണ വസ്തുക്കളും നിർമ്മിക്കുന്നതിന് കൂടുതൽ ഗവേഷണങ്ങൾ നടത്തണം. റബ്ബർ കൊണ്ട് റോഡുകൾ നിർമ്മിക്കുന്നതും പുതിയപുതിയവസ്തുക്കൾ ഉത്പ്പാദിപ്പിക്കുന്നതും വ്യാപകമാക്കണം. റബ്ബറിൽ വരുന്ന ചീക്ക്, പട്ടമരവിപ്പ്, മുതലായ രോഗങ്ങൾക്ക് ഫലപ്രദമായ പ്രതിരോധമാർഗ്ഗങ്ങൾ കണ്ടുപിടിക്കണം. ഉത്പ്പാതന ചിലവുകൾക്കനുസൃതമായ വരുമാനം ലഭിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം.

കശുമാവ്

ഈ കൃഷി പഞ്ചായത്തിലിപ്പോൾ വളരെ കുറഞ്ഞുവരികയാണ്. റബ്ബർ കൃഷിക്ക് യോഗ്യമല്ലാത്ത ചെങ്കൽ പ്രദേശത്തും വരൾച്ച കൂടുതലുള്ള പ്രദേശങ്ങളിലും കശുമാവ് കൃഷിചെയ്യാം. വളരെ ഏറെ പോഷകാംശമുള്ള കശുവണ്ടിപരിപ്പ് ലഭ്യമാക്കുന്ന കശുമാവ് കൃഷി ഉപയോഗശൂന്യമായിക്കിടക്കുന്ന പ്രദേശങ്ങളിൽ പോലും ചെയ്യാവുന്നതാണ്. ഗ്രാഫ്റ്റ് ചെയ്ത അത്യുൽപ്പാദനശേഷിയുള്ള വിവിധയിനം കശുമാവുകൾ ഇപ്പോഴുണ്ട്. ഇവയുടെ വിത്തുകൾ എല്ലാ വികസന ആഫീസുകൾ വഴി ലഭ്യമാക്കി വ്യാപകമായി കശുമാവ് ഈ പഞ്ചായത്തിലുടനീളം കൃഷി ചെയ്യുന്നതിന് ഏർപ്പാടുകൾ ഉണ്ടാക്കേണ്ടതാണ്.

കുരുമുളക്.

പറമ്പുകളിൽ ഇടവിളയായി തെങ്ങിലും, അതിരുകളിലുമെല്ലാം കുരുമുളക് കൃഷിചെയ്യാം. നല്ലവരുമാനം ഉണ്ടാക്കാവുന്ന കരിമുണ്ട പന്നിയൂർ 1, തുടങ്ങിയ ഇനങ്ങൾ ഇപ്പോൾ ലഭ്യമാണ്. ഇവയുടെ വിത്തുകൾ കൃഷിക്കാർക്ക് ലഭ്യമാക്കുകയും രോഗപ്രതിരോധത്തിനും, വള പ്രയോഗത്തിനും, ആവശ്യമായ സഹായങ്ങൾ ചെയ്യുകയും ചെയ്താൽ നല്ല വരുമാനം ഉണ്ടാക്കാവുന്ന കൃഷിയാണിത്.

വാഴ

ഒരുവർഷംകൊണ്ട് ആദായംകിട്ടുന്ന ഹ്രസ്വകാല വിളയായ വാഴകൃഷി ഈ മേഖലയിലെ കൃഷിക്കാർക്ക് ഏറ്റവും താൽപ്പര്യമുള്ളഇനമാണ് ഏത്തവാഴ, ഞാലിപ്പൂവൻ, പാളയം കോടൻ, പൂവൻ, ചുണ്ടില്ലാകണ്ണൻ, കാളി, റോബസ്റ്റാ തുടങ്ങി നിരവധിയിനം വാഴകൾ ഈ പ്രദേശത്തുണ്ട്. കുറ്റില, ചെള്ളു തുടങ്ങിയരോഗങ്ങൾ വാഴത്തോട്ടത്തെ മുഴുവൻതന്നെ നശിപ്പിച്ചുകളയാറുണ്ട്. വാഴക്കന്ന് ശേഖരിക്കുന്നത് മുതൽ കുലവെട്ടുന്നത് വരെ വാഴകൃഷിയിൽ ശ്രദ്ധവേണം. നട്ടുകഴിഞ്ഞാൽ 15 ദിവസം ഇടവിട്ട് വളം ചെയ്യുന്നത് നല്ലതാണ്. വേപ്പിൻ പിണ്ണാക്ക്, കോഴിവളം, തുടങ്ങിയവ വാഴയ്ക്ക് രോഗപ്രതിരോധശക്തി കൊടുക്കുകയും, കൂടുതൽ ആദായം നൽകുകയും ചെയ്യുന്നു യഥാസമയം ജലസേചനം ഈ കൃഷിക്കാവശ്യമാണ്. പച്ചില വളങ്ങളും വാഴകൃഷിക്ക് നല്ലവിളവ് ലഭിക്കുവാൻ ഏറെപ്രയോജനം ചെയ്യും. വാഴകൃഷി എല്ലാവർക്കും തുണ്ടുഭൂമികളിൽ പോലും ചെയ്യാവുന്നതുകൊണ്ടും എത്രഉത്പ്പാദിപ്പിച്ചാലും നല്ല വിലകിട്ടുന്നത് കൊണ്ടും പഞ്ചായത്തിലെ മുഴുവൻപേരും ഈകൃഷി ചെയ്യുന്നതിന് വേണ്ട പ്രോത്സാഹനം കൃഷിഭവനിൽനിന്നും നൽകേണ്ടതാണ്.

കൊക്കൊ

റബ്ബർ തോട്ടങ്ങളിൽ പോലും വളരുന്ന കൊക്കോ തെങ്ങിൻ തോട്ടങ്ങളിലും, കമുകിൻ തോട്ടങ്ങളിലും മറ്റിതര കൃഷിയിടങ്ങളിലും ഇടവിളയായി കൃഷിചെയ്യുന്നു. കൃഷിക്കും പരിപാലനത്തിനും മറ്റുള്ളവയെപോലെ ബുദ്ധിമുട്ടില്ലാത്ത ഈകൃഷി നല്ലആദായം നല്കുന്നതാണ്. കൊക്കൊ തനിച്ചും പറമ്പുകളിൽ കൃഷിചെയ്യുന്നുണ്ട്. നല്ലയിനം ബഡ് കൊക്കൊതൈകൾ ധാരാളം ആദായം നൽകുന്നതാണ്. അതുകൊണ്ട് അത്യുത്പ്പാതന ശേഷിയുള്ള കൊക്കൊതൈകൾ വ്യാപകമായി കൃഷിചെയ്യാവുന്നതാണ്.

കാപ്പി

ഈ കൃഷിയും പറമ്പുകളിൽ മറ്റു നാണ്യവിളകളുടെ ഇടകൃഷിയായി ചെയ്യാവുന്നതാണ്. നാടൻ, റോബസ്റ്റ, കാവേരി തുടങ്ങി നിരവധി ഇനം കാപ്പികൾ ഉണ്ട്. ചോലയുള്ള കുന്നിൻ പ്രദേശങ്ങളിൽ പോലും കാപ്പി കൃഷി ചെയ്യാം. കാര്യ മായ വ്ളം ആവശ്യമില്ല. അതുകൊണ്ട് ഈ പഞ്ചായത്തിൽ എല്ലായിടത്തും ഈ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ഇഞ്ചി

പഴക്കം ചെന്ന പറമ്പുകളിൽ ഇഞ്ചികൃഷി ചെയ്യാവുന്നതാണ്. ധാരാളം മഴ ലഭിക്കുന്നതു കൊണ്ട് ഒരുകാലത്ത് ഈ മേഖലകളിൽ വ്യാപകമായി ഇഞ്ചികൃഷി ചെയ്തിരുന്നു. രോഗങ്ങൾ വന്ന് കൂടുതൽ നശിച്ചുപോകുന്നതുകൊണ്ടും വിലയിടിവുകൊണ്ടും ഇപ്പോൾ ഈകൃഷി ക്ഷയിച്ചുവരികയാണ്. നല്ലരീതിയിൽ വളം ചെയ്ത് രോഗപ്രതിരോധമർഗ്ഗങ്ങൾ സ്വീകരിച്ചാൽ നല്ല ആദായം തരുന്ന ഇഞ്ചികൃഷി വ്യാപകമായി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കപ്പ

പഞ്ചായത്തിൽ അരികഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഭക്ഷണമാണ് മരച്ചീനി. ആറുമാസം മുതൽ ഒരു കൊല്ലം വരെ വളർച്ചയുള്ള മരച്ചീനി കാര്യമായ രോഗങ്ങളൊന്നും ബാധിക്കാത്തതിനാൽ എല്ലായിടത്തും കൃഷി ചെയ്യാവുന്നതാണ്. ആറുമാസം തണ്ട് ഒരുപൂനിലങ്ങളിൽ നെൽകൃഷിക്കുശേഷം നടാവുന്നതാണ്. കപ്പകൃഷി ഇല്ലാത്ത ഒരു പറമ്പും ഈ പഞ്ചായത്തിൽ കാണാൻ വിഷമമാണ്. എലിശല്യമാണ് കപ്പകൃഷിയെ നേരിടുന്ന പ്രധാന പ്രശ്നം. ആയതിനാൽ എലി നശീകരണം മറ്റു കൃഷികൾക്കെന്നപോലെ ഒഴിച്ചുകൂടാനാവാത്ത ഒരുകാര്യമായി നാം ഏറ്റെടുക്കേണ്ടതാണ്.

എള്ള്

മകരംപൂ കൃഷി കഴിഞ്ഞതിന് ശേഷം നിലങ്ങളിൽ വയൽ എള്ളും ഇഞ്ചികൃഷിക്കുമുമ്പ് പറമ്പുകളിൽ കാരെള്ളും കൃഷിചെയ്തുവരുന്നു മൂന്നുമാസം കൊണ്ട് നല്ല ആദായം തരുന്ന ഒരിനമാണ് എള്ള്. കാര്യമായ വളമോ, ശുശ്രൂഷയോ ഒന്നും ആവിശ്യമില്ലാത്ത, ചിലവ്കുറഞ്ഞ ഈകൃഷി പഞ്ചായത്തിലുടനീളം പ്രോത്സാഹിപ്പിക്കാവുന്നതാണ്.

പച്ചക്കറികൃഷി

മനുഷ്യന്റെ ആരോഗ്യകരമായ ജീവിതത്തിൽ ആവശ്യമായ ഇനമാണ് പച്ചക്കറി, പാവൽ, പടവലം, വെണ്ട, കോവൽ തുടങ്ങി 20 തിലധികം ഇനം പച്ചക്കറികളുണ്ട്. ചുരുങ്ങിയ ദിവസത്തിനുള്ളിൽ ആദായം തരുന്ന കൃഷിയാണിത്. ഏറ്റവും പ്രതിരോധശക്തികുറഞ്ഞതും, ജലാംശം ആവശ്യമുള്ളതും, കീടശല്യമുള്ളതും, വളം ആവശ്യമുള്ളതുമായ ഈ കൃഷി ദൈനംദിന പരിപാലനത്തിൽ മാത്രമേ സംരംക്ഷിക്കാനാകൂ. ഇവിടുത്തെ ജനങ്ങൾക്കാവശ്യമുള്ള പച്ചക്കറികളിൽ 80% ത്തിലേറെ വിപണിയിൽ നിന്ന് വാങ്ങി ഉപയോഗിക്കുന്നു. കാർഷീക മേഖലക്കും നമ്മുടെ പഞ്ചായത്തിനും ഇത് ഭൂഷണമല്ല. പച്ചക്കറികൃഷി വ്യാപകമാക്കുന്നതിന് ജില്ലാപഞ്ചായത്തിന്റെ സഹകരണത്തോട് കൂടി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. നെൽകൃഷിക്കുശേഷം നിലങ്ങളിലും രണ്ട് സെന്റ് ഉടമകളുടെ ഭൂമികളിലും ടെറസ്സുകളിൽ പോലും സ്വന്ത ആവശ്യത്തിനെങ്കിലും പച്ചക്കറി ലഭിക്കുവാൻ ആവശ്യമായ കൃഷിചെയ്യുവൻ സമഗ്ര പച്ചക്കറി വികസന പദ്ധതിക്കു പരിപാടി ഇട്ടിട്ടുണ്ട്. നല്ലയിനം വിത്തുകളും, വളവും കീടനാശിനികളും, വിദഗ്ദ ഉപദേശവും ഇതിലേക്കായി ഏലാ ആഫീസിന്റെ സഹായത്തോടെ പരമാവധി പേർക്കു നൽകുവാൻ നിശ്ചയിച്ചിട്ടുണ്ട്. സ്വന്തമാവശ്യത്തിന് സംശുദ്ധമായ പച്ചക്കറി സ്വന്തമായി കൃഷിചെയ്യുക എന്നലക്ഷ്യത്തിന് നാം കൂടുതൽ ഊന്നൽ കൊടുക്കേണ്ടതാണ്.

കാർഷികമേഖലയിലെ പ്രശ്നങ്ങൾ

മലയോര സ്വഭാവമുള്ള കുന്നും മേടും നിറഞ്ഞ ഈ പ്രദേശത്ത് മണ്ണൊലിപ്പ് വലിയ പ്രശ്നമാണ്. പഞ്ചാ

യത്തിന്റെ മുഴുവൻ മേഖലകളിലും മണ്ണൊലിപ്പു തടയുന്നതിനുള്ള ഇടകയ്യാലകൾ നിർമ്മിക്കുന്നതിന് ആടിയന്തിര പരിഗണന ആവശ്യമാണ്. അതുപോലെ തന്നെ ചരിവിൻ പ്രദേശങ്ങൾ തട്ടുകളാക്കി ലവൽ ചെയ്യാത്തതും പ്രശ്നമാണ്. നാണ്യവിളകൃഷി മെച്ചപ്പെടുത്തുന്നതിന് ഈ പ്രവർത്തനങ്ങൾക്ക് മുൻഗണന കൊടുക്കേണ്ടതാണ്. നെൽകൃഷി ഉള്ള മേഖലകളിൽ വർഷകാലത്തു തോട്ടുനടകൾതകർന്നു വ്യാപകമായ കൃഷി നാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. വിവിധയിനം മണ്ണ് പരിശോധിച്ച് പോരായ്മകൾ കണ്ടുപിടിച്ചിട്ടില്ല. മണ്ണു പരിശോധനാ വ്യാപകമാക്കണം. തരിശു പുരയിടങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കൃഷിചെയ്യണം. നെൽകൃഷി നഷ്ടമായതുകൊണ്ട് പാടങ്ങൾ പുരയിടങ്ങളാക്കി കെട്ടിട നിർമ്മാണത്തിനും നാണ്യവിള കൃഷി ചെയ്യുന്നതിനും ഉപയോഗിച്ചുവരുന്നു. ഭാരിച്ച കൃഷിചിലവും തൊഴിലാളികളുടെ ദൗർലഭ്യവും നിമിത്തം 3 പു കൃഷിചെയ്യുന്ന നിലങ്ങൾ പോലും പഞ്ചായത്തിന്റെ ചിലയിടങ്ങളിൽ തരിശിടുന്നു. ജലസേചന സൗകര്യത്തിനുള്ള കനാലുകളും ലിഫ്റ്റ് ഇറിഗേഷനും മറ്റും നാമമാത്രമാണ്. സുലഭമായി ലഭിച്ചുകൊണ്ടിരുന്ന പച്ചില, ചാണകം തുടങ്ങിയ ജൈവവളങ്ങൾ കിട്ടാനില്ല. തുടർച്ചയായി രാസ വളങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് മണ്ണിന്റെ ഫലപുഷ്ടി, രോഗപ്രതിരേധ ശക്തി എന്നിവ കുറഞ്ഞു കൊണ്ടിരിക്കുന്നു. നല്ലയിനം നടീൽ വസ്തുക്കൾ യഥാസമയം കിട്ടാനില്ല. കീടനാശിനികൾക്കെല്ലാം അന്യായ വില വർദ്ധനവ് മൂലം കൃഷിക്കാരന് ഉപയോഗിക്കാൻ കഴിയാതെവരുന്നു. കൃഷിപ്പണി ചെയ്യാനുള്ള കർഷകതൊഴിലാളികളുടെ ദൗർലഭ്യവും, പുതിയതലമുറക്ക് കൃഷയോടുള്ള അവജ്ഞയും ഈ മേഖലക്ക് കടുത്ത വെല്ലുവിളിയാണ്. ട്രാക്ടർ, തെങ്ങുകയറ്റ യന്ത്രം, നടീൽയന്ത്രം തുടങ്ങിയവ സബ്സിഡി നിരക്കിൽ സുലഭമാക്കണം. ഉൽന്നങ്ങൾക്കു വിളവെടുക്കുന്ന സമയം ഉത്പാദന ചിലവിനനുസരിച്ച് ലാഭകരമായ വില ലഭിക്കുന്നില്ല. കൃഷിയിറക്കുന്നതിന് സഹകരണസംഘങ്ങളിൽ നിന്നൊഴിച്ച് മറ്റു സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും യഥാസമയം വായ്പ്പകൾ ലഭിക്കുന്നില്ല. ഉത്പ്പന്നങ്ങൾ സംസ്ക്കരിക്കുന്നതിന് സൗകര്യങ്ങളില്ല. നിലവിലുള്ള ജലസേചന പദ്ധതികൾ പോലും പ്രയോജന പ്രദമായി ഉപയോഗിക്കുവാൻ കഴിയുന്നില്ല. കൃഷി ഭവനുകളിൽനിന്നും. നല്ലയിനം വിത്തുകൾ, വളം, കീടനാശിനി, സബ്സിഡികൾ, ഉപദേശനിർദ്ദേശങ്ങൾ തുടങ്ങുയവയൊന്നും യഥാസമയം മതിയായരീതിയിൽ ലഭിക്കുന്നില്ല.

കാർഷീകരംഗത്ത് ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

നെൽകൃഷിയുടെ ഉത്പ്പാതനം വർദ്ധിപ്പിക്കുന്നതിന് മുൻഗണന നൽക്കേണ്ടതാണ്. അതിനായി ജലസേചന സൗകര്യങ്ങൾ അടിയന്തിരമായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. മൂവാറ്റുപുഴ വാലി പദ്ധതിയുടെ ഇടതുകര കനാൽ തൊട്ടടുത്തുള്ള പല്ലാരിമംഗലം, പോത്താനിക്കാട് പഞ്ചായത്തുകളിൽ കൂടി കടന്ന്പോകുന്നുണ്ട്. ഈ കനാൽ പല്ലാരിമംഗലം പഞ്ചായത്തിൽ നിന്നും ഈ പഞ്ചായത്തിലെ മാരമംഗലം കണ്ണാടിക്കോട്, നെല്ലിമറ്റം, കുത്തുകുഴി, പോത്തുകുഴി, കട്ടാട്ടുക്കുളം, കവളങ്ങാട്, പുലിയൻപാറ, കുറുംകുളം, കരിമരുംതുംചാൽ, വാളാച്ചിറ, തുടങ്ങിയ ഭാഗങ്ങളിലേക്ക് നീട്ടിയാൽ ഈഭാഗത്തുള്ള ജലക്ഷാമം പരിഹരിക്കാം. പെരിയാർവാലി കോതമംഗലം ബ്രാഞ്ച് കനാൽ കുത്തുകുഴിയിൽ എത്തിനിൽക്കുന്നത് വായനശാലപടിക്കുമുകളിൽനിന്നും കിഴക്കോട്ട് ഒരു ബ്രാഞ്ചുകനാൽ നിർമ്മിച്ച് കുത്തുകുഴിത്തോട്ടിൽ ചാടിച്ചാൽ ടി തോടിന്റെ ഇരുകരയിലുമുള്ള കർഷകർക്ക് പ്രയോജനം ചെയ്യും. കൂടാതെ പരീക്കണ്ണി പുഴയിൽ കോഴിപ്പാറ കടവിലും കോടിക്കരകടവിലും ഓരോ ചെക്കുഡാം നിർമ്മിച്ചാൽ ഈപ്രദേശങ്ങളിലെല്ലാം ജലസേചനത്തിനാവശ്യമായ വെള്ളം മോട്ടോറുകൾ ഉപയോഗിച്ച് ലിഫ്റ്റ് ചെയ്യാൻ സാധിക്കും, പെരിയാറ്റിൽ നേര്യമംഗലം പാലത്തിന് സമീപത്തു നിന്നും വില്ലാംചിറയിൽ വെള്ളം ലിഫ്റ്റ്ചെയ്ത് അവിടെനിന്നും വെള്ളാപാറ, തലക്കോട്, പുത്തൻകുരിശ്, ഊന്നുകൽ, നമ്പൂരിക്കൂപ്പ് വഴി ഒരു കനാലും, 10 സെന്റ് കോളനി, ഒരേക്കർ കോളനി, അള്ളുങ്കൽ, തേൻകുങ്കട് പരീക്കണ്ണിവഴി മറ്റൊരുകനാലും, നേര്യമംഗലം, 90 സെന്റ്, 46 ഏക്കർ കോളനി, മണിയൻപാറ, ചെമ്പൻകുഴി, നീണ്ടപാറവരെ മറ്റൊരുകനാലും, മണിരുതുംചാൽ, ആവോലിച്ചാൽ, പുലിച്ചുവട്, തടിക്കുളം, നമ്പൂരിക്കൂപ്പ് വരെ മറ്റൊരു കനാലും നർമ്മിച്ച് വെള്ളമെത്തിക്കാം. തടിക്കുളം തറപ്പിൽ പടിയിലും, കാരോത്തു പടിയിലും ഓരോപുതിയ ചെക്കുഡാമുകൾ നിർമ്മിച്ചാൽ ഈപ്രദേശത്തെ ജലക്ഷാമം കുറെ പരിഹരിക്കാം.

പഞ്ചായത്തുവക കാഞ്ഞിരംപാറ കുളം, കവളങ്ങാട് ചിറ, അറക്കക്കുടി കുളം, വാരിയത്തുചിറ, 46 ഏക്കർ കുളം എന്നിവയും പഞ്ചായത്തിന് ലഭിച്ചിട്ടുള്ള സ്ഥലത്ത് വില്ലാംചിറയിലും, ആവോലിച്ചാലിലും, മേന്തണ്ട് ഭാഗത്തും വെള്ളാമകുത്തിലും കുളംതാഴ്ത്തി ഭിത്തികെട്ടി മോട്ടോർ പമ്പുവച്ചാൽ കുറെയേറെ ജലക്ഷാമം പരിഹരിക്കാൻ സാധിക്കും. നീണ്ടപാറയിലും, ചെമ്പൻകുഴിയിലും പെരിയാറ്റിൽ നിന്നും ഓരോ മിനിലിഫ്റ്റ് ഇറിഗേഷനും പരീക്കണ്ണി പുഴയിൽ ഉപ്പുകുഴിയിൽ നിന്നും കാപ്പിത്തോട്ടം, തേങ്കോട് ഭാഗത്തേക്കും, പരീക്കണ്ണിഭാഗത്തുനിന്ന് ഓലിയും, കാടിമറ്റം പരീക്കണ്ണി ഭാഗത്തേക്കും വാളാചിറ, കരിമരുതുംചാൽ എന്നിവിടങ്ങളിൽ നിന്നും ആമേഖലകളിലേക്കും, കണ്ണാടുക്കോട് ഭാഗത്തുനിന്ന് ആമേഖലകളിലേക്കും ഓരോ മിനിലിഫ്റ്റ് ഇറിഗേഷൻ ഏർപ്പടുത്തിയാൽ കുറയേറെ ജലക്ഷാമം പരിഹരിക്കാൻ കഴിയും. നെൽകൃഷി മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പാടശേഖരങ്ങളുടെ തോട്ടു നടകൾ ആടിയന്തിരമായി നിർമ്മിക്കേണ്ടതാണ്.

1. കുത്തുകുഴി പാടശേഖരത്തിന്റെ കുത്തുകുഴി തോടുസൈഡ്.
2. കോട്ടപ്പാടം പാടശേഖരത്തിന്റെ തോട്ടുനട.
3. പെരുമണ്ണൂർ പാടശേഖരത്തിന്റെ തോട്ടുനട.
4. പോത്തുകുഴി പാടശേഖരത്തിന്റെ തോട്ടുനട.
5. ചേറാടി പാടശേഖരത്തിന്റെ തോട്ടുനട.
6. കവളങ്ങാട് പാടശേഖരത്തിന്റെ തോട്ടുനട.
7. പരുത്തിമാലി പാടശേഖരത്തിന്റെ തോട്ടുനട.
8. തടിക്കുളം പാടശേഖരത്തിന്റെ തോട്ടുനട.
9. തേങ്കോട് പാടശേഖരത്തിന്റെ തോട്ടുനട.
10. പുത്തൻകുരിശ് പാടശേഖരത്തിന്റെ തോട്ടുനട.
11. അളളുങ്കൽ പാടശേഖരത്തിന്റെ തോട്ടുനട.
12. ചുള്ളികണ്ടം പാടശേഖരത്തിന്റെ തോട്ടുനട.
13. തലക്കോട് പാടശേഖരത്തിന്റെ വില്ലാംചിറ മുതൽ വെള്ളാമകുത്ത് ചെക്കുഡാം വരെയുള്ള തോട്ടുനട.
14. മണിമരുതുംചാൽ പാടശേഖരത്തിന്റെ തോട്ടുനട.
15. നേര്യമംഗലം പാടശേഖരത്തിന്റെ തോട്ടുനട.
16. ആട്ടാറുവേലി പാടശേഖരത്തിന്റെ തോട്ടുനട.
17. ചെന്നേക്കാട്ടുപടി പാടശേഖരത്തിന്റെ തോട്ടുനട.
18. നേര്യമംഗലം – കോളനി പാടശേഖരത്തിന്റെ തോട്ടുനട.
19. മണിയൻ പാറ പാടശേഖരത്തിന്റെ തോട്ടുനട.
20. കാഞ്ഞിരം പാറ – പന്നിക്കൽ പാടശേഖരത്തിന്റെ തോട്ടുനട.
21. മാരമംഗലം വലിയകണ്ടം പാടശേഖരത്തിന്റെ തോട്ടുനട.
22. ചെമ്പൻകുഴി പാടശേഖരത്തിന്റെ തോട്ടുനട.
23. മാരമംഗലം – മൂണ്ടോൻ പാടശേഖരത്തിന്റെ തോട്ടുനട.
24. നീണ്ടപാറ പാടശേഖരത്തിന്റെ തോട്ടുനട.

കൃഷി മെച്ചപ്പെടുത്തുവാനുള്ള മറ്റു നിർദ്ദേശങ്ങൾ

തുടച്ചയായ രാസവളപ്രയോഗത്തിലൂടെയും മേൽ മണ്ണ് ഒലിച്ചു പോവുന്നതിന്റെ യും മറ്റും ഫലമായി മണ്ണിന്റെ ഫലഭൂയിഷ്ഠി നഷ്ടപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും മണ്ണുപരിശോധന നടത്തി ആവശ്യമായ പരിഹാര നിർദ്ദേശങ്ങൾ ബന്ധപ്പെട്ട അധികൃതർ നൽകേണ്ടതാണ്. പഞ്ചായത്തിലൂടനീളം റബ്ബർ കൃഷി ഒഴികെയുള്ള മുഴുവൻ കൃഷികളും ചിട്ടയോടുകൂടിയല്ല നടത്തിയിട്ടുള്ളത്. അതുകൊണ്ട് ഒട്ടേറെ സ്ഥലങ്ങൾ തരിശായി പോയിട്ടുണ്ട്. ഭൂമി ഒട്ടും തന്നെ നഷ്ടപെപടുത്താതെ മുഖ്യ കൃഷികൾക്ക് ദോഷം വരാത്ത രീതിയിലുള്ള ഇടവിള കൃഷികൾ ചെയ്യുന്നതിന്, വളവും കീടനാശിനികളും ഉപയോഗിക്കുന്നതിനുമുള്ള ഉപദേശങ്ങളും ബന്ധപ്പെട്ട കൃഷി ഭവനുകളിൽ നിന്നും ലഭ്യമാക്കണം. രാസ വള ഉപയോഗം കുറക്കുന്നതിനും, ജൈവ വളങ്ങൾ കൂടുതൽ ഉപയോഗിക്കുന്നതിനും, ആവശ്യമായ പച്ചിലച്ചെടികളും, വൃക്ഷങ്ങളും നട്ടവളർത്തുവാനും, ചാണകം ലഭിക്കുന്നതിനു വേണ്ടി കാലി വളർത്തൽ വ്യാപകമാക്കുവാനും ഏർപ്പാടുകൾ ചെയ്യണം. കൊയ്ത്തിനു ശേഷം പാടശേഖരങ്ങളിൽ പച്ചില കൃഷികൾ വ്യാപകമായി ചെയ്യുവാൻ പ്രോത്സാഹിപ്പിക്കണം. നല്ലയിനം കാർഷിക വിത്തുകൾ ലഭ്യമാക്കുവാൻ നേഴ്സറികൾ തുടങ്ങുന്നതിനെ പ്രോൽസാഹിപ്പിക്കണം. കർഷകതൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനായി ട്രാക്ടർ, പവർ ട്രില്ലർ, തെങ്ങകയറ്റ യന്ത്രം, റബ്ബർ ടാപ്പിംഗ് യന്ത്രം, നടീൽ, കൊയ്ത്ത്, മെതി യന്ത്രങ്ങൾ തുടങ്ങിയവ അടിയന്തിരമായി ലഭ്യമാക്കണം.

പഞ്ചായത്തുവക റോഡ്, തോട്, പുഴ, പുറമ്പോക്കുകളിൽ തെങ്ങ്, മാവ്, പ്ലാവ്, വാളൻ പുളി, ആര്യവേപ്പ് തുടങ്ങിയ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുവാൻ ഒരു സമഗ്ര പദ്ധതി തയ്യാറാക്കി യുദ്ധകാലാടിസ്ഥാനത്തിൽ പ്രാവർത്തികമാക്കുക. ഈ പഞ്ചായത്തിലുള്ള നേര്യമംഗലം ജില്ലാ കൃഷി ഫാമിൽ തരിശായികിടക്കുന്ന മുഴുവൻ പ്രദേശങ്ങളിലും കൃഷികൾ ചെയ്യുന്നതിനും, വേണ്ടത്ര ഉൽപാദന ശേഷിയില്ലാതെ നിൽക്കുന്ന വിവിധ ഇനം ഫല വൃക്ഷങ്ങൾ വെട്ടിമാറ്റി അത്യുൽപ്പാദന ശേഷിയുള്ള ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും, ഔഷധസസ്യങ്ങൾ അടക്കമുള്ള എല്ലാത്തരം കാർഷിക വിളകളുടെയും വിത്തുകളും, കാർഷിക ഉൽപ്പന്നങ്ങളും, ന്യായമായ വിലക്ക് ലഭിക്കുവാനുള്ള ഒരു വില്പനകൗണ്ടർ ഫാമിന്റെ മെയിൻ ഗെയിറ്റിനു സമീപം തുറക്കുവാനും, ഫാമിൽ നിന്നും കമ്മ്യൂണിറ്റി ഹാളിനു വേണ്ട ഒരേക്കർ സ്ഥലം നേര്യമംഗലം ടൗണിനോട് ചേർന്ന് പഞ്ചായത്തിനു വിട്ടുകിട്ടുന്നതിനും ആവശ്യമായ മേൽ നടപടികൾ അടിയന്തിരമായി ജില്ലാ പഞ്ചായത്തു സ്വീകരിക്കേണ്ടതാണ്.

ഈ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ പൊതുമേഖല ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കർഷകർക്ക് ന്യായമായ പലിശ നിരക്കിൽ ഉദാരമായ വ്യവസ്ഥയിൽ കാർഷികവായ്പകം ലഭ്യമാക്കണം. രണ്ടുവില്ലേജുകം ഉംപ്പെട്ട ഈ പഞ്ചായത്തിൽ നെല്ലിമറ്റത്ത് ഒരു കൃഷിഭവൻ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. നേര്യമംഗലം വില്ലേജിന് പ്രയോജനപ്പെടുമാറ് നേര്യമംഗലത്ത് ഒരു കൃഷിഭവൻ തുടങ്ങവാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. കർഷകരുടെ ഉൽപ്പന്നങ്ങംക്ക് യഥാസമയം പരാമാവധി വില ലഭിക്കുന്നതിന് ഉതകുന്ന വിപണന സ്ഥാപനങ്ങം സഹകരണ അടിസ്ഥാനത്തിൽ നെല്ലിമറ്റത്തും, ഊന്നുകല്ലിലും, നേര്യമംഗലത്തും തുടങ്ങുവാൻ വേണ്ട നടപടികം അടിയന്തിരമായി സ്വീകരിക്കണം.

നെൽ കൃഷിമെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള പാടശേഖര കമ്മറ്റികം ജനാധിപത്യവൽക്കരിച്ച് പ്രവർത്തനക്ഷമമാക്കണം, കേരകർഷകസമിതികളും കുരുമുളകു വികസന സമിതികളും വാർഡുകളിൽ സംഘടിപ്പിച്ചട്ടുണ്ടെങ്കിലും ഇവയെല്ലാം കടലാസിൽ മാത്രമേയുള്ളൂ. ഇവയെല്ലാം പുനഃ സംഘടിപ്പിച്ച് പ്രവർത്തന ക്ഷമമാക്കുന്നതിന് അടിയന്തിര നടപടികം സ്വീകരിക്കണം. കൃഷിഭവനെ പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടി കൃഷിക്കാരും, വിദഗ്ദ കർഷകരും സഹകരണ-പൊതുമേഖല-ധനകാര്യ സ്ഥാപനങ്ങളിലെ പ്രധിനിധികളും ഉംപ്പെടുന്ന കമ്മിറ്റിയുടെ മേൽനോട്ടമുണ്ടാക്കണം. കൃഷിക്കാർക്ക് അവരുടെ കാർഷിക ആവശ്യങ്ങംക്കു വേണ്ട കുളങ്ങം പമ്പുസെറ്റുകം മറ്റു കാർഷിക ഉപകരണങ്ങം ഇവയെല്ലാം സൗജന്യനിരക്കിൽ യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി ലഭ്യമാക്കുകയും വേണം. കാർഷിക ഉപകരണങ്ങം നിർമ്മിക്കുന്ന ഒരു ഫാക്ടറിയും ഒരു ജൈവവള ഫാക്ടറിയും ഒരു മണ്ണു പരിശേധരാ കേന്ദ്രവും നേര്യമംഗലത്തുള്ള ജില്ലാ കൃഷിതോട്ടത്തോടനുബംന്ധിച്ച സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കണം. മണ്ണൊലിപ്പുതടയുവാൻ നടപടി സ്വീകരിക്കണം. മണ്ണൊലിപ്പുതടയുവാൻ പഞ്ചായത്തിൽ മുഴുവൻ മേഖലകളിലും ഇടക്കയ്യാലകളും, കാനാലുകളും തീർക്കുന്നതിനും, കുന്നിൻ ചെരുവുകം തട്ടുകളാക്കുന്നതിനും ആവശ്യമായ പദ്ധതികം നടപ്പിലാക്കുക. കൃഷിയെ അഭിവൃത്തിപ്പെടുത്തുവാൻ കൃഷി വിദഗ്ദരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള കാർഷിക സെമിനാറുകം പഞ്ചായത്തിലുട നീളം സംഘടിപ്പിക്കുകയും, വർഷം തോറും, പഞ്ചായത്തിലെ ഏറ്റവും നല്ല കൃഷിക്കാരെ ആദരിക്കുവാൻ സ്കൂം കാർഷിക ക്ളെബ്ബുകം കാര്യക്ഷമമാക്കി വരും തലമുറകളെ കൃഷിയെക്കുറിച്ചുള്ള അപബോധം ഇല്ലാതാക്കുന്ന ഒരു കർഷക സംസ്കാരം കെട്ടിപ്പെടുക്കുവാൻ വേണ്ട ഏർപ്പാടുകം ചെയ്യണം.

ചെറുകിട ജലസേചന തോടുകം സംബന്ധിച്ച വിവരങ്ങം

ക്രമ നമ്പർ	തോടിന്റെ പേര്	ആകെ നീളം മീറ്റർ	ശരാശരി വീതി മീറ്റർ	സംരക്ഷിക്കപ്പെട്ട തോടിന്റെ നീളം മീറ്റർ	തൻവർഷം ചെലവഴിച്ച തുക
1	2	3	4	5	6
1.	കുത്തുകുഴി തോട്	5000	6	1000	-
2.	വെള്ളാമകുത്ത് തോട്	5000	8	1200	-
3.	അള്ളുങ്കൽ തോട്	2000	6	-	-
4.	ചേറാടി തോട്	3000	4	800	-
5.	വില്ലാം ചിറ തോട്	3000	4	700	-
6.	ചുള്ളിക്കണ്ടം തോട്	1500	5	400	-
7.	46 ഏക്കർ കോളനി തോട്	1500	4	-	-
8.	90 സെന്റെ് കോളനി സകൂംപ്പടി തോട്	2000	5	-	-
9.	കാളപ്പാലം തോട്	1250	5	-	-
10.	ആവോലിച്ചാൽ തോട്	1250	4	-	-
11.	ചെമ്പൻ കുഴി തോട്	1100	5	-	-
12.	നീണ്ടപാറ തോട്	1000	4	-	-
13.	കവളങ്ങാട്-പരീക്കണ്ണി തോട്	4000	6	-	-
14.	ആളേരി തോട്	1500	3	-	-

മൃഗസംരക്ഷണം

ജനങ്ങളുടെ ദൈനംദിന ജീവിതവുമായി ഏറ്റവും ബന്ധപ്പെട്ട ഇനമാണ് വളർത്തു മൃഗങ്ങൾ. മനുഷ്യർ കുടുംബമായി ജീവിക്കാൻ തുടങ്ങിയ കാലഘട്ടത്തിൽ തന്നെ നമ്മുടെ സഹവാസികളായി കന്നുകാലി, ആട്, പോത്ത്, കോഴി, താറാവ്, പന്നി, മുയൽ തുടങ്ങിയ പക്ഷി മൃഗാദികളേയും നമ്മൾ വളർത്തി പോന്നു.

കന്നുകാലി

നിലമുഴുവാൻ കാളകളേയും ആരോഗ്യസംരക്ഷണത്തിന് മാത്രമായിട്ടുള്ള പാൽ ലഭിക്കുവാൻ പശുക്കളേയും ആദ്യകാലം മുതലെ നമ്മൾ വളർത്തിപോന്നു. കുടിയേറ്റ പ്രദേശമായിരുന്നതിനാൽ ഇവയെയെല്ലാം തീറ്റിപ്പോറ്റുന്നതിനാവശ്യമായ പുല്ല്, വക്കോൽ, പച്ചിലകൾ എന്നിവ ധാരാളം ഈ പഞ്ചായത്തിൽ ലഭ്യമായിരുന്നു. ഈ കൃഷിരീതിയിൽ ജീവിച്ചിരുന്ന പശുവിന്റെ പാലും മറ്റ് ആഹാരസാധനങ്ങളും ഉപയോഗിക്കുന്ന ജനവിഭാഗത്തിന് പ്രത്യേക ആരോഗ്യമുണ്ടായിരുന്നു. ക്രമേണ പുല്ല്, പച്ചിലകളും, വക്കോലും കുറയുവാൻ തുടങ്ങിയതോടെ മറ്റ് കാലിത്തീറ്റകൾ ഉപയോഗിക്കേണ്ടതായി വന്നു. ആദ്യകാലങ്ങളിൽ കാര്യമായ രോഗങ്ങളൊന്നും ഉണ്ടാകാത്ത നാടൻ കന്നുകാലികളാണ് നമുക്ക് ഉണ്ടായിരുന്നത്. കൃഷിയിടങ്ങളിൽ ഉപയോഗിക്കുവാൻ അവയിൽ നിന്നും ധാരാളം ചാണകം ലഭിച്ചിരുന്നു. ക്രമേണ ഈ നാടൻ ഇനങ്ങൾ കുറഞ്ഞു കുറഞ്ഞ് ഇപ്പോൾ പേരിനു മാത്രമായി തീർന്നിട്ടുണ്ട്. പകരം അത്യുല്പാദന ശേഷിയുള്ള ജേഴ്സി, സിന്ധി, സുനന്ദിനി, സ്വിസ് ബ്രൗൺ തുടങ്ങിയ ഇനങ്ങൾ രംഗത്തു വന്നു. കാർഷികമേഖലകളിൽ യന്ത്രവൽക്കരണം വന്നതോടു കൂടി കാളകളെ സംരക്ഷിക്കുന്ന രീതിയിലും മാറ്റം വന്നു. പണ്ടുകാലത്ത് ചരക്കുകൾ കൊണ്ടുപോകുവാൻ പഞ്ചായത്തിലുടനീളം ഉപയോഗിച്ചിരുന്ന കാളവണ്ടികൾ മോട്ടോർ വാഹനങ്ങളുടെ രംഗപ്രവേശത്തോടുകൂടി തിരശ്ശീക്കു പിന്നിൽ മറഞ്ഞു.

പാലിൽ നിന്നുള്ള വരുമാനം ഈ പഞ്ചായത്തിൽ നരവധിപേരുടെ ഉപജീവന മാർഗ്ഗമായി മാറിയിട്ടുണ്ട്. സാധാരണക്കാരുടെ വീടുകളിൽ ഒരു പശുവിനെയെങ്കിലും വളർത്തുന്ന സ്ഥിതിയിൽ വന്നിട്ടുണ്ട്. പാൽ വിപണനത്തിനും പരമാവധി വില ലഭിക്കുന്നതിനും സഹായകമായ വിധത്തിൽ പ്രവർത്തിക്കുന്ന പന്ത്രണ്ടോളം പാൽ സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിച്ചുവരുന്നു.

പോത്ത്/എരുമ

നിലമുഴുവാൻ പോത്തുകളെയും പാൽ ലഭിക്കുവാൻ എരുമകളേയും കൂട്ടത്തോടെ വളർത്തിയിരുന്നു. നിലം ഉഴുവേണ്ട സമയത്ത് പോത്തുകളെയും പാൽ ലഭിക്കേണ്ട സമയത്ത് എരുമകളേയും വീടുകളിൽ നിർത്തുകയും, ബാക്കി സമയത്ത് ഇവകളെ സമീപ പ്രദേശത്തുള്ള വനമേഖലകളിൽ സ്വാതന്ത്ര്യത്തോടെ അഴിച്ചുവിടുകയും ആയിരുന്നു നമ്മുടെ പൂർവ്വികൻമാർ ചെയ്തിരുന്നത്. എന്നാൽ വനമേഖലകൾ കുറഞ്ഞതോടെ ഇവയെ വനങ്ങളിൽ വളർത്തുവാനുള്ള സൗകര്യം കുറഞ്ഞു. തന്മൂലം ഇവയെ വളർത്തലും നാമമാത്രമായി. പോത്തിറച്ചിയും, എരുമപ്പാലും വാതരോഗങ്ങൾക്കും മറ്റും ഫലപ്രധമായ ഔഷധമാണ്. ഏറ്റവും കൂടുതൽ മാംസാവശ്യത്തിന് പോത്തുകളെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഇവയിടെ വംശനാശം സംഭവിക്കാതിരിക്കുവാൻ നല്ലയിനം പോത്തുകളേയും, എരുമകളെയും പഞ്ചായത്തിന്റെ സൗകര്യപ്രദമായ മേഖലകളിൽ വളർത്തുന്നതിന് ഫാർപ്പുടുകൾ ഉണ്ടാക്കേണ്ടതാണ്.

ആട്

ആയിരക്കണക്കിന് ആടുകൾ വളത്തിയിരുന്ന ഒരു പഞ്ചായത്താണ് കവളങ്ങാട്. ഏറ്റവും കൂടുതൽ പോഷകമൂല്യ മുള്ള മാംസമാണ് ആടിന്റേത്. അതുപോലെ തന്നെ ആട്ടൻ പാൽ കുട്ടികൾക്കും, രോഗികൾക്കും ദിവ്യ ഔഷധമാണ്. ഏറ്റവും കൂടുതൽ വംശവർദ്ധന ഉണ്ടാകുന്ന വർഗ്ഗത്തിൽപ്പെട്ട ഒരിനമാണ് ആട്. ആട്ടു കൃഷി മറ്റേതൊരു കൃഷിയേക്കാളും ലാഭകരമാണുതാനും, നാട്ടിൽ ഉണ്ടാകുന്ന എല്ലാത്തരം പച്ചിലയും ആഹാരമായി ആടുകൾ ഉപയോഗിക്കുന്നതു കൊണ്ട് പ്രത്യേകമായി ആഹാരസാധനങ്ങൾ അന്വേഷിക്കണ്ട. പക്ഷെ എന്തുകൊണ്ടോ ഈ പഞ്ചായത്തിൽ ആടുവളർത്തൽ അധോഗതിയിലേക്കു പോയ്ക്കൊണ്ടിരിക്കുകയാണ്.

പന്നി

മാംസത്തിനു മാത്രം വളർത്തുന്ന മൃഗമാണ് പന്നി. നാടൻ ഇനവും കൂടുതൽ തൂക്കം വരുന്ന പുതിയ ഇനങ്ങളും ഇപ്പോൾ ഈ പഞ്ചായത്തിൽ പലഭാഗങ്ങളിൽ വളർത്തുന്നുണ്ട്. മനുഷ്യരുടെ ക്ഷണ ഉച്ഛിഷ്ടങ്ങൾ, തവിട് തുടങ്ങിയവയാണ് ഇവയുടെ ആഹാര സാധനങ്ങൾ.

പട്ടി

വീടിന്റെയും പറമ്പിന്റെയും വിശ്വസ്ത കാവൽക്കാരനായിട്ടാണ് നാം പട്ടികളെ വളർത്തുന്നത്. അവയെ ശരിയാം വണ്ണം നിയന്ത്രിച്ചു വളർത്തിയില്ലെങ്കിൽ മാരകമായ അപകടങ്ങൾ ഉണ്ടാവും. നാട്ടിലൂടെ അലഞ്ഞുനടക്കുന്ന പട്ടികൾക്ക് 'പേ' ബാധിക്കുകയും ആ പട്ടി വളർത്തു മൃഗങ്ങളെയോ മനുഷ്യരേയോകടിച്ചാൽ അടിയന്തിര പ്രതിവിധിനടത്തിയില്ലെങ്കിൽ മരണം സംഭവിക്കുകയും ചെയ്യും. വിവാദമായ, തെളിയിക്കാൻ പ്രയാസമുള്ള കുറ്റ കൃത്യങ്ങൾ കണ്ടു പിടിക്കാൻ പോലും ഉപകരിക്കുന്ന നായ്ക്കളും ഉണ്ട്. ശരിയാം വണ്ണം നിയന്ത്രിച്ചു സംരക്ഷിച്ചാൽ മനുഷ്യന്റെ ഏറ്റവും വിശ്വസ്തനായ സേവകനാണ് പട്ടി.

കോഴി

പൂർണ്ണമായ പോഷകാഹാരം നൽകുന്ന ഒരു പക്ഷിയാണ് കോഴി. ആദ്യകാലങ്ങൾ മുതൽ തന്നെ കോഴികളെ വീടുകളിൽ വളർത്തിയിരുന്നു. ഗുണമേൻമയുള്ള നാടൻ കോഴികളെയാണ് മുൻകാലങ്ങളിൽ ആളുകൾ വളത്തിയുരുന്നത്. ഇപ്പോൾ കൂടുതൽ ഇറച്ചിയും, മുട്ടയും ലഭിക്കുന്ന ഇനം.കോഴികളുമുണ്ട്.

താറാവ്

ഏകദേശം കോഴിയുടെ തന്നെ ഗുണമേന്മയുള്ള പക്ഷി വർഗ്ഗമാണ് താറാവും. ഇവയും മനുഷ്യർക്കാവശ്യമുള്ള മുട്ടയും മാംസവും നൽകുന്നു. കോഴികൾക്കും താറാവിനും, മനുഷ്യൻ ഉപയോഗിക്കുന്ന എല്ലാ ആഹാരസാധനങ്ങളും പ്രിയമാണ്. താറാവു കൃഷി ഈ മേഖലയിൽ വളരെ കുറച്ചുമാത്രമേയുള്ളൂ.

കന്നുകാലി, പോത്ത് തുടങ്ങിയ മൃഗങ്ങൾ കുളമ്പുരോഗം, ഒറ്റപ്പുരു തുടങ്ങിയ രോഗങ്ങൾ മൂലം പെട്ടെന്ന് ചത്തു പോകാറുണ്ട്. കോഴികൾക്കും, താറാവുകൾക്കും വസന്തരോഗം വന്നും നശിക്കുന്നു പട്ടിക്ക് പേയിളകിയും ചത്തുപോകുന്നു.മൃഗസമ്പത്തിനെ നിലനിർത്തുന്നതിന് ഈ പഞ്ചായത്തിൽ ഊന്നുകല്ലിൽ ഒരു മൃഗാശു പത്രി മാത്രമാണുള്ളത്. അവിടെ തന്നെ ആവശ്യത്തിനുള്ള സൗകര്യങ്ങളില്ല. നിലവിൽ സ്വന്തം സ്ഥലവും കെട്ടിടവും, മരുന്നു സൂക്ഷിക്കുവാനുള്ള അലമാരികളും, മൈക്രോസ്കോപ്പും, റെഫ്രിജറേറ്ററും, ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ ഉപകരണങ്ങളും മൃഗാശുപത്രിയിലുണ്ട്. ഓപ്പറേഷൻ മേശ, ട്രവീസും, ഫോൺ സൗകര്യം, വെള്ളസൗകര്യം, രോഗം വന്ന മൃഗങ്ങളെ നിർത്തി ചികിത്സിക്കുന്നതിനുള്ള കെട്ടിടം. ജീവനക്കാർക്ക് പ്രാഥമീകാവശ്യങ്ങൾ നടത്തുവാനും താമസിക്കുവാനുമുള്ള സൗകര്യം തുടങ്ങിയ ആവശ്യങ്ങൾ അടിയന്തിരമായി പരിഗണിക്കേണ്ടവയാണ്.

മൃഗാശുപത്രിയിലെ ജീവനക്കാർ

സീനിയർ മൃഗ ഡോക്ടർ	1
ലൈവ സ്റ്റോക്കിൻസ്പെക്ടർ	1
അറ്റൻറർ	1
പാർട്ട് ടൈം സ്വീപ്പർ	1

കൂടാതെ നീണ്ടപാറയിലും കവളങ്ങാടും ഓരോ ഐ. സി. ഡി. പി. സെൻററുകളും പ്രവർത്തിക്കുന്നുണ്ട്.

മൃഗസംരക്ഷണ മേഘലയിലെ പ്രശ്നങ്ങൾ

മൃഗങ്ങൾക്കും പക്ഷികൾക്കും ആവശ്യമുള്ള ഗുണ നിലവാരമുള്ള തീറ്റ ലഭ്യമല്ല. രോഗ പ്രതിരോഗത്തിനും രേഗം വരാതിരിക്കുവാനുമുള്ള ചികിത്സാ രംഗത്ത് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. ഒരോ വർഷവും പ്രതിരോധത്തിനാവശ്യമായ വാക്സിൻ വാങ്ങുവാനുള്ള പദ്ധതിവിഹിതം ലഭിക്കുന്നില്ല. പടർന്നു പിടിക്കുവാൻ സാദ്ധ്യതയുള്ള കാലി വസന്ത കുളമ്പ് രോഗം എന്നിവയെ നിയന്ത്രിക്കുവാൻ മതിയായ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നില്ല. ശരിയായ വിവരമില്ലാത്തവർ പലയിടങ്ങളിലും ചികിത്സ നടത്തി അപകടങ്ങൾ ഉണ്ടാക്കുന്നു. ആധുനിക സൗകര്യങ്ങൾ ഉള്ള അറവുശാലകൾ ഇല്ല. അറവു മൃഗങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നില്ല. രോഗങ്ങൾ ഉള്ളതും മായം ചേർന്നതുമായ മാംസം ഉപയോഗിക്കുവാൻ ഇടവരുന്നു.

പരിഹാര നിർദ്ദേശങ്ങൾ

മൃഗങ്ങൾക്ക് ഗുണമേന്മയുള്ള കാലിത്തീറ്റയും മറ്റ് ആഹാര വസ്തുക്കളും ലഭ്യമാക്കുക. ഇതിനായി കാലി തീറ്റ നിർമ്മാണ ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ ആരംഭിക്കുക. ഗുണ മേന്മയുള്ള മൃഗങ്ങളെയും മറ്റിനങ്ങളെയും ലഭ്യമാക്കണം. നേര്യമംഗലത്ത് ഒരു മൃഗാശുപത്രിയും

ഉപ്പുകുളത്തും നെല്ലിമറ്റത്തും ഐ. സി. ഡി. പി. സെൻററുകളും സ്ഥാപിക്കണം. നീണ്ടപാറ ഐ. സി. ഡി. സെൻറർ മൃഗാശുപത്രിയായി ഉയർത്തുക. മരുന്ന്, തീറ്റി, വാക്സിൻ തുടങ്ങിയവക്കു പഞ്ചായത്തിൽ ന്യായവിലസ്റ്റോറുകൾ തുടങ്ങണം. പേവിഷനിയന്ത്രണത്തിനുള്ള ആധുനിക ലാബോറട്ടറികൾ തുടങ്ങുക വളർത്തുനായ്ക്കളെ കുത്തിവയ്പ്പിന് വിധേയമാക്കി ലൈസൻസ് നൽകണം. അലഞ്ഞു തിരിഞ്ഞു നടക്കുന്ന തെരുവു നായ്ക്കളെ നശിപ്പിക്കണം. ആധുനിക അറവുശാലകൾ നിർമ്മിക്കുകയും മാംസം പരിശോധന സൗകര്യം ഉണ്ടാക്കുകയും വേണം കൂടാതെ താഴെ പറയുന്ന പദ്ധതികളും നടപ്പാക്കണം.

1. മിനിഡയറി യൂണിറ്റ്
2. സ്കൂൾ പൗൾട്രി ക്ലാസ്
3. കിടാരി വളർത്തൽ യൂണിറ്റ്
4. കോഴി വളർത്തൽ
5. ഇറച്ചി ക്കോഴി വളർത്തൽ
6. ആട് വളർത്തൽ
7. പന്നി വളർത്തൽ
8. എഗ്ഗർ നേഴ്സറി
9. മുയൽ വളർത്തൽ
10. ചെറുകിട കാലിതീറ്റ യൂണിറ്റ്

മേൽ പറഞ്ഞ സ്ഥാപനങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്ക് അതിയു വേണ്ട സഹായ സഹകരണങ്ങളും വായ്പ്പ ലഭ്യതയും ഉണ്ടാവുകയും വേണം.

മത്സ്യ സമ്പത്ത്

മനുഷ്യന് ഏറ്റവുമധികം രുചികരമായി ഉപയോഗിക്കാവുന്ന പോഷകാംശമുള്ള ഇനമാണ് മത്സ്യം ആദ്യ കാലങ്ങളിൽ പുഴകളിലും തോടുകളിലും ചിറകളിലും കുളങ്ങളിലും ധാരാളം മത്സ്യങ്ങൾ ഉണ്ടായിരുന്നു. നെൽ പാടങ്ങളിൽ കൊയ്ത്തുള്ള കാലം വരേ ധാരാളം മീൻ വളർന്ന് പെരുകുമായിരുന്നു. വരാൽ, മുഴി, കാരി, കുറുവരാൽ, തളമ്പൻ തുളങ്ങിയ നിരവധിയിനം നാടൻ മീനുകൾ ഈ പഞ്ചായത്തു പ്രദേശത്ത് ഉണ്ടായിരുന്നു. നെൽ പാടങ്ങളിൽ കീടനാശിനികൾ ഉപയോഗിക്കുവാൻ തുടങ്ങിയതോടെ മീനുകൾക്ക് കഷ്ടകാലമായി. പാടങ്ങളിലെ വെള്ളം ഒഴുകി എത്തുന്ന കുളങ്ങളിലും, ചിറകളിലും, പുഴകളിലുമെല്ലാം മീൻ നശിക്കുവാൻ തുടങ്ങി വേനൽ കാലത്തു പഞ്ചായത്തിൽ ലിഫ്റ്റ് ഇറിഗേഷൻ ഒന്നുമില്ലാത്തതുമൂലം തോടുകളും ചിറകളുമെല്ലാം വറ്റിവരളുന്നതിനാൽ മീനുകൾ കൂട്ടമായി നശിക്കുന്നുണ്ട്. മത്സ്യബന്ധനം സ്ഥിരമായുള്ളവർ ഈ പഞ്ചായത്തിലില്ല.

പഞ്ചായത്തിൽ വിവിധഭാഗങ്ങളിലൂടെ ഒഴുകുന്ന 22-ഓളം ചെറുതും വലുതുമായ തോടുകളും പഞ്ചായത്തിന്റെ തെക്കു ഭാഗത്തുകൂടി ഒഴുകുന്ന പരീക്കണ്ണിയാറിന്റെ കുറേ ഭാഗങ്ങളും കിഴക്ക് ഭാഗത്തുകൂടി പോകുന്ന പെരിയാറിന്റെ കുറെ ഭാഗങ്ങളും 28 കുളങ്ങളും 5 വലിയ ചിറകളുമാണ് ഈ പഞ്ചായത്തിലെ ഉപരിതല ജലസ്രോതസുകൾ, മത്സ്യബന്ധന സാധ്യതകൾ ഈ ജല സ്രോതസുകളുമായി ബന്ധപ്പെട്ടു കിടക്കുന്നു. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ ഈ ഉപരിതല ജല സ്രോതസുകളിൽ ഒന്നിൽ പോലും മത്സ്യ കൃഷിനടത്തുന്നില്ല. അതിന് കാര്യമായ യാതൊരു ശ്രമവും ഉണ്ടായിട്ടില്ല.

നിലവിൽ ഏറ്റവും കൂടുതൽ മത്സ്യം ഇവിടെ ഉപയോഗിക്കുന്നുണ്ട്. ഭക്ഷണത്തിൽ മത്സ്യം ഉൾപ്പെടുത്താത്ത ആരും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. മറ്റു മേഖലകളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ മത്സ്യം എത്തിച്ചാണ് ഇവ ലഭ്യമാക്കുന്നത്. മത്സ്യ വിപണനത്തിനുള്ള പൊതു സമ്പ്രദായങ്ങൾ താരതമ്യേന കുറവാണ്. നെല്ലിമറ്റം ഊന്നുകൽ നേര്യമംഗലം എന്നിവിടങ്ങളിൽ സ്ഥിരമായും മറ്റു മേഖലകളിൽ വാഹനങ്ങൾവഴിയും മത്സ്യ വിപണനം നടക്കുന്നുണ്ട്. കടകളിൽ ഉണക്ക മത്സ്യം വില്പന നടത്തുന്നുണ്ട്. ഇങ്ങനെ വിൽകുന്ന മത്സ്യങ്ങളിൽ ഗുണനിലവാരം കുറയുന്നുണ്ട്. ചില അവസരങ്ങളിൽ വളരെ മോശമായ മത്സ്യവും ലഭിക്കാറുണ്ട്. ഗുണ നിലവാരമില്ലാത്ത മത്സ്യങ്ങൾ ജനങ്ങളുടെ ആരോഗ്യത്തിന് ഭീക്ഷണിയായിത്തീരുന്നുണ്ട്. സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുവാൻ പരോക്ഷമായി ഇതു കാരണമാകുന്നു.

മത്സ്യ മേഖലയിലെ പ്രശ്നങ്ങൾ

1. വേനൽ കാലത്തു തോടുകളും കുളങ്ങളും ചിറകളും വറ്റിവരളുന്നതുകൊണ്ട് മീനുകൾ നശിക്കുന്നു.
2. വേണ്ടത്ര വിവിധയിനം മത്സ്യകുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.
3. നെൽപാടങ്ങളിൽ കീടനാശിനി തളിക്കുന്നത് മത്സ്യനാശം വരുത്തുന്നു.
4. മത്സ്യ വില്പന കേന്ദ്രത്തിൽ റോഡു സൈഡുകളിൽ ദുർഗന്ധവും മാലിന്യവും ഉണ്ടാകുന്നു.

പരിഹാരമാർഗ്ഗങ്ങൾ

1. കുളങ്ങൾക്കും കിണറുകൾക്കും ആഴം കൂട്ടുക
2. വേനൽക്കാലങ്ങളിൽ കനാലുവഴിയും ലിഫ്റ്റ് ഇറിഗേഷൻ വഴിയും പഞ്ചായത്തിലെ തോടുകളിലേക്കയ്ക്ക് വെള്ളം എത്തിക്കുക.
3. ധാരാളം വിവധയിനം മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കുക.
4. മത്സ്യകൃഷി നടത്തുവാൻ താല്പര്യമുള്ളവർക്ക് വായ്പയും സബ്സിഡിയും ഉദാര വ്യവസ്ഥയിൽ ലഭ്യമാക്കുക.
5. തോടുകളിലും പുഴകളിലും ചിറകളിലും ധാരാളം മത്സ്യ കുഞ്ഞുങ്ങളെ കൂട്ടത്തോടെ ഇടുക.
6. തോട്ടയിട്ടും നഞ്ചിട്ടും മീൻ പിടിക്കുന്നതിനെ കർശ്ശനമായി നിരോധിക്കുക.
7. ഗുണ മേന്മയുള്ളതും രോഗ വിമുക്തമായതും ശുചിയുള്ളതുമായ മത്സ്യ വിപണന കേന്ദ്രങ്ങൾ ഏർപ്പെടുത്തുക.
8. ഗുണമേന്മയില്ലാത്തതും ശുചിയില്ലാത്തതുമായ മത്സ്യം വിൽക്കുന്നവരുടെ മേൽ കർശനമായ നടപടികൾ സ്വീകരിക്കുക.
9. മത്സ്യ വില്പന തൊഴിലാളികൾക്ക് ആവശ്യമായ വായ്പ ലഭ്യമാക്കുക.

വ്യവസായ മേഖല

സാമ്പത്തിക രംഗത്ത് കാതലായ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന വ്യവസായ രംഗം നമ്മുടെ പഞ്ചായത്തിൽ ശുഷ്കമാണ്. വിവിധഇനം വ്യവസായ അസംസ്കൃത വസ്തുക്കൾ സുലഭമായി ലഭിക്കുവാൻ സാധ്യതകൾ പഞ്ചായത്തിലുണ്ട്. ഏറ്റവും കൂടുതൽ ചെറുകിട വ്യവസായങ്ങൾക്ക് ആവശ്യമായറബ്ബർ പാൽ ഈ പഞ്ചായത്തിൽ മറ്റെവിടത്തെക്കാളും കൂടുതൽ ലഭ്യമാണ്. പഞ്ചായത്തിലെ ഏറ്റവും കൂടുതൽ പ്രദേശത്ത് വ്യാപകമായിചെയ്തുവരുന്നത് റബ്ബർ കൃഷിയാണ്. കൂടാതെ ഏറ്റവും കൂടുതൽ വ്യവസായങ്ങൾക്കുപയോഗിക്കുന്ന നാളികേര ഉല്പന്നങ്ങളും ഈ പഞ്ചായത്തിലുണ്ട്. റബ്ബർ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തെങ്ങുകൃഷിയാണ് ഈ പഞ്ചായത്തിലുള്ളത്. റോഡു നിർമ്മാണത്തിനും കെട്ടിട നിർമ്മാണത്തിനും മറ്റിതര നിർമ്മാണപ്രവർത്തനങ്ങൾക്കും എല്ലാകാലങ്ങളിലും ഉപയോഗമുള്ള അസംസ്കൃതസാധനമായ പാറ ഈ പ്രദേശത്തിന്റെ കിഴക്കൻ മേഖലകളിലും മറ്റിതര മേഖലകളിലും സുലഭമായിട്ടുണ്ട്. ഊന്നുകല്ലിനടുത്ത് നഗരമുടിയിലുള്ള വാഹനഗതാഗത സൗകര്യത്തോടുകൂടിയ 140 ഏക്കറോളം വരുന്ന ഒറ്റപ്പാറ നൂറ്റാണ്ടുകളോളം അതുമായി ബന്ധപ്പെട്ട സാധനസാമഗ്രികൾ നിർമ്മിക്കുന്ന വ്യവസായത്തിന് ഉതകുന്നതാണ്. പഞ്ചായത്തിലെ വിവിധഭാഗത്തുള്ള തോടുകളിൽ നിന്നും പെരിയാറിൽ നിന്നും, പരീക്കണ്ണിയാറ്റിൽനിന്നും ഇഷ്ടം പോലെ മണലും ലഭ്യമാണ്. ചെറുകിട വ്യവസായങ്ങൾക്കുതകുന്ന ഈറ്റ, മുള, ചൂരൽ തുടങ്ങിയവയും നിയമാനുസൃതം ധാരാളം ലഭ്യമാണ്. നേര്യമംഗലത്ത് പെരിയാറിന്റെ തീരത്ത് ഒരു വലിയ ഫൈറ്റോകെമിക്കൽസ് ഫാക്ടറി തുടങ്ങുവാനുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടം വരെ എത്തിയിരുന്നുവെങ്കിലും എന്തുകൊണ്ടോ ഈ പദ്ധതിനടപ്പായില്ല. മറ്റു പലമേഖലകളിലും പലകാലങ്ങളിലായി വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങിയെങ്കിലും ഇവിടെ മാത്രം അതൊന്നും ഉണ്ടായില്ല, ചെറുകിടവ്യവസായങ്ങൾ തുടങ്ങാനുതകുന്ന ഇഞ്ചി, മഞ്ഞൾ, വാഴ, മരച്ചീനി, കൊക്കോ തുടങ്ങിയ കൃഷികളെല്ലാം. ഈ പഞ്ചായത്തിലുണ്ടെങ്കിലും അവയൊന്നും സംസ്കരിക്കുന്നതിനുള്ള യാതൊരുവിധവ്യവസായങ്ങളും ഈ പഞ്ചായത്തിൽ നിലവിലില്ല. ക്ഷേണ പദാർത്ഥങ്ങളുടെ നിർമ്മാണത്തിനുതകുന്ന നെൽകൃഷിയും ഈ പഞ്ചായത്തിൽ വേണ്ടത്രയുണ്ട് എങ്കിലും ആ വഴിക്കുള്ള വ്യവസായങ്ങളുമില്ല. എള്ളുപയോഗിച്ച് ഈ പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയായ കോളനിയിൽ ഒരു വ്യവസായ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. എള്ള് ആട്ടി എണ്ണയെടുത്തു ശുദ്ധീകരിച്ചു കേടുവരാതെ കുപ്പികളിലാക്കി രാജ്യ വ്യാപകമായി വില്പനനടത്തിവരുന്നു. ഊന്നുകല്ലിൽ റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗിച്ചുകൊണ്ട് വാഹനങ്ങളുടെ ടയറുകൾക്കുള്ള ട്രെഡ് റബ്ബർ ഉൽപ്പാദിപ്പിക്കുന്ന ഒരു ഫാക്ടറി ആരംഭിച്ചിട്ടുണ്ട്. ഇവയുടെ എല്ലാം പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിലെ വ്യവസായസംരംഭകർക്ക് പ്രചോദനം ലഭിക്കുവാൻ കാരണീഭവിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

വ്യവസായങ്ങൾ തുടങ്ങുവാനുള്ള സാമ്പത്തിക സഹായം ബന്ധപ്പെട്ട ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നതിന് കടുത്ത ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. വൈദ്യുതി കണക്ഷൻ യഥാസമയം ലഭിക്കുകയോ, ലഭിച്ചാൽ തന്നെ ആവശ്യമായ തരത്തിൽ വൈദ്യുതി കിട്ടുകയോ ചെയ്യുന്നില്ല. വ്യവസായ വകുപ്പ്, പഞ്ചായത്ത് ഒഴികെയുള്ള മറ്റു സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസും, ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളും ലഭിക്കുവാൻ വലിയ ബുദ്ധിമുട്ടനുഭവപ്പെടുന്നു. വ്യവസായ സബ്സിഡി യഥാസമയം ലഭിക്കുന്നില്ല.

വിവിധ ഇനം വ്യവസായങ്ങൾക്ക് വേണ്ട സാങ്കേതിക പരിജ്ഞാനം യഥാസമയം ലഭ്യമല്ല.

വ്യവസായ പുരോഗതിക്കുള്ള നിർദ്ദേശങ്ങൾ

വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുകയും അവിടെ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക. വ്യവസായ സംരംഭകർക്ക് പരിശീലനം ഏർപ്പെടുത്തുക സഹകരണമേഖലയിൽ പരമാവധി വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യുക.

ഊന്നുകല്ലിനു സമീപമുള്ള മേതലപ്പുറത്തു പാറയിൽ കരിങ്കല്ല്, മെറ്റൽ, സിമൻറിഷ്ടിക, വാർക്കജനൽ തുടങ്ങിയ നിർമ്മാണ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന വ്യവസായം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

നെല്ലിമറ്റം ഭാഗത്ത് ചകിരിച്ചോറുകൊണ്ട് ജൈവവളം നിർമ്മിക്കുവാനും, ചകിരിതാര് മറ്റു മേഖലകളിലേക്ക് കയറ്റിഅയക്കുവാനും പ്രയോജനപ്പെടുന്ന ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.

മൂവാറ്റുപുഴയിൽ ആരംഭിക്കുന്ന പൈനാപ്പിൾ സംസ്കരണ ഫാക്ടറിയുടെ ഒരു സബ്ബ് സെൻറർ നേര്യമംഗലത്ത് സ്ഥാപിക്കുക.

സംസ്ഥാനത്തുതന്നെ ഏറ്റവും കൂടുതൽ ഈറ്റ, മുള, പാഴ് മരങ്ങൾ തുടങ്ങിയ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നത് ഈ പഞ്ചായത്തിൻെറ സമീപ പ്രദേശമായ പെരിയാർ തീരത്തുനിന്നുമാണ്. അങ്കമാലി ബാംബൂ കോർപ്പറേഷനിലേയ്ക്കും, വെള്ളൂർ പേപ്പർ മില്ലിലേയ്ക്കും വേണ്ട ബഹുപൂരിപക്ഷം അസംസ്കൃത പദാർത്ഥങ്ങളും കൊണ്ടുപോകുന്നത് നമ്മുടെ പഞ്ചായത്തിൻെറ സമീപ പ്രദേശങ്ങളായ വനാന്തരങ്ങളിൽ നിന്നാണ്. ഈ പഞ്ചായത്തിൽ നിന്നുമുള്ള ആയിരക്കണക്കിനു തൊഴിലാളികൾ മേൽപ്പറഞ്ഞ അസം സ്കൃതസാധനങ്ങൾ ശേഖരിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ പഞ്ചായത്തിലെ നേര്യമംഗലത്ത് പെരിയാറിൻെറ തീരത്ത് സൗകര്യമായിക്കിടക്കുന്ന സ്ഥലത്ത് ഒരു പൾപ്പു ഫാക്ടറിയും, പ്ളൈവുഡ് ഫാക്ടറിയും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണ്ടതാണ്.

നേര്യമംഗലത്തുതന്നെ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് സംസ്കരിക്കുന്ന സർക്കാർ ഉടമയിലുള്ള ഔഷധി യുടെ ഒരു ബ്രാഞ്ച് തുടങ്ങുക.

ഊന്നുകല്ലിൽ ഒരു റബ്ബർ തടി സംസ്കരണ ഫാക്ടറിസ്ഥാപിക്കുക.

ചെമ്പൻകുഴി, നീണ്ടപാറ മേഖലകളിൽ പെരിയാറിൽ നിന്നും ധാരാളം മണൽ ലഭ്യമാണ്. അവിടെ ഒരു സിമൻറിഷ്ടിക നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

നേര്യമംഗലത്ത് ഒരു കൊപ്ര സംസ്കരണ ഫാക്ടറി ആരംഭിക്കുക. പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ ഈറ്റ, മുള, ചൂരൽ, തുടങ്ങിയവകൊണ്ട് പനമ്പ്, കൊട്ട, വട്ടി തുടങ്ങിയ ഗ്രഹോപകരണങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുകയും, അവിടേക്ക് ആവശ്യമുള്ള അസംസ്കൃത സാധനങ്ങൾ ഉദാരവ്യവസ്ഥയിൽ ലഭ്യമാക്കുകയും ചെയ്യുക.

നെല്ലിമറ്റത്തും, ഊന്നുകല്ലിലും, നേര്യമംഗലത്തും, തലക്കോടും, നീണ്ടപാറയിലും ഓരോ മിനി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.

പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ പശു, കോഴി, ആട്, മുയൽ തുടങ്ങിയവ വളർത്തുവാൻ യൂണിറ്റുകൾ ആരംഭിക്കുവാൻ താത്പര്യമുള്ളവർക്ക് പരിശീലനവും വായ്പാസൗകര്യവും ഏർപ്പെടുത്തുക.

ഈ പഞ്ചായത്തിലുള്ള നേര്യമംഗലം ജില്ലാകൃഷിഫാമിൽ ഒരു കാലി വളർത്തു കേന്ദ്രവും, ഫാമിൽ തന്നെ വിശാലമായിക്കിടക്കുന്ന വെള്ളകെട്ടു പ്രദേശം വെട്ടിക്കുഴിച്ച് കുളമാക്കി ഒരു മീൻ വളർത്തു കേന്ദ്രവും ആരംഭിക്കുവാനുള്ള നടപടി യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കുക.

നീണ്ടപാറ പ്രദേശത്ത് ഒരു പ്ളൈവുഡ് ഫാക്ടറി ആരംഭിക്കുക. പഞ്ചായത്തിൽ ഒരുകൊക്കോ സംസ്കരണശാല സ്ഥാപിക്കുക.

ചെമ്പൻ കുഴിയിൽ ഒരു പ്ളാസ്റ്റിക്ക് ചിരട്ട, ഷെയ്ഡ്, കൈയ്യുറ എന്നിവയുടെ ഒരു യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.

തട്ടേക്കാട് പക്ഷി സങ്കേതം, ഭൂതത്താൻ കെട്ട് തുടങ്ങിയ ടൂറിസം പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന ഈ പഞ്ചായത്തിലെ നേര്യമംഗലം ഫാമിനോട്ചേർന്നുള്ള ''കോഴിത്തുരുത്ത്'' ഭാഗത്ത്പെരിയാറിനോടു ചേർന്ന് ഒരു ടൂറിസം പാർക്ക് ആരംഭിക്കുകയും, നേര്യമംഗലം-ഭൂതത്താൻ കെട്ട് ബോട്ട് സർവ്വീസ് ആരംഭിക്കുകയും ചെയ്യുക.

പഞ്ചായത്തിൽ യോഗ്യമായ പ്രദേശത്ത് ഒരു ഫൈബർ ഉല്പന്ന ഫാക്ടറി ആരംഭിക്കുക.

ഉപ്പുകുളം പ്രദേശത്ത് ഒരു റബ്ബർ ബാൻറ് നിർമ്മാണ യൂണിറ്റും, ഒരു തീപ്പട്ടി നിർമ്മാണ ശാലയും ആരംഭിക്കുക. പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് പരശീലനവും, ആവശ്യമായ സാമ്പത്തീക സഹായവും ലഭ്യമാക്കുക.

ചെമ്പൻ കുഴിയിൽ പ്രവർത്തനം മന്ദീഭവിച്ചുകിടക്കുന്ന വനിത യൂണിറ്റായ ആര്യ കറി പൗഡർ നിർമ്മാണ യൂണിറ്റ് പുനരുദ്ധരിച്ച് പ്രവർത്തന ക്ഷമമാക്കണം. പച്ചക്കറി, പഴവില്പന സ്റ്റാളുകൾ പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളായ നെല്ലിമറ്റത്തും, ഊന്നുകല്ലിലും, നേര്യമംഗലത്തും സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക. വ്യവസായ സംരംഭകർക്ക് ഉദാര വ്യവസ്ഥയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യാ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എന്നീ ദേശസാൽകൃത ബാങ്കുകളിൽ നിന്നു വായ്പകൾ ലഭ്യമാക്കുക.

മേൽപറഞ്ഞ വിധത്തിൽ ഈ മേഖലയിൽ വ്യവസായിക വികസനം മുരടിച്ചു പോയതിനുള്ള കാരണങ്ങൾ സൂക്ഷ്മമായി പരിശോദിച്ച് ആനുകാലികമായ പരിതഃസ്ഥിതികളെ പരിപൂർണ്ണമായി വിനിയോഗിച്ച് പഞ്ചായത്തിന്റെ പ്രതിഛായ മാറ്റുവാൻ ഉതകുന്ന വ്യവസായികരംഗത്ത് എല്ലാ മേഖലകളിലും പ്രയോജനപ്പെടാവുന്ന രീതിയിൽ മുഴുവൻ ജനവിഭാഗത്തെയും ഉൾപ്പെടുത്തികൊണ്ടുള്ള വിപ്ലവകരമായ പ്രവർത്തനം നടത്തി, വരും കാലങ്ങളിൽ പഞ്ചായത്തിന് ഈ രംഗത്തുവന്നിട്ടുള്ള അപജയം ഇല്ലാതാക്കുവാൻ പ്രതിജ്ഞാബദ്ധരാകേണ്ടിയിരിക്കുന്നു.

ഊർജ്ജം (വൈദ്യുതി)

പഞ്ചായത്തിലെ കാർഷിക-വ്യവസായിക മേഖലകളിലെ പുരോഗതിക്ക് ഒഴിച്ചുകൂടാനാകാത്ത ഒരു ഘടകമാണ് ഊർജ്ജം. ഗാർഹിക ആവശ്യങ്ങൾക്ക് രാത്രി കാലങ്ങളിൽ വെളിച്ചത്തിനായും, ഭക്ഷണം പാകം ചെയ്യുന്നതിനായും മറ്റും ദൈനംദിന ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായും ഊർജ്ജത്തെയല്ലാതെ മറ്റൊന്നിനേയും ആശ്രയിക്കാൻ നിവൃത്തിയില്ല. കൃഷി ആവശ്യത്തിനുള്ള ജലസേചനത്തിനു വേണ്ട മോട്ടോറുകൾ പ്രവർത്തിപ്പിക്കാനും, ട്രാക്ടർ തുടങ്ങിയ കാർഷികയന്ത്രങ്ങൾ പ്രവർത്തിപ്പിക്കുവാനും ഊർജ്ജം തന്നെ വേണം. വ്യവസായ മേഘലയിൽ ഊർജ്ജം ഇല്ലാത്ത ഒരവസ്ഥ ചിന്തിക്കാനും കഴിയുകയില്ല. ഇങ്ങനെ ജന ജീവിതത്തിന്റെ സ്പന്ദനം പോലും നില നിർത്തുന്ന ഘടകമായി ഊർജ്ജത്തിനു വേണ്ടി വിറക്, മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി എന്നിവയാണ് നാം ഉപയോഗിച്ചുവരുന്നത്. ഇവയിൽ എല്ലാകാര്യങ്ങൾക്കും ഉപയോഗപ്പെടുത്തുവാനുതകുന്ന വൈദ്യുതി നമ്മുക്ക് വളരെ ദുർലഭമാണ് വ്യവസായികാടിസ്ഥാനത്തിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് അനുയോജ്യമായ ഊർജ്ജ സ്രോതസ്സുകൾ ഉണ്ടെങ്കിൽ മാത്രമെ ആരംഗത്ത് വൈദ്യുതി പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുകയുള്ളൂ. രാജ്യപുരോഗതിയുടെ രംഗത്ത് കുതിച്ചു ചാട്ടത്തിന് വഴിയൊരുക്കുന്ന വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സ്രോതസ്സുകൾ കേരളത്തിൽ ധാരളമുണ്ടെങ്കിലും പ്രകൃതി മലിനീകരണം, വനനശീകരണം തുടങ്ങിയ ഉമ്മാക്കികൾ കാണിച്ചുകൊണ്ട് പൂയംകുട്ടി, സൈലൻറ് വാലി, പോലുള്ള ജല വൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിൽ ബുദ്ധിജീവികൾ എന്നവകാശപ്പെടുന്ന ആളുകൾ തടസ്സം നിൽക്കുകയാണ്. ഉള്ള വൈദ്യുതി നിലയങ്ങളിൽ ഒന്നാമതായ ഇടുക്കി പ്രൊജക്ട് നമ്മുടെ ഓരത്തുകൂടി ഒഴുകുന്ന പെരിയാറിന്റെ ആരംഭ ഭാഗത്താണ്. ഇപ്പോൾ പണി പൂർത്തിയായി കൊണ്ടിരിക്കുന്ന ലോവർപ്പെരിയാർ പ്രൊജക്ട് ഈ പഞ്ചായത്ത് അതിർത്തിയിലാണ്. ഈ പദ്ധതിയടെ പവ്വർ ഹൗസ് നമ്മുടെ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്.

ആസൂത്രണത്തിന്റേയും നടത്തിപ്പിന്റേയും തകരാറുകൾ മൂലം ഓരോ പദ്ധതിക്കും നിശ്ചയിച്ച അടങ്കൽ തുകയുടെ 15ഉം 20ഉം ഇരട്ടിതുക വരെ ചിലവാക്കിയിട്ടും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല. ഇങ്ങനെ കോടികൾ മുടക്കി നിർമ്മിക്കുന്ന പദ്ധതികൾ യഥാസമയം കേടുപാടുകൾ തീർക്കാനോ, പോരായ്മകൾ പരിഹരിക്കാനോ ശ്രമിക്കുന്നില്ല. തന്മൂലം വൻ നഷ്ടം നേരിടുകയും, ലഭിക്കാവുന്ന വൈദ്യുതി നഷ്ടമാവുകയും ചെയ്യുന്നുണ്ട്. ജനകീയാസൂത്രണം ഈ വിഷയങ്ങളിലും ഉൾകൊള്ളിച്ചാൽ മേൽ പറഞ്ഞ പോരായ്മകളിൽ പരിഹാരമുണ്ടാകുമെന്ന കാര്യം തീർച്ചയാണ്. വീടുകളിലെ ഗാർഹിക ആവശ്യങ്ങൾക്കാണ് വിറകും, ഗ്യാസും ഉപയോഗിക്കുന്നത് വിറകിന്റെ ലഭ്യത വളരെ കുറഞ്ഞിട്ടുണ്ട്. തന്മൂലം ഗ്യാസ് അടുപ്പുകൾ വ്യാപകമായി ഉപയോഗിക്കുവാൻ തുടങ്ങിയിട്ടുണ്ട്. ആയതിനാൽ ഗ്യാസിനും ക്ഷാമം നേരിടുകയാണ്. പശുക്കളെ വളത്തുന്ന വീടുകളിലെല്ലാം ഗോബർ ഗ്യാസ് അടുപ്പുകൾ ഉണ്ടാക്കുവാൻ സൗകര്യമുണ്ടെങ്കിലും അധികം പേരും ഈ അവസരം പ്രയോജനപ്പെടുത്തുന്നില്ല.

1960 കാലഘട്ടത്തിലാണ് വൈദ്യുതി നമ്മടെ പഞ്ചായത്തിൽ കടന്നു വന്നത്. ചുരുക്കം പ്രധാനപ്പെട്ട മേഖലകളിൽ മാത്രമായിരുന്നു അന്നൊരത്ഭുത വസ്തുവായിരുന്ന വൈദ്യുതി എത്തിയിരുന്നത്. ക്രമേണ പഞ്ചായത്തിന്റെ ഭൂരിപക്ഷം മേഖലകളിലും വൈദ്യുതി ലൈനുകൾ എത്തിയിട്ടുണ്ട് എങ്കിലും ഇനിയും വളരെ ഏറെ പ്രദേശങ്ങളിൽ വൈദ്യുതി എത്തേണ്ടിയിരിക്കുന്നു. എത്തിയിടത്തു തന്നെ വോൾട്ടേജ് ഇല്ലായ്മ, കറണ്ട് കട്ട് തുടങ്ങിയവമൂലം വേണ്ടത്ര പ്രയോജനപ്പെടുന്നുമില്ല.

നമ്മുടെ പഞ്ചായത്തിൽ 73.980 കി.മീ 3 ഫേയ്സ് ലൈനുകളും, 98.871 കി.മീ ദൂരം സിങ്കിൾ ഫെയ്സ്

ലൈനുകളും, 28.425 കി.മീ 11കെ.വി. ലൈനുകളുമുണ്ട്. 4897 വൈദ്യുതികണക്ഷനുകളും ഈ പഞ്ചായത്തിലുണ്ട്. 369 സ്ട്രീറ്റ് ലൈറ്റ് ബൾബുകളും, 47 ട്യൂബുകളും ഉണ്ടെന്നു പറയാം, കാരണം ഇവയിൽ ഭൂരിപക്ഷവും വർഷങ്ങളായി കത്തുന്നില്ല.

ഊർജ്ജരംഗത്തെ പ്രശ്നങ്ങൾ

വോൾട്ടേജ് ക്ഷാമം, പവ്വർക്കട്ട്, വിറകിന്റെ ലഭ്യതക്കുറവ്, ഗ്യാസ് കണക്ഷൻ ലഭിക്കുവായുള്ള താമസം, പുതിയ വൈദ്യുതി കണക്ഷനുകളും ലഭിക്കുന്നതിനുള്ള കാലതാമസം കാർഷിക ആവശ്യങ്ങൾക്കുള്ള വൈദ്യുതിയുടെ ലഭ്യതക്കുറവ്.

പരിഹാരമാർഗ്ഗങ്ങൾ

ഈ പഞ്ചാത്തിലെ പതിനൊന്നാം വാർഡിലെ പെരിയാറ്റിൽ ''പിണക്കനിൽ'' ഒരു മിനി വൈദ്യുതി പദ്ധതി ആരംഭിക്കുക. കുറുംകുളം, കരിമരുതുംചാൽ ഭാഗങ്ങളിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് സിംഗിൾ ഫേസ് ലൈനുള്ള ഭാഗങ്ങളിലെല്ലാം ത്രീ ഫേസാക്കി വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. കണ്ണാടിക്കോട് ഭാഗത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. കാട്ടാട്ടുകുളം, പോത്തുകുഴി ഭാഗങ്ങളിൽ വോൾട്ടേജ്ക്ഷാമം പരിഹരിക്കുവാനുള്ള നടപടി സ്വീകരിക്കുക. പരീക്കണ്ണിയിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് ത്രീ ഫേസ് ലൈൻ വലിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും കതിരുവേൽത്തണ്ട്, കാപ്പിതോട്ടം തുടങ്ങിയ മേഖലകളിൽ കറണ്ട് എത്തിക്കാത്തഭാഗങ്ങളിൽ എത്തിക്കുകയും ചെയ്യുക. തടിക്കുളം, ചതുപ്പ്, കാപ്പിച്ചാൽ തുടങ്ങിയ മേഖലകളിൽ ലൈൻ വലിച്ച് അടിയന്തിരമായി മുഴുവൻ കുടുംബങ്ങൾക്കും വൈദ്യുതി കണക്ഷൻ നൽകുക. പുത്തൻ കുരിശ്, കമ്പിലൈൻ മേഖലയിൽ പുതിയതായി വലിച്ചിട്ടുള്ള ലൈനിൽ നിന്നും മുഴുവൻ പേർക്കും വൈദ്യുതികണക്ഷൻ നല്കുക.

കവളങ്ങാട്, ലക്ഷംവീട് കോളനിയിലും, 3സെൻറ് കോളനിയിലും, നമ്പൂരിക്കൂപ്പ് നാലുസെൻറ് കോളനിയിലും ഉള്ള മുഴുവൻ വീടുകൾക്കും യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതിഎത്തിക്കുക. നീണ്ടപാറ ഹരിജൻ കോളനിയിൽ എത്രയും വേഗം കറണ്ട് എത്തിക്കുക. പെരുമണ്ണൂർ കാട്ടാട്ടുക്കുളം പോത്തുകുഴി ഹരിജൻ കോളനികളിലും അടിയന്തിരമായി കറണ്ട് എത്തിക്കുക. മണിമരുതും ചാൽ നാലുസെൻറ്കോളനിയിലും കറണ്ട്എത്തിക്കുക. പാച്ചോറ്റി തൊട്ടി പ്രദേശത്ത്അടിയന്തിരമായി വൈദ്യുതി എത്തിക്കുക. ഊന്നുകൽ മുതൽ തടിക്കുളം വരെയുള്ള സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. തലക്കോട് ഇഞ്ചിപ്പാറ ഭാഗത്ത് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് ത്രീ ഫേസ് ലൈൻ വലിച്ച് ഇഞ്ചിപ്പാറ ഭാഗത്തും അള്ളുങ്കലിലും നിലവിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. മേതലപ്പുറത്ത് പാറയുടെ കിഴക്കൻ ഭാഗത്ത് ഹരിജൻ കോളനിയിലും ആ പ്രദേശത്തിള്ളവർക്കും പുതിയ ലൈൻ വലിച്ച്. വൈദ്യുതി എത്തിക്കുക. വില്ലാഞ്ചിറ കമ്പിലൈൻ മേഖലകളിൽ പുതിയ ലൈൻ വലിച്ച് വൈദ്യുതി എത്തിക്കുക. വെള്ളാപ്പാറ 1-ാം ബ്ളോക്കിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

നേര്യമംഗലം 46 ഏക്കർ ഹരിജൻ കോളനിയിലും 4 സെൻറ് കോളനി കുത്തുപാറ ഭാഗത്തും പുതിയ ലൈൻ വലിച്ച് വൈദ്യുതി കണക്ഷൻ കൊടുക്കുക. നീണ്ടപാറ ആർ. എസ്. പി കുന്നിൽ അടിയന്തിരമായി വൈദ്യുതി എത്തിക്കുക. കരിമണലിൽ നിന്നും നേര്യമംഗലം സ്കൂൾപടിയിൽ വന്നുനിൽക്കുന്നതും അവിടെ നിന്നും 11 കെ.വി. ലൈൻ വലിച്ച് ഊന്നുകല്ലിൽ എത്തിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് എടുത്തിട്ടുള്ളതുമായ ജോലി അടിയന്തിരമായി പൂർത്തിയാക്കി ആ മേഖലകളിലെ എല്ലാം വോൾട്ടേജ്ക്ഷാമം പരിഹരിക്കുക. പഞ്ചായത്തിൽ നിരവധി മേഖലകളിൽ വൈദ്യുതി കണക്ഷനുവേണ്ടി സി.ഡി. അടച്ചുകാത്തിരിക്കുന്ന മുഴുവൻ വീടുകൾക്കും എത്രയും വേഗം കണക്ഷൻ കൊടുക്കുക. പഞ്ചായത്തിലെ കൃഷി ആവശ്യങ്ങൾക്കായി മോട്ടോറുകൾ സ്ഥാപിച്ച് വൈദ്യുതി കണക്ഷനു വേണ്ടി അപേക്ഷ നൽകിയിട്ടുള്ള മുഴുവൻ ആളുകൾക്കും കണക്ഷൻ നൽകുക.

പഞ്ചായത്തിലെ നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ കേടുപാടുകൾ തീർത്ത് ലൈറ്റുകളും ബൾബുകളും സ്ഥാപിച്ച് ജനങ്ങൾക്കു പ്രയോജനകരമായ രീതിയിൽ കത്തിക്കുവാൻ ഏർപ്പാടുണ്ടാക്കുക.

തൊഴെ പറയുന്ന മേഖലകളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

1. എൻ. എച്ച്. 49 ൽ പുത്തൻകുരിശു മുതൽ വില്ലാഞ്ചിറ വരെ.
2. പരീക്കണ്ണി-നെല്ലിമറ്റം റോഡിൽ
3. കുഞ്ഞിതൊമ്മൻ റോഡിൽ
4. കുഞ്ഞികേളൻ റോഡിൽ
5. ഓപ്ര-പെരുമണ്ണൂർ റോഡിൽ

6. കവളങ്ങാള്-പുലിയമ്പാറ റോഡിൽ
7. ഊന്നുകൽ-തടിക്കുളം റോഡിൽ
8. ഊന്നുകൽ-ഉപ്പുകുളം-നെല്ലിമറ്റം റോഡിൽ
9. പുത്തൻകുരിശ്-അള്ളുങ്കൽ റോഡിൽ
10. തലക്കോട്-മുള്ളരിങ്ങാടു റോഡിൽ
11. നേര്യമംഗലം-ആവോലിച്ചാൽ റോഡിൽ
12. നേര്യമംഗലം-46 ഏക്കർ കൂപ്പു റോഡിൽ, 46 ഏക്കർ ഹരിജൻ കോളനി റോഡിൽ
13. ഊന്നുകൽ-പരീക്കണ്ണി-ഉപ്പുകുഴി റോഡിൽ
14. പരീക്കണ്ണി-തേങ്കോട് റോഡിൽ
15. കവളങ്ങാട്-ഉപ്പുകുളം റോഡിൽ
16. ഇഞ്ചിപ്പാറ-പാച്ചോറ്റി റോഡിൽ
17. നേര്യമംഗലം-90 സെൻറ് കോളനി റോഡിൽ
18. നേര്യമംഗലം-പത്താഴപ്പാറ കുളിക്കടവ് റോഡിൽ
19. നേര്യമംഗലം-പുഴക്കടവു റോഡിൽ
20. നേര്യമംഗലം-കുഴൽക്കിണർ റോഡിൽ
21. നേര്യമംഗലം-റ്റി.ബി.-സി.എം.ഐ. റോഡിൽ
22. നേര്യമംഗലം-നവോദയാ-മിൽമാ റോഡിൽ 23. നേര്യമംഗലം-എൻ.എച്ച്. 49-ൽ പാലം വരെയുള്ള ഭാഗം റോഡിൽ
24. നേര്യമംഗലം-കോളനി, നീണ്ടപാറ റോഡിൽ
25. ചെമ്പൻ കുഴി-കാഞ്ഞിരവേലി റോഡിൽ
26. ചെമ്പൻ കുഴി-ശാസ്താടെമ്പിൾ റോഡിൽ
27. ചെമ്പൻ കുഴി സെൻറ് ജോൺസ് ചർച്ച് റോഡിൽ
28. നാടുകാണി-പെരുമണ്ണൂർ റോഡിൽ
29. പോത്തുകുഴി-പെരുമണ്ണൂർ റോഡിൽ
30. നേര്യമംഗലം-25 സെൻറ് കോളനി റോഡിൽ
31. നെല്ലിമറ്റം-കുറുംകുളം റോഡിൽ
32. സി.എൻ. ലക്ഷമണൻ മെമ്മോറിയൽ റോഡിൽ
33. കുറുംകുളം- കരിമരുതുംചാൽ റോഡിൽ
34. ഉപ്പുകുളം-പെരുമണ്ണൂർ റോഡിൽ
35. കോണിപ്പടി-പെരുമണ്ണൂർ റോഡിൽ
36. ഊന്നുകൽ-നഗരമുടി-പുത്തൻകുരിശു റോഡിൽ
37. പുലിയമ്പാറ കോളനി റോഡിൽ
38. തിയറ്റർ (നേര്യമംഗലം) - അട്ടാറുവേലിപ്പാടം റോഡിൽ
39. കുത്തുകുഴി അടിവാട് റോഡിൽ
40. നെല്ലിമറ്റം കണ്ണാടിക്കൊട് റോഡിൽ മാരമംഗലം ഭാഗത്ത്
41. പുല്ലുകുത്തിപ്പാറ പഴുക്കാണി റോഡിൽ
42. പഴുക്കാണി കുടമുണ്ട റോഡിൽ
43. നടുക്കുടിപടി ഏണിയക്കാവ് റോഡിൽ
44. മണിമരുതുംചാൽ മേന്തണ്ട് റോഡിൽ

കൂടാതെ എല്ലാ പ്രധാനപ്പെട്ട ജംഗ്ഷനുകളിലും സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക. ഗോബർ ഗ്യാസ് അടുപ്പുകളും, പുകയില്ലാത്ത അടുപ്പുകളും, വ്യാപകമായി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക- ഇപ്പോൾ കോതമംഗലം കഴിഞ്ഞാൽ 50കി.മീ. അകലെ അടിമാലിയിൽ മാത്രമേ ഫ്യൂവൽ സ്റ്റേഷനുള്ളൂ. കവളങ്ങാട് പഞ്ചായത്തിൽ എൻ. എച്ച്. 49-ൽ പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ ഒരു പെട്രോൾ-ഡീസൽ പമ്പ് അനുവദിക്കുക. കവളങ്ങാട് പഞ്ചായത്തിൽ നന്നെ 9000-ഓളം വീടുകളുണ്ട്. തോട്ടത്തുത്തു പല്ലാരിമംഗലം പഞ്ചായത്തിലും, പൈങ്ങോട്ടൂർ, പോത്താനിക്കാട് പഞ്ചായത്തുകൾക്കും, പ്രയോജനപ്പെടുന്ന രീതിയിൽ ഒരു ഗ്യാസ് ഏജൻസി അനുവദിക്കുക. നേര്യമംഗലത്തും, നെല്ലിമറ്റത്തും കെ. എസ്. ഇ. ബി. യുടെ ഓരോ കളക്ഷൻ സെൻറർ ആഫീസ് തുടങ്ങുവാൻ അടിയന്തിര നടപടി സ്വീകരിക്കുക. ഊന്നുകല്ലിൽ പ്രവർത്തിക്കുന്ന ജൂനിയർ എൻജിനീയർ ആഫീസ് അസിസ്റ്റൻറ് എൻജിനീയർ ആഫീസ് ആയി ഉയർത്തുക. ഊർജ്ജസംബന്ധമായി മേൽ പ്രതിപാദിച്ചിട്ടുള്ള വസ്തുതകൾ മുൻഗണനാക്രമത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കികിട്ടുകയും വൈദ്യുതികട്ട് പൂർണ്ണമായും പിൻവലിക്കുകയും ചെയ്താൽ ഈ മേഖലയിലെ ഊർജ്ജ പ്രതിസന്ധിക്കു പരിഹാരമാകും.

ഗതാഗതം

കുന്നും, മേടും നിറഞ്ഞതാണ് കവളങ്ങാട് പഞ്ചായത്ത്. കുത്തുകുഴി മുതൽ നേര്യമംഗലം വരെ കൊച്ചിൻ-മധുര എൻ. എച്ച്. 49 റോഡിന് രണ്ടു സൈഡുകളിലും അവിടെ നിന്ന് ഇടുക്കി-നേര്യമംഗലം റോഡിന്റെ സൈഡിലുമായിട്ടാണ് പഞ്ചായത്ത് നിലകൊള്ളുന്നത്. ഊന്നുകൽ-പരീക്കണ്ണി, നെല്ലിമറ്റം-പരീക്കണ്ണി, നേര്യമംഗലം-നീണ്ടപാറ എന്നീ റോഡുകൾ പി.ഡബ്ല്യു.ഡി. നിയന്ത്രണത്തിലും, നെല്ലിമറ്റം-ഊന്നുകൽ ലിങ്ക് റോഡ്, നാടുകാണി-നേര്യമംഗലം റോഡ്, കൂറ്റംവേലി-കുത്തുകുഴി റോഡ്, പാലമറ്റം-നേര്യമംഗലം റോഡ്, തലക്കോട്-മുള്ളരിങ്ങാട് റോഡ് എന്നീ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നതിനുള്ള പ്രാധമീക നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഇവയെ കൂടാതെ പഞ്ചായത്തിന്റെ വിവിധ ഗ്രാമ പ്രദേശങ്ങളിലേക്കായി പഞ്ചായത്തിനുവിട്ടുതന്നിട്ടുള്ള 66-ഓളം റോഡുകളും, ഇവകൂടാതെ ലിസ്റ്റിൽപ്പെടാത്ത നിരവധി റോഡുകളും ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ വരുമാനം കൊണ്ട് ഈ റോഡുകളുടെ ഭാഗികമായ മെയിൻറനൻസുപോലും നടത്തുവാൻ കഴിയുകയില്ല. നാഷണൽ ഹൈവേ ഒഴിച്ചുള്ള മുഴുവൻ റോഡുകളും സഞ്ചാര യോഗ്യമല്ലാതായിട്ട് നാളുകളായി. കോടിക്കണക്കിനു രൂപാ മുടക്കിയാൽ മാത്രമെ ഈ റോഡുകളിൽ വേണ്ടത്ര കലുങ്കുകളും, പാലങ്ങളും, ഓടകളും തീർത്ത് മെറ്റലിംഗും, ടാറിംഗും ചെയ്ത് സഞ്ചാര യോഗ്യമാക്കാൻ കഴിയുകയുള്ളൂ. പഞ്ചായത്തിന്റെ ആരംഭത്തിൽ രണ്ടോ മൂന്നോ റോഡുകൾ മാത്രമാണുണ്ടായിരുന്നത്. 43 വർഷത്തേ കാലയളവിലാണ് ഇത്രയും റോഡുകൾ ഈ രീതിയിലെങ്കിലും ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. റോഡുകൾ നിർമ്മിക്കുന്നതിന് സഹകരിക്കുന്നകാര്യത്തിലും, സ്ഥലം വിട്ടതരുന്ന കാര്യത്തിലും ഈ പ്രദേശത്തുള്ള ആളുകൾ ഉദാര മനസ്കത കാണിച്ചിട്ടുണ്ട്. എങ്കിലും ചുരുക്കം ചില ആളുകൾ ഈ കാര്യത്തിൽ മനുഷ്യത്വപരമല്ലാത്ത സമീപനം സ്വീകരിച്ചു വരുന്നുണ്ട് എന്നകാര്യം ഖേദത്തോടെ സൂചിപ്പിക്കട്ടെ.

ഇതുകൂടാതെ നമ്മുടെ പഞ്ചായത്തിന്റെ പരിധിയിൽ പെരിയാറ്റിൽ ആവോലിച്ചാൽ ഭാഗത്തും, നേര്യമംഗലം-കോളനി ഭാഗത്തും രണ്ടു കടത്തുകളുണ്ട്. രണ്ടു കടവുകളും സഞ്ചാരയോഗ്യമില്ലാതായിട്ട് നാളുകളായി.

കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ഉദ്ധാരണ വേലകൾ നടത്തിയ റോഡുകൾ താഴെ പറയുന്നു.

റോഡുകളുടെ പേര്	നടത്തിയ ജോലി	ചിലവായ തുകരൂപാ
1. കാഞ്ഞിരംപാറ-വെള്ളാരമറ്റം റോഡ്	ടാറിംഗ്	1.00 ലക്ഷം
2. നാടുകാണി-പെരുമണ്ണൂർ റോഡ്	റീടാറിംഗ്	1.00 ലക്ഷം
3. സി.എൻ. ലക്ഷ്മണൻ മെമ്മോറിയൽ റോഡ്	ടാറിംഗ്	1.80 ലക്ഷം
4. നെല്ലിമറ്റം കരിമല റോഡ്	പണിനടന്നു കൊണ്ടിരിക്കുന്നു	1.00 ലക്ഷം
5. കുഞ്ഞി തൊമ്മൻ റോഡ്	പണിനടന്നു കൊണ്ടികിക്കുന്നു	0.87 ലക്ഷം
6. കവളങ്ങാട് പുലിയമ്പാറ റോഡ്	ടാറിംഗ് പണിനടക്കുന്നു	1.00 ലക്ഷം
7. പുലിയമ്പാറ കോളനി റോഡ്	ടാറിംഗ്	0.75 ലക്ഷം
8. ഉപ്പുകുഴി പാച്ചോറ്റി റോഡ്	പണിനടക്കുന്നു	1.00 ലക്ഷം
9. ഊന്നുകൽ നഗരമുടി റോഡ്	എസ്റ്റിമേറ്റായി	1.00 ലക്ഷം
10. നഗരമുടി പുത്തൻകുരിശ് റോഡ്	എസ്റ്റിമേറ്റായി	1.00 ലക്ഷം
11.പുത്തൻകുരിശ് അള്ളുങ്കൽ റോഡ്	എസ്റ്റിമേറ്റായി	1.00 ലക്ഷം
12.പുത്തൻകുരിശ് കോളനി ബാക്കി ടാറിംഗ് ഉടൻ	ഒരു ലക്ഷം പണികഴിഞ്ഞു.	1.87 ലക്ഷം
13.അള്ളുങ്കൽ കമ്പിലൈൻ റോഡ്	എസ്റ്റിമേറ്റായി	1.00 ലക്ഷം
14.അള്ളുങ്കൽ പാച്ചോറ്റി റോഡ്	എസ്റ്റിമേറ്റായി	4.00 ലക്ഷം
15.നേര്യമംഗലം പുഴക്കടവ് റോഡ്	മെറ്റൽ ചെയ്തു	0.55 ലക്ഷം
16.നഗരമുടി ഉപ്പുകുഴി റോഡ്	പുതിയ റോഡ് നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു	7.00 ലക്ഷം
17. ചെമ്പൻ കുഴി ശാസ്താടെമ്പിൾ റോഡ്	ടാറിംഗിന് ടെണ്ടർ ചെയ്തു	5.00 ലക്ഷം

പഞ്ചായത്തിൽ റോഡുകളുടെ മാത്രം പുനരുദ്ധാരണത്തിനു വേണ്ടി അൺ ടൈഡ് ഫണ്ടിൽ 2,17,000 രൂപയും റോഡുകളുടെ പുനരുദ്ധാരണത്തിനും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ജനറൽ സ്കീമിൽ 5,11,300

രൂപയും എസ്. സി. പി. സ്കീമിൽ 2,77,800 രൂപയും ഉൾപ്പെടെ 7,89,100 രൂപയും ഇപ്പോൾ അനുവദിച്ചു വന്നിട്ടുണ്ട്. ഈ തുകകളൊക്കെ ഗതാഗത പുനരുദ്ധാരണത്തിന് ചിലവഴിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ മൊത്തം റോഡുകളുടെ സ്ഥിതി പരിശോധിക്കുമ്പോൾ കടലിൽ കായം കലക്കിയതിന് സമമായിട്ടേ വരുന്നുള്ളൂ. കോടിക്കണക്കിന് രൂപാ ചിലവഴിച്ചാൽ പോലും സഞ്ചാരയോഗ്യമാക്കാൻ പറ്റാത്ത പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള റോഡുകൾ തന്നെ നേരത്തെ സൂചിപ്പിച്ചതുപോലെ 66 എണ്ണം ഈ പഞ്ചായത്തിലുണ്ട്. ഏറ്റെടുക്കാത്തതും ധാരാളം ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതുമായ റോഡുകൾ നിരവധി എണ്ണം വേറെയും പഞ്ചായത്തിൽ ബഹുഭൂരിപക്ഷം മേഖലയും ഗ്രാമപ്രദേശങ്ങളാണ്. പ്രധാന റോഡിൽ നിന്നും കിലോ മീറ്ററുകൾ അകലെയുള്ള ഈ പ്രദേശങ്ങളിലേയ്ക്ക് വിദ്യാർത്ഥികളടക്കമുള്ളവർക്ക് എത്തിച്ചേരണമെങ്കിൽ റോഡുകൾ സഞ്ചാരയോഗ്യമായാൽ മാത്രമേ കഴിയുകയുള്ളൂ. റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പരമാവധി ശ്രോതസ്സുകൾ കണ്ടെത്തുകയും ആത്മാർത്ഥമായ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

പല വാർഡുകളിലും വേണ്ടത്ര റോഡുകളില്ല. ഉള്ള റോഡുകൾ തന്നെ സഞ്ചാരയോഗ്യമല്ല. ഭൂരിപക്ഷം റോഡുകളിൽ യാത്രക്കാർക്ക് വിശ്രമിക്കുവാനുള്ള വെയിറ്റിംഗ് ഷെഡുകളില്ല. റോഡുകൾ പൊതുവെ വീതി കുറഞ്ഞവയാണ്. ഉള്ള റോഡുകൾ വർഷത്തിൽ ഒരിക്കൽ പോലും അറ്റകുറ്റ പണി നടത്താറില്ല. രണ്ട് വള്ളക്കടവുകൾ ഉള്ളത് യാത്രക്കാർക്ക് കയറിയിറങ്ങുവാൻ തക്കവണ്ണം പണിതിട്ടില്ല. ഉള്ള വള്ളങ്ങൾ വേണ്ടത്ര സുരക്ഷിതമായവയല്ല.

പരിഹാരമാർഗ്ഗങ്ങൾ

കൊച്ചി-മധുര(എൻ. എച്ച്. 49) ഈ പഞ്ചായത്തിൽ കൂടികടന്നുപോകുന്ന നെല്ലിമറ്റം, കവളങ്ങാട്, ഊന്നുകൽ, പുത്തൻകുരിശ്, തലക്കോട്, നേര്യമംഗലം തുടങ്ങിയ ജംഗ്ഷനുകളിൽ കോൺക്രീറ്റ് കാനകൾ നിർമ്മിക്കുകയും കാനയുടെ റോഡുഭാഗം ടാർ ചെയ്യുകയും ചെയ്യുക. ഈ ജംഗ്ഷനുകളിലും, കോളനി, ചെമ്പൻകുഴി, നീണ്ടപാറ, കോളനിപ്പടി, കുത്തുകുഴിപള്ളിത്താഴം, വില്ലാഞ്ചിറ, പുത്തൻകുരിശ്, ഉപ്പുകുഴി, പരീക്കണ്ണി, പെരുമണ്ണൂർ, വാലേത്തുപടി, ആവോലിച്ചാൽ എന്നീ ജംഗ്ഷനുകളിലും വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക. നാഷണൽ ഹൈവേയിൽ ഓപ്പറ കവലയിൽ വലിയ കലുങ്ക് പണിത് റോഡ് ഉയർത്തി മഴക്കാലത്ത് ഗതാഗത തടസ്സം ഒഴിവാക്കുക. വെള്ളാമക്കുത്ത് പാലം വീതികൂട്ടി അവിടം മുതൽ തലക്കോട് പള്ളിവരെയുള്ള റോഡ് ഉയർത്തിപ്പണിയുക. ടി റോഡിന്റെ വീതി കുറഞ്ഞ വെള്ളാമക്കുത്ത് മുതൽ തലക്കോട് കവല വരെയും ഓപ്പറ മുതൽ കവളങ്ങാട് ജംഗ്ഷൻ വരെയും അടിയന്തിരമായി വീതി കൂട്ടുക, ഈ പഞ്ചായത്തിലുള്ള പി.ഡബ്ല്യു.ഡി. റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുകയും, കാനകൾ വെട്ടുകയും പരീക്കണ്ണി, കോളനി, നീണ്ടപാറ, ചെമ്പൻകുഴി എന്നിവിടങ്ങളിൽ കോൺക്രീറ്റ് കാനകൾ നിർമ്മിക്കുകയും ചെയ്യുക. പഞ്ചായത്തിൽപ്പെട്ട പ്രധാന റോഡുകളായ കൂത്തുകുഴി, കൂറ്റം വേലി റോഡ് നെല്ലിമറ്റം-ഊന്നുകൽ ലിങ്ക് റോഡ്, നാടുകാണി-നേര്യമംഗലം റോഡ്, പാലമറ്റം-ആവോലിച്ചാൽ റോഡ്, തലക്കോട്-മുള്ളരിങ്ങാട് റോഡ് തുടങ്ങിയവ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുവാനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുട്ടുള്ളതാണ്. ടി റോഡുകൾ എത്രയും വേഗം ഏറ്റേടുത്ത് സഞ്ചാരയോഗ്യമാക്കുകയും, താഴെ പറയുന്ന റോഡുകൾ അടിയന്തിരമായി പുനരുദ്ധരിച്ച് സഞ്ചാരയോഗ്യമാക്കുകയും ചെയ്യുക.

1. കുഞ്ഞിത്തൊമ്മൻ മാരമംഗലം റോഡ്
2. പുല്ലുകുത്തിപ്പാറ പഴുക്കാണി റോഡ്
3. നടുക്കുടിപടി ഏണിയക്കാവ് റോഡ്
4. കോളനിപ്പടി കണ്ണാടിക്കോട് റോഡ്
5. കൂത്തുകുഴി പള്ളിത്താഴം തൂമ്പുങ്കൽ റോഡ്
6. നെല്ലിമറ്റം നാടുകാണി റോഡ്
7. പെരുമണ്ണൂർ ഇരുമലക്കപ്പ് റോഡ്
9. പെരുമണ്ണൂർ നാടുകാണി അമ്പലം റോഡ്
10. നെല്ലിമറ്റം ജംഗ്ഷൻ പഞ്ചായത്താഫീസ് റോഡ്
11. ഓപ്പറ പെരുമണ്ണൂർ റോഡ്
12. കവളങ്ങാട് ഓപ്പറ റോഡ്
13. കവളങ്ങാട് നമ്പൂരിക്കൂപ്പ് റോഡ്
14. ഉപ്പുകുളം പെരുമണ്ണൂർ റോഡ്

15. പുഞ്ചാക്കൽ സ്റ്റേഡിയം ഉപ്പുകുളം റോഡ്
16. ഉപ്പുകുളം കിളിയച്ചാൽ നമ്പൂരിക്കൂപ്പ് റോഡ്
17. കോണിപ്പടി പെരുമണ്ണൂർ റോഡ്
18. കാഞ്ഞിരംപാറ വെള്ളരമറ്റം റോഡ്
19. കുറുങ്കുളം കരിമരുതുംചാൽ റോഡ്
20. കരിമരുതുംചാൽ കൂറ്റംവേലി റോഡ്
21. കുഞ്ഞിത്തെമ്മൻ കരിമരുതും ചാൽ റോഡ്
22. നെല്ലിമറ്റം കണ്ണാടിക്കോട് റോഡ്
23. നെല്ലിമറ്റം കരിമല റോഡ്
24. കവളങ്ങാട് പുലിയംപാറ റോഡ്
25. പരീക്കണ്ണി ഉപ്പുകുഴി പാലംപടി റോഡ്
26. ഊന്നുകൽ കതിലിവേലിത്തണ്ട് റോഡ്
27. പരീക്കണ്ണി തേങ്കോട് റോഡ്
28. പരീക്കണ്ണി തേങ്കോട് എസ്റ്റേറ്റ് റോഡ്
29. കവളങ്ങാട് പരീക്കണ്ണി റോഡ്
30. ഉപ്പുകുഴി കാപ്പിത്തോട്ടം റോഡ്
31. തേൻകൊട് കമ്പിലൈൻ റോഡ്
32. പരീക്കണ്ണി കതിലിവേലിത്തണ്ട് റോഡ്
33. കതിലിവേലിത്തണ്ട് പരുത്തിമാലി റോഡ്
34. കവളങ്ങാട് പൈമറ്റം റോഡ്
35. നമ്പൂരിക്കൂപ്പ് പേരക്കുത്ത് റോഡ്
36. വെള്ളാമക്കുത്ത് തടിക്കുളും റോഡ്
37. തടിക്കുളും മേന്തണ്ട് റോഡ്
38. പുത്തൻ കുരിശ് തടിഡിപ്പോ റോഡ്
39. വില്ലാഞ്ചിറ തടിഡിപ്പോ റോഡ്
40. പുത്തൻകുരിശ് കോളനി റോഡ്
41. പുത്തൻകുരിശ് അള്ളുങ്കൽ റോഡ്
42. ഊന്നുകൽ നഗരമുടി റോഡ്
43. പാലംപടി നഗരമുടി റോഡ്
44. വെള്ളാമകുത്ത് മേതലപ്പുറത്തുപാറ റോഡ്
45. പുത്തൻകുരിശ് കരിമ്പുകണ്ടം റോഡ്
46. നഗരമുടി പുത്തൻകുരിശ് റോഡ്
47. കുറ്റിച്ചിറകുടിപ്പടി മേതലപ്പുറത്തുപാറ റോഡ്
48. അള്ളുങ്കൽ പള്ളിക്കുന്ന് തേങ്കോട് റോഡ്
49. അള്ളുങ്കൽ ഫോറസ്റ്റ് ജംഗഷൻ റോഡ്
50. ഇഞ്ചിപ്പാറ അള്ളുങ്കൽ റോഡ്
51. പുലിച്ചുവട് മേന്തണ്ട് റോഡ്
52. മണികരുതുംചാൽ കീഴ്ത്തണ്ട് റോഡ്
53. മണിമരുതുംചാൽ പുഴക്കടവ് റോഡ്
54. വില്ലാഞ്ചിറ ഒരേക്കർ കോളനി റോഡ്
55. വില്ലാഞ്ചിറ ഒരേക്കർ കോളനി ലിങ്ക് റോഡ്
56. തലക്കോട് വെള്ളാപ്പാറ റോഡ്
57. 46 ഏക്കർ കൂപ്പ് റോഡ് (നേര്യമംഗലം)
58. നേര്യമംഗലം ടി.ബി. പുഴക്കടവ് റോഡ്
59. 25 സെൻറ് കോളനി റോഡ്
60. നേര്യമംഗലം 4 സെൻറ് കോളനി റോഡ്
61. നേര്യമംഗലം 90 സെൻറ് കോളനി റോഡ്
62. നേര്യമംഗലം 46 ഏക്കർ ഹരിജൻ കോളനി റോഡ്
63. നേര്യമംഗലം ടി.ബി. - സി. എം. ഐ ആശ്രമം റോഡ്
64. എൻ.എച്ച് - മിൽമ ജംഗ്ഷൻ റോഡ്

65. നേര്യമംഗലം നവോദയ-മിൽമ ജംഗ്ഷൻ റോഡ്
66. തീയറ്റർ-അട്ടാറുവേലി പാടം റോഡ്
67. നേര്യമംഗലം വി. എച്ച്. എസ്സ്. എസ്സ്. - പത്താഴപ്പാറക്കടവ് റോഡ്
68. നേര്യമംഗലം കുഴൽ കിണർ റോഡ്
69. ഖാദിബോർഡ്-ഫൈബർ ഫാക്ടറി റോഡ്
70. ചെമ്പൻകുഴി കാഞ്ഞിരവേലി റോഡ്
71. നേര്യമംഗലം കോളനി പേരിയാർ റോഡ്
72. ശാസ്താ ടെമ്പിൾ റോഡ്
73. ചെമ്പൻകുഴി സെൻറ് ജോൺസ് ചർച്ച് റോഡ്
74. നേര്യമംഗലം മണിയൻപാറ റോഡ്
75. കോളനിപ്പടി കുത്തുപാറ റോഡ്
76. നേര്യമംഗലംമിൽമ-അട്ടാറുവേലിപ്പാടം റോഡ്
77. പഞ്ചായത്തു കിണർ-അട്ടാറുവേലിപ്പാടം റോഡ്
78. സെൻറ് മേരീസ് പള്ളിപ്പടി-അട്ടാറുവേലിപ്പാടം റോഡ്
79. കുഴൽ കിണർ ജംഗ്ഷൻ - 90 സെൻറ് കോളനി റോഡ്
80. വാളാച്ചിറ വരമ്പുപാറ റോഡ് കലുങ്ക് തീർത്ത് സഞ്ചാരയോഗ്യമാക്കുക
81. വാളാച്ചിറ കരിമരുതുംചാൽ ലിങ്ക് റോഡ് കലുങ്ക് തീർത്ത് സഞ്ചാരയോഗ്യമാക്കുക
82. കരിമല കരിമരുതുംചാൽ ലിങ്ക് റോഡ് കലുങ്ക് തീർത്ത് സഞ്ചാരയോഗ്യമാക്കുക
83. പുലിയൻപാറ കുരിശുപാറ റോഡ് കലുങ്ക് തീർത്ത് സഞ്ചാരയോഗ്യമാക്കുക
84. പഴുക്കാണി കോട്ടപ്പാടം റോഡിൽ ഒരു പാലവും ചെക്കുഡാമും പണിത് സഞ്ചാരയോഗ്യമാക്കുക
85. കാഞ്ഞിരംപാറ വെള്ളാരമറ്റം റോഡിൽ ആയിരക്കലം ഭാഗത്ത് സൈഡ് കെട്ടി സഞ്ചാരയോഗ്യമാക്കുക.
86. കോമ്പനാതണ്ട് റോഡ് സഞ്ചാരയോഗ്യമാക്കുക
87. ചിറപ്പടി കല്ലൂണ്ടി റോഡ് സഞ്ചാരയോഗ്യമാക്കുക
88. പിട്ടാപ്പിള്ളി കണ്ണാടിക്കോട് റോഡ് സഞ്ചാരയോഗ്യമാക്കുക
89. ചാമക്കാട് കുളിക്കടവ് റോഡ് സഞ്ചാരയോഗ്യമാക്കുക
90. ഏണിയക്കാവ് കുളിക്കടവ് റോഡ് സഞ്ചാരയോഗ്യമാക്കുക
91. പൂതക്കുഴി കുളിക്കടവ് റോഡ് സഞ്ചാരയോഗ്യമാക്കുക
92. മാരമംഗലം ചാത്തൻ കുളം കടവ് റോഡ് സഞ്ചാരയോഗ്യമാക്കുക
93. പഴുക്കാണി കോട്ടപ്പാടം റോഡ് സഞ്ചാരയോഗ്യമാക്കുക
94. തേക്കുപാലം കുത്തുകുഴിപള്ളിത്താഴം റോഡ് സഞ്ചാരയോഗ്യമാക്കുക
95. പോത്തുകുഴി പെരുമണ്ണൂർ റോഡ് സഞ്ചാരയോഗ്യമാക്കുക
96. കുഞ്ഞിക്കേളൻ ഇരപ്പുങ്കൽ റോഡ് സഞ്ചാരയോഗ്യമാക്കുക
97. കൊള്ളിക്കാട് വാലേത്തുപടി റോഡ് സഞ്ചാരയോഗ്യമാക്കുക
98. ഉപ്പുകുളം പോത്തുകുഴി റോഡ് സഞ്ചാരയോഗ്യമാക്കുക
99. പോത്തുകുഴി കൈതമറ്റം കാട്ടാട്ടുകുളം ഹരിജൻ കോളനി റോഡ് സഞ്ചാരയോഗ്യമാക്കുക
100. പെരുമണ്ണൂർ കെ.റ്റി.സി. റോഡ് സഞ്ചാരയോഗ്യമാക്കുക
101. ആവോലിച്ചാൽ കീഴ്ത്തണ്ട് റോഡ് സഞ്ചാരയോഗ്യമാക്കുക
102. തലക്കോട് ഒരേക്കർ കോളനി റോഡ് സഞ്ചാരയോഗ്യമാക്കുക
103. വില്ലാഞ്ചിറ ഗോതമ്പ് റോഡ് സഞ്ചാരയോഗ്യമാക്കുക
104. നേര്യമംഗലം മഹിമപ്പടി കുളിക്കടവ് റോഡ് സഞ്ചാരയോഗ്യമാക്കുക
105. നേര്യമംഗലം യു.പി. സ്കൂൾ കുളിക്കടവ് റോഡ് സഞ്ചാരയോഗ്യമാക്കുക
106. നേര്യമംഗലം പത്താഴപ്പാറ കുളിക്കടവ് റോഡ് സഞ്ചാരയോഗ്യമാക്കുക
107. ചെമ്പൻകുഴി നീണ്ടപാറ ലിങ്ക് റോഡ് സഞ്ചാരയോഗ്യമാക്കുക
108. നേര്യമംഗലം കോളനി ചക്കുങ്കൽപ്പടി റോഡ് സഞ്ചാരയോഗ്യമാക്കുക
109. ഊന്നുകൽ നമ്പൂരിക്കൂപ്പ് റോഡിൽ ഊന്നുകൽ മുതൽ കപ്പേളപ്പടി വരെ റോഡിന് കോൺക്രീറ്റ് കാനകൾ നിർമ്മിക്കുക.
110. ഊന്നുകൽ പരീക്കണ്ണി റോഡ് വീതികൂട്ടുക
111. പരീക്കണ്ണി വരെയുള്ള ബസ് സർവ്വീസ് തേങ്കോട് വരെ നീട്ടുക.
112. നേര്യമംഗലം നീണ്ടപാറ റോഡിൽ നേര്യമംഗലം മുതൽ മിൽമ പടി വരെ കാനതീർക്കുക
113. പുത്തൻകുരിശ് തലക്കോട് തടിഡിപ്പോ റോഡ് സംഞ്ചാരയോഗ്യമാക്കുക

114. പുത്തൻകുരിശ് അള്ളങ്കൽ പാച്ചോറ്റി റോഡ് സംഞ്ചാരയോഗ്യമാക്കുക
115. പുത്തൻ കുരിശ് കോളനി റോഡ് സംഹാരയോഗ്യമാക്കുക

കൂടാതെ നഗരമുടി ഉപ്പുകുഴി റോഡ് പരീക്കണ്ണി തോട്ടം ഭാഗം ഏറ്റെടുത്ത് റോഡിന്റെ പണി പൂർത്തിയാക്കുക. സ്റ്റേഡിയം ഉപ്പുകുളം റോഡ് വീട്ടുകിട്ടാത്ത ഭാഗം ഏറ്റെടുത്ത് പാടത്തുള്ള കലുങ്ക് പണിത് സഞ്ചാരയോഗ്യമാക്കുക. അള്ളുങ്കൽ ഇഞ്ചിപ്പാറ ലിങ്ക് റോഡ് വീതി കൂട്ടി സഞ്ചാരയോഗ്യമാക്കുക. അള്ളുങ്കൽ ഇഞ്ചിപ്പാറ കമ്പിലൈൻ റോഡ് പുതുതായി നിർമ്മിക്കുക. മേടമനപടി ഫോറസ്റ്റ് ജംഗ്ഷൻ റോഡ് നിർമ്മിക്കുക. തടിക്കുളം നമ്പൂരിക്കൂപ്പ് ലിങ്ക് റോഡ് കലുങ്കുകൾ തീർത്ത് പണിപൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കുക. തലക്കോട് പുത്തയത്ത് പടി ഒരേക്കർ കോളനി റോഡ് വീതികൂട്ടി കലുങ്കുകൾ പണിത് സഞ്ചാരയോഗ്യമാക്കുക. നേര്യമംഗലം-കോളനി-കുത്തുപാറ റോഡിൽ മൂന്ന് കലുങ്കുകൾ പണിത് തോട് സൈഡ് കെട്ടി സഞ്ചാരയോഗ്യമാക്കുക. നേര്യമംഗലം 4 സെൻറ് കോളനി റോഡിൽ- ഇടുക്കി റോഡിൽ നിന്നും വാഹനങ്ങൾ ഇറങ്ങുവാനും കയറുവാനും സൗകര്യപ്പെടുത്തി 3 കലുങ്കുകൾ തീർത്ത് സഞ്ചാരയോഗ്യമാക്കുക. നേര്യമംഗലം പുഴക്കടവിൽ അടിയന്തിരമായി പുഴക്കടവ് നിർമ്മിക്കുകയും, പുരുഷൻമാൻക്കും സ്ത്രീകൾക്കും പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടത്തുകയും ചെയ്യുക.

കോളനി കടത്തുകടവും, ആവോലിച്ചാൽ കടത്തുകടവും സഞ്ചാരയോഗ്യമാക്കുക. പത്താഴപ്പാറ കുളിക്കടവ് കെട്ടിസംരക്ഷിച്ച്, അടിയന്തിരമായി ജനങ്ങൾക്ക് ഉപയോഗ പ്രദമായരീതിയിലുള്ള സംവിധാനമുണ്ടാക്കുക. നേര്യമംഗലം റ്റി.ബി. മുതൽ സി.എം.ഐ ആശ്രമം വരെയുള്ള റോഡിൽ ചെന്നക്കാട്ടുപടി ജംഗ്ഷനിൽ രണ്ടു വശവും കെട്ടിപ്പൊക്കി മണ്ണിട്ടുനിറച്ച് കലിങ്കു കെട്ടി സഞ്ചാരയോഗ്യമാക്കുക. നേര്യമംഗലം 46 ഏക്കർ ഹരിജൻ കോളനി റോഡിൽ താഴെ മുതൽ കരിങ്കൽ പാകി (46 ഏക്കർ കൂപ്പു റോഡുവരെ) ഇടുക്കി റോഡിൽ നിന്നും വെള്ളം കുത്തിയൊലിച്ചു വരുന്ന ഭാഗത്ത് രണ്ടു വശവും കെട്ടി സംരക്ഷിച്ച് കലുങ്കും തീർത്ത് യുദ്ധകാലാടിസ്ഥാനത്തിൽ ഒരു ജീപ്പെങ്കിലും ഓടത്തക്ക രീതിയിൽ സഞ്ചാരയോഗ്യമാക്കുക.

പഞ്ചായത്തിൽ ഊന്നുകല്ലിൽ തിരിക്കുന്ന ട്രാൻസ്പോർട്ട് ബസ്സുകൾ അള്ളുങ്കൽ വരെ നീട്ടി സർവ്വീസ് നടത്തുക. തലക്കോട് മുള്ളരിങ്ങാട് റോഡിൽ കൂടുതൽ ബസ് സർവ്വീസ് ഏർപ്പെടുത്തുക. ഊന്നുകൽ തടിക്കുളം ആവോലിച്ചാൽ വഴി ബസ് സർവ്വീസ് ഏർപ്പെടുത്തുക. കൂത്തുകുഴി മാരമംഗലം കണ്ണാടിക്കോട് വാളാച്ചിറ മണിക്കിണർ വഴി പരീക്കണ്ണിക്ക് ബസ് സർവ്വീസ് ഏർപ്പെടുത്തുക. പരീക്കണ്ണി വഴി തേൻങ്കോട്, നഗരമുടി ഭാഗത്തേയ്ക്ക് ബസ് സർവ്വീസ് ഏർപ്പെടുത്തുക. പാലമറ്റം ആവോലിച്ചാൽ റൂട്ടിൽ ബസ് സർവ്വീസ് പുനഃസ്ഥാപിക്കുക. നീണ്ടപാറയിൽ നിന്നും-മൂവാറ്റുപുഴക്കും, എറണാകുളത്തിനും ഓരോ കെ. എസ്. ആർ.ടി.സി. ബസ്സ് സർവ്വീസുകൾ ആരംഭിക്കുക.

പൊതുജനാരോഗ്യം

ഈ പഞ്ചായത്തിൽ വികസനരംഗത്ത് ഏറ്റവും കൂടുതൽ മുരടിപ്പുണ്ടായിട്ടുള്ളത് ആരോഗ്യരംഗത്താണ്. 40000 – ത്തിനു മേൽ ജനസംഖ്യയുള്ള ഈ പ്രദേശത്ത് നേര്യമംഗലത്ത് ഒരു ഹെൽത്ത് സെന്റർ മാത്രമേ നിലവിലുള്ളൂ എന്നറിയുമ്പോൾ വിസ്തൃതമായ ഈ പഞ്ചായത്ത് ആരോഗ്യപരിപാലന രംഗത്ത് എത്രമാത്രം പുറകിലാണെന്ന് ബോദ്ധ്യപ്പെടും. ഇത്രയും വലിയ ഒരു പഞ്ചായത്തിൽ മറ്റു മേഖലകളിലൊന്നും ഒരു ആലോപ്പതി ആശുപത്രിയോ, ഹോമിയോ – ആയൂർവ്വേദ ആശുപത്രികളൊ, ഗവർമെണ്ട് വകയായി ഇന്നേവരെ ഉണ്ടായിട്ടില്ല. നിരവധി ശ്രമങ്ങൾ ഇതിനു വേണ്ടി നടത്തി പരാചയപ്പെട്ടിരിക്കുന്നു. ഉള്ള പി. എച്ച്. സെന്ററിൽ തന്നെ പഞ്ചായത്തിന്റെ വിവിധമേഖലകളിൽ നിന്നും അയൽ ജില്ലയിലെ, ഇഞ്ചത്തൊട്ടി, കാഞ്ഞിരവേലി, പഴമ്പിള്ളിച്ചാൽ, മാമലകണ്ടം, വാളറ, തുടങ്ങിയ മേഖലകളിൽ നിന്നും ആയിരക്കണക്കിന് രോഗികൾ ചികിത്സ തേടി എത്തുന്നുണ്ട്. അവരിൽ ന്യൂനപക്ഷത്തിനു പോലും വേണ്ട പ്രാഥമിക ചികിത്സാ സൗകര്യങ്ങളോ, മരുന്നോ ഒന്നും തന്നെ ഈ ആശുപത്രിയിൽ ലഭ്യമല്ല. രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും അത്യന്താപേക്ഷിതമായ ശുദ്ധജലം പോലും ഇവിടെ ലഭ്യമല്ല. 10 കിടക്കകളുള്ള ഒരു വാർഡ് ജനപങ്കാളിത്തത്തോടുകൂടി ഇവിടെ നിർമ്മിച്ചിട്ടുണ്ട്. കുറെ കട്ടിലുകളും ഏതാനും കിടക്കകളും വർഷങ്ങൾക്കുമുൻപ് ഉണ്ടായിട്ടുണ്ടെങ്കിലും രോഗികളെ കിടത്തി ചികിത്സിക്കുന്ന സൗകര്യം ഉണ്ടാക്കുവാൻ ഇനിയും വളരെ കാലം വേണ്ടിവരും എന്നാണ് ഇതുവരെയുള്ള അനുഭവങ്ങൾ സൂചിപ്പിക്കുന്നത്. അതുപോലെതന്നെ ആവശ്യത്തിന് ജീവനക്കാരും ഉപകരണങ്ങളും ഒന്നും ഇവിടെയില്ല.

രോഗം വന്നാൽ ചികിത്സിക്കാനുള്ള സൗകര്യം ഇല്ലാത്തു പോലെ തന്നെ രോഗം വരാതിരിക്കുവാനുള്ള മുൻകരുതൽ സൗകര്യങ്ങളും പഞ്ചായത്ത് പ്രദേശത്ത് തീരെയില്ല. ബഹുഭൂരി പക്ഷം പ്രദേശങ്ങളിലും വേനൽക്കാലമായാൽ കുടിക്കുവാൻ ശുദ്ധജലം ലഭ്യമല്ല. എന്നല്ല കുളിക്കുവാനും മറ്റു പ്രാഥമീക ആവശ്യങ്ങൾക്കുപോലും വെള്ളം കിട്ടുവാനില്ല. ബഹുഭൂരിപക്ഷം പേരും കോളനികളിൽ തിങ്ങി പാർക്കുന്നു. ഇങ്ങനെയുള്ള കോളനികളിൽ ഒന്നും തന്നെപ്രാധമീക സൗകര്യങ്ങൾ ഇല്ല. കയറിക്കിടക്കുവാൻ യോജ്യമായ വീടുകളില്ല. ആർക്കും

തന്നെ പ്രാധമീക ആവശ്യങ്ങൾക്കുള്ള കക്കൂസ് സൗകര്യങ്ങളില്ല. ആരോഗ്യ പരിപാലത്തിന് വേണ്ട കലാ കായിക പ്രവർത്തനങ്ങൾ നടത്തുവാനുള്ള സൗകര്യങ്ങളില്ല. വെളിച്ചമോ, വെള്ളമോയില്ല. മറ്റുമേഖലകളിലും സ്ഥിതി വ്യത്യസ്തമല്ല. 25 – 30% പേർക്ക് മാത്രമാണ് ഗ്രാമപ്രദേശങ്ങളിൽ പ്രദമീക ജീവിത സൗകര്യങ്ങൾ ഉള്ളു. ഈ അടുത്തകാലത്തായി റബ്ബർ മരങ്ങൾ കൂടുതൽ വച്ചുപിടിപ്പിച്ചതോടെ കൊതുകു ശല്യവും കൂടുതലായി. നേര്യമംഗലം ഭാഗത്ത് ആളുകൾ തിങ്ങിപ്പാർക്കുവാൻ തുടങ്ങിയതോടുകൂടി. ഡ്രെയിനേജ് സൗകര്യങ്ങൾ ഇല്ലാത്തിടത്തൊക്കെ വെള്ളം കെട്ടിനിന്ന് കൊതുകുകൾ മുട്ടയിടുന്നതിനുള്ള സൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ട്. രോഗം പകർത്തുന്ന ഈച്ച, പാറ്റ തുടങ്ങിയ ജീവികളും വർദ്ധിച്ചിട്ടുണ്ട്. ജനസംഖ്യ വർദ്ധിക്കുന്നതോട് കൂടി പോഷകാഹാരലഭ്യത കുറഞ്ഞിട്ടുണ്ട്. കീടനാശിനികളുടെയും മറ്റു വിഷവസ്തുക്കളുടെയും ഉപയോഗം കൃഷി മേഖലയെ പുഷ്ട്ടിപ്പെടുത്താൻ ആണെങ്കിൽ പോലും ഈ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യത്തെ കാര്യമായി ബാധിച്ചുട്ടുണ്ട്. ആദ്യകാലങ്ങളിൽ ഇടതൂർന്നുനിൽക്കുന്ന വൃക്ഷങ്ങളേയും നട്ടുവളർത്തുന്ന ചെടുകളെയും തഴുകി തലോടിവരുന്ന ശുദ്ധവായു ശ്വസിച്ചും ഫലഭൂയിഷ്ടമായ മണ്ണിൽ വിളയിച്ചുണ്ടാക്കുന്ന ഭക്ഷണം കഴിച്ചും പകലന്തിയോളം അദ്ധ്വാനിച്ചും ജീവിച്ചുപോന്ന ഇവിടുത്തെ പൂർവ്വികൻമാർക്ക് കാര്യമായ രോഗങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ല എന്നുമാത്രമല്ല രാജ്യത്തെ മറ്റെവിടത്തെക്കാൾ ആയൂർദൈഘ്യം അവർക്കുണ്ടായിരുന്നു. എന്നാൽ ഈവക സൗകര്യങ്ങളെല്ലാം കൃമാനുസൃതമായി കുറഞ്ഞുവന്നതോടുകൂടി പോഷകാംശമുള്ള ഭക്ഷണ ലഭ്യത കുറയുകയും, വ്യായാമ സൗകര്യം ഇല്ലാതാകുകയും ചെയ്തു. തൻമൂലം വിവിധതരം രോഗങ്ങൾ ഈ പ്രദേശത്ത് എല്ലാ മേഖലകളിലും ഉണ്ടാകുവാൻ തുടങ്ങി. പനി, ക്ഷയം, മഞ്ഞപ്പിത്തം, വാതം, പിത്തം, ക്യാൻസർ, തിമിരം ചുരുക്കമായി കുഷ്ടരോഗം പോലും ഈ പഞ്ചായത്തിൽ കാണപ്പെടുന്നുണ്ട് ഈ അടുത്ത കാലത്തുനടന്ന കുഷ്ടരോഗ സർവ്വെയിൽ 3 പേർക്ക് കുഷ്ടരോഗമുള്ളതായി സ്ഥിരീകരിച്ചിട്ടുണ്ട്. ക്ഷയരോഗികളും, തിമിരം ബാധിച്ചവരും, മറ്റു പലരോഗത്താൽ ബുദ്ധിമുട്ടുന്നവരും ഇപ്പോൾ പഞ്ചായത്തിൽ ധാരാളം ഉണ്ട്. കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള ഫീഡിങ്ങ് സെന്ററുകൾ നാലിടത്ത് മാത്രമേ ഈ പഞ്ചായത്തിലുള്ളൂ. അംഗനവാടി ഒന്നും തന്നെയില്ല. പേപ്പട്ടി ശല്യം ചിലമേഖലകളിൽ ഇപ്പോഴും ഉണ്ടാകാറുണ്ട്. പഞ്ചായത്തിൽ മൂന്ന് സ്ഥലങ്ങളിൽ ഫാമിലി വെൽഫെയർ സെന്ററുകൾ ഉണ്ടെങ്കിലും അവയൊന്നും ജനങ്ങൾക്ക് പ്രയോജനപ്പെടുന്നരീതിയിൽ പ്രവർത്തനക്ഷമമല്ല. പ്രതിരോധത്തിനു വേണ്ടിയുള്ള കുത്തിവെയ്പ്പുകൾ യഥാസമയം നടത്തുകയോ ഗർഭിണികളെ സംരക്ഷിക്കുകയോ അവർക്ക് പോഷകാംശമുള്ള ആഹാരവും ചികിത്സയും കൊടുക്കുകയോ ചെയ്യുന്നില്ല.

ആരോഗ്യരംഗത്ത് അടിയന്തിരമായി പരിഹരിക്കേണ്ട പ്രശ്നങ്ങൾ

1. നേര്യമംഗലം പി. എച്ച്. സെന്ററിൽ രോഗികളെ കിടത്തിചികിത്സിക്കുന്നതിന് അടിയന്തിരമായി സൗകര്യമുണ്ടാക്കുക. അവിടെ വരുന്ന രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക. ആശുപത്രിയിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തുക. ഒരു ഔട്ട് പേഷ്യന്റ് വാർഡ് നിർമ്മിക്കുക.
2. നെല്ലിമറ്റത്ത് റവന്യൂ ഡിപ്പാർട്ടുമെന്റുവക വെറുതെ കിടക്കുന്ന കെട്ടിടത്തിൽ ഒരു ഗവർമെന്റ് ആയുർവ്വേദ ആശുപത്രി അനുവദിക്കുക.
3. ഊന്നുകല്ലിൽ ഒരു ഹോമിയോ ആശുപത്രി ആനുവദിക്കുക.
4. പരീക്കണ്ണിയിൽ നിലവിലുള്ള സാംസ്ക്കാരിക നിലയത്തിൽ ഒരു ആയുർവ്വേദ ആശുപത്രി അനുവദിക്കുക.
5. നേര്യമംഗലത്ത് ഉപയോഗശൂന്യമായി നശിച്ചുകൊണ്ടിരിക്കുന്ന ഖാദിബോർഡ് വക കെട്ടിടത്തിലൊരു പ്രകൃതി ചികിത്സാ ആശുപത്രിയോ, ആയുർ വേദ ആശുപത്രിയോ ആനുവദിക്കുക.
6. ഉപ്പുകുളം തലക്കോട്, ആവോലിച്ചാൽ ഫാമിലി വെൽഫെയർ സെന്ററുകളിൽ ആഴ്ചയിൽ 2 ദിവസം വീതം ഗർഭിണിക്കളെയും മറ്റുരോഗികളേയും പരിശോദിച്ച് ചികിത്സനടത്തുന്നതിനുള്ള സൗകര്യമുണ്ടാക്കുക.
7. നഗരമുടിയിലും, നീണ്ടപാറയിലും, പെരുമണ്ണൂരിലും ഓരോ ഫാമിലി വെൽഫെയർ സെന്ററുകൾ അനുവദിക്കുക.
8. രോഗപ്രതിരോധത്തിനുള്ള കുത്തിവെയ്പ്പുകൾ യഥാസമയം നടത്തുക.
9. ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് ബോധവൽകരണ സെമിനാറുകൾ നടത്തുക.
10. കൊതുകു ശല്യം തടയുന്നതിനുള്ള മുൻ കരുതലുകൾ ഏർപ്പെടുത്തുക.
11. മുഴുവൻപേർക്കും ശുദ്ധജലം ലഭ്യമാക്കുക.
12. കോളനികളിലും മറ്റു പ്രദേശങ്ങളിലും മുഴുവൻ പേർക്കും കക്കൂസ് സൗകര്യം ഏർപ്പെടുത്തുക.
13. വീടുകൾ തോറും സഞ്ചരിച്ച് ആരോഗ്യ പരിപാലന പ്രവർത്തനങ്ങൾ നടത്തുവാൻ ഉതകുന്ന ഹെൽത്ത് വിസിറ്റെറ നിയമിക്കുക.
14. വീടുകളിലും, ടൗണുകളുലും ശുചുത്വം നിലനിർത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

കുടിവെള്ളം.

പെരിയാറിനോട് തൊട്ടുരുമികിടക്കുന്ന ഈ പഞ്ചായത്തിൽ വേനൽ കാലമായാൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടുന്നു. പുല്ലുകുത്തിപ്പാറ, നെല്ലിമറ്റം, കാട്ടാട്ടുകുളം, കഴുതമറ്റം, പോത്തുകുഴി, കൊട്ടാരമുടി, നെടുംപാറ കോളനി, പുലിയൻ പാറ കോളനി, കവളങ്ങാട് ലക്ഷം വീട്, 3 സെന്റ് കോളനി, കതിരുവേലിത്തണ്ട്, നമ്പൂരിക്കുപ്പ്, തടിക്കുളം, മേതലപ്പുറത്തുപ്പാറ, കാപ്പി ത്തോട്ടം, നഗരമുടി ഹരിജൻ കോളനി, നമ്പൂരിക്കുപ്പ് ലക്ഷംവീട് കോളനി, നമ്പൂരിക്കുപ്പ് 4 സെന്റ് കേളനി, അള്ളുംങ്കൽ, കമ്പിലൈൻ, അള്ളുങ്കൽ ഒരേക്കർ കോളനി, ഇഞ്ചിപ്പാറ, അള്ളുങ്കൽ ഹരിജൻ കോളനി, തടിക്കുളം ചതുപ്പ്, പുത്തൻകുരിശ് കമ്പിലൈൻ, വില്ലാഞ്ചിറ, വെള്ളാപ്പാറത്തണ്ട്, പുലിച്ചുവട്, മേന്തണ്ട്, മണിമരുതുംചാൽ 4 സെന്റ് കോളനി, നേര്യമംഗലം 90 സെന്റ് കോളനി, നേര്യമംഗലം 46 ഏക്കർ കോളനി, നേര്യമംഗലം 4 സെന്റ് കോളനി, നേര്യമംഗലം ഹരിജൻ കോളനി, നീണ്ടപാറ അർ. എസ്. പി, കുന്ന്, നീണ്ടപാറ, ചെമ്പൻകുഴി ഹരിജൻ കോളനി എന്നിവിടങ്ങളിലെല്ലാം കടുത്ത കുടുവെള്ള ക്ഷാമം അനുഭവപ്പെടുന്ന മേഖലകളാണ്. മുൻ കാലങ്ങളിൽ ലക്ഷക്കണക്കിന് രൂപ ചിലവഴിച്ച് നടപ്പാക്കിയ കവളങ്ങാട് ശുദ്ധജല വിതരണ പദ്ധതിയും, പെരുമണ്ണൂർ ശുദ്ധജല വിതരണ പദ്ധതിയും ഒക്കെ ആസൂത്രണത്തിന്റെ തകരാറുമൂലം അമ്പേ പരാചയപ്പെട്ടു. കോതമംഗലം മുനിസിപ്പാലിറ്റിയിൽ നിന്നും മുൻകാലങ്ങളിൽ ലഭച്ചിരുന്ന വെള്ളവും ഇപ്പോൾ കാര്യമായി കിട്ടുന്നില്ല. കവളങ്ങാട് കുഴൽ കിണറിൽ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നതിന്റെ പകുതിപോലും വെള്ളം വഭിക്കുന്നില്ല. കുഴൽ കിണറുകൾ പ്രവർത്തിച്ചുകൊണ്ടുരുന്നത് റിപ്പയർ ചെയ്യാഞ്ഞതുകൊണ്ട് പ്രവർത്തനരഹിതമാണ്. ഈ വർഷം താഴ്ത്തിയ കുഴൽ കുണറുകളിൽ ഹാൻഡ് പമ്പ് ഫിറ്റുചെയ്യാത്തതിനാൽ ഉപയോഗിക്കുവാൻ കഴിയുന്നില്ല. പഞ്ചായത്തിൽ ഒരിടത്തും കനാലുകളോ, ലിഫ്റ്റ് ഇറിഗേഷനോ ഇല്ലാത്തതുകൊണ്ട് പഞ്ചായത്തു കിണറുകളും മറ്റുകിണറുകളും വേനൽ കാലത്ത് വറ്റി വരളുന്നു.

പഞ്ചായത്തിൽ 14 കുഴൽ കിണറുകൾ ഉള്ളതിൽ 6 എണ്ണം പ്രവർത്തന ക്ഷമമല്ല. 23 പൊതുകിണറുകൾ ഉള്ളതിൽ 2എണ്ണം ഉപയോഗശൂന്യമാണ്. 8 പൊതുകുളങ്ങൾ ഉള്ളതിൽ വേനൽകാലത്ത് വെള്ളമില്ല. പഞ്ചായത്തിലുള്ള പൊതു ടാപ്പികളിലോ ഹൗസ് കണക്ഷനുകളിലൊ കാര്യമായി വെള്ളം ലഭിക്കാറില്ല.

ശുദ്ധജല ലഭ്യതക്കുള്ള നിർദ്ദേശങ്ങൾ.

1. പഞ്ചായത്തിൽ മുഴുവൻ പ്രയോജനപ്പെടുന്ന കുട്ടമംഗലം ശുദ്ധ ജലവിതരണപദ്ധതി അടിയന്തിരമായി നടപ്പിലാക്കുക.
2. കവളങ്ങാട് ശുദ്ധജല പദ്ധതിയുടെ നിലവിൽ ഉപയോഗിക്കുന്ന കരിമ്പാറക്കുളം ഉപേക്ഷച്ച് കവളങ്ങാട് പഞ്ചായത്തു ചിറയിൽ കോൺക്രീറ്റ് കിണർ നിർമ്മിച്ച് പമ്പുഹൗസ് അങ്ങോട്ടുമാറ്റി സ്ഥിപിച്ച് പമ്പിംഗിനുള്ള ഏർപ്പാടുണ്ടാക്കുക.
3. പെരുമണ്ണൂർ ശുദ്ധജല പദ്ധതിക്ക് കീരംമ്പാറ പഞ്ചായത്തിലെ ശുദ്ധജല വിതരണത്തിനു നിർമ്മിച്ചുട്ടുള്ള പമ്പുഹൗസിൽ നിന്നുമാണ് വെള്ളം പമ്പ് ചെയ്യുന്നത്. ഇവിടെ നിന്നും കീരംപാറ പഞ്ചായത്തിന്റെ ആവശ്യം കഴിഞ്ഞ് പെരുമണ്ണൂർ ടാങ്കിലേക്ക് വെള്ളമടിക്കുന്നതിന് കാര്യമായ സമയം ലഭിക്കാറില്ല. അതിനാൽ 35 ലക്ഷം രൂപാമുടക്കി ഈ പഞ്ചായത്തിനു വേണ്ടി പണികഴിപ്പിച്ചിട്ടുള്ള 1.5 ലക്ഷം ലിറ്റർ വെള്ളം ഉൾക്കൊള്ളാൻ കപ്പാസിറ്റിയുള്ള പോത്തുകുഴി ടാങ്കിൽ വേനൽ കാലത്ത് വെള്ളം എത്താറെയില്ല. അതുകൊണ്ട് ഇത്രയും ഭാരിച്ച തുകചിലവാക്കി ഉണ്ടാക്കിയ ഈ പദ്ധതിക്കുവേണ്ടി മാത്രം കീരപാറക്കുളത്തിൽ പ്രത്യേകം പമ്പുഹൗസ് സ്ഥാപിച്ച് വെള്ളം പമ്പുചെയ്യുന്നതിനുള്ള സൗകര്യം യുദ്ധകാല അടിസ്ഥാനത്തിൽ നടപ്പിലാക്കുക.
4. അംഗീകരിച്ചു വന്നിട്ടുള്ള 17 ലക്ഷം രൂപയുടെ അള്ളുങ്കൽ ഹരിജൻ കോളനി സ്കീം എത്രയും വേഗം നടപ്പിലാക്കുക.
5. വളരെ മുമ്പുതന്നെ ടെണ്ടർ ചെയ്യാമായിരുന്ന 18 ലക്ഷം രൂപയുടെ നേര്യമംഗലം ഹരിജൻ കോളനി സ്കീം ബന്ധപ്പെട്ട അധികാരികൾ നിസ്സാരമായ സാങ്കേതിക തടസ്സങ്ങൾ പറഞ്ഞ് നീട്ടികൊണ്ടിരിക്കുകയാണ്. അലംഭാവം അവസാനിപ്പിച്ച് ആടിയന്തരമായി ഈ പദ്ധതി ടെണ്ടർ ചെയ്ത് പണി പൂർത്തിയാക്കുക.
6. നഗരമുടി ഹരിജൻ കോളനിയിൽ വെള്ളം എത്തിക്കുന്നതിന് ആവശ്യമായ പുതിയ പദ്ധതിക്ക് വേണ്ടത്ര വെള്ളം ലഭിക്കാവുന്ന സ്ഥലം ലഭ്യമാണ്. അതുകൊണ്ട് ആപദ്ധതി അടിയന്തിരമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
7. മാരമംഗലം, കണ്ണാടിക്കേട്, കരിമരുംതുംചാൽ തുടങ്ങിയ ഭാഗങ്ങളിലേക്ക് ഇട്ടിരിക്കുന്ന ടാപ്പുകളിൽ തൊട്ടടുത്തു വന്നുനിൽക്കുന്ന മുനിസിപ്പൽ ലൈനിൽ നിന്നും കണക്ഷൻ കൊടുത്ത് വെള്ളം എത്തിക്കുക.
8. പുല്ലുകുത്തിപാറ കോളനിയിലും, അള്ളുങ്കൽ പള്ളികുന്ന് കോളനിയിലും, വില്ലാഞ്ചിറ കോളനിയിലും, ഇഞ്ചിപ്പാറ ഒരേക്കർ കോളനിയിലും, മണിമരുതുംചാൽ 4 സെന്റ് കോളനിയിലും നിർമ്മിച്ചുട്ടുള്ള കു

ഴൽ കിണറുകളിൽ ഹാൻഡ് പമ്പ് ഫിറ്റ്ചെയ്ത് ആ കോളനിവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുക.

9. കതിരുവേലിത്തണ്ട് ഭാഗത്ത് താഴ്ത്തിയിട്ടുള്ള കിണറിൽ കംപ്രഷർ സ്ഥാപിച്ച് രൂക്ഷമായ കുടുവെള്ള ക്ഷാമമുള്ള ആമേഖലകളിൽ കുടിവെള്ളം എത്തിക്കുക.
10. നിലവിൽ ഈ പഞ്ചായത്തിലുള്ള മുഴുവൻ ടാപ്പുകളിലും കുടിവെള്ളം ലഭ്യമാക്കുവാനും, അപേക്ഷകർക്കെ ല്ലാം അടിയന്തിരമായി വാട്ടർ കണക്ഷൻ ലഭിക്കുവാനും നടപടിസ്വീകരിക്കുക.
11. നെടുംമ്പാറ ഹരിജൻ കോളനിയിലും, പുലിയൻ പാറ ഹരിജൻ കോളനിയിലും, കവളങ്ങാട് ലക്ഷൻ വീട് 3 സെന്റ് കോളനികളിലും, നമ്പൂരിക്കുപ്പ് ലക്ഷം വീട് 4 സെന്റ് കോളനികളിലും, നെല്ലിമറ്റം ടൗ ണിലും, നഗരമുടി പുത്തൻകുറിശ് ഹരിജൻ കോളനികളിലും, 46 ഏക്കർ, 90 സെന്റ്, 4 സെന്റ് കോ ളനികളിലും നേര്യമംഗലം ടൗണിലും, തേങ്കോട് കമ്പിലൈൻ ഭാഗത്തും കുഴൽ കിണർ സ്ഥാപിക്കുക.
12. മേതലപ്പുറത്തപാറ ഭാഗത്ത് വെള്ളം എത്തിക്കുവാൻ ഉതകുന്നതും ഭാഗീകമായിപണിതീർന്നുകിടക്കു ന്നതുമായ വെള്ളാമകുത്ത് സാമൂഹിക ജലസേചന പദ്ധതി അടിയന്തിരമായി നടപ്പിലാക്കുക.
13. നിലവിലുള്ള പഞ്ചായത്തുവക കിണറുകൾ പുനരുദ്ധിക്കുകയും പുതിയകിണറുകൾ അടിയന്തിരമായി ആവശ്യമുള്ളിടത്ത് നിർമ്മിക്കുകയും ചെയ്യുക.
14. വേനൽ കാലത്ത് എല്ലാ പ്രദേശങ്ങളിലും വെള്ളം എത്തിക്കുവാൻ പ്രയോജനപ്പെടുന്ന വില്ലാഞ്ചിറ ലി ഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ മൂവാറ്റുപുഴവാലി കനാൽ ഈ പഞ്ചായത്തിന്റെ 1ഉം 2ഉം വാർഡുകളിൽ നിർമ്മിക്കുവാനുള്ള നിർദ്ദേശവും അടിയന്തിരമായി നടപ്പിലാക്കുക.
15. ഉപ്പുകുഴി, കാപ്പിത്തോട്ടം ഭാഗങ്ങളിലേക്ക് തൊട്ടടുത്തുള്ള ചാത്തമറ്റം ശുദ്ധജലവിതരണ പദ്ധതിയിൽ നി ന്നും പൈപ്പുകണക്ഷൻ അടിയന്തിരമായി നൽകുക.
16. നേര്യമംഗലത്ത് ആശുപത്രി വളപ്പിലും, പോസ്റ്റോഫീസ് ജംഗ്ഷനിലും, നവോദയാ ട്രാൻസ്ഫോർമർ ജംഗ്ഷനിലും, പ്രവർത്തനരിഹിതമായി കിടക്കുന്ന കുഴൽ കിണറുകൾ അടിയന്തിരമായി നന്നാക്കി ഉപ യോഗയോഗ്യമാക്കുക.
17. കൊമ്പനാം തണ്ട്, തവളച്ചാലിൽ കോളനി, പിള്ള ക്കോളനി, പുല്ലുകുത്തിപാറ, പഴുക്കാനി, താമരച്ചാലിൽ കോളനി, കുറുങ്കുളം, കരിമരുതുംചാൽ എന്നിവിടങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുക.
18. കരിമരുതുംചാൽ, വരമ്പുപാറ (വാളാചിറ) കോട്ടപ്പാടം എന്നിവിടങ്ങളിൽ ചെക്കുഡാം നിർമ്മിക്കുക.
19. കുടിവെള്ളക്ഷാമം ഉള്ളമേഖലകളിൽ സ്ഥിരമായി കുടിവെള്ളസംവിധാനം ഉണ്ടാകുന്നതുവരെ വേനൽക്കാ ലത്ത് ലോറിയിൽ വെള്ളമെത്തിക്കുവാൻ സംവിധാനം ഉണ്ടാക്കുക.
20. ഗ്രമീണ ശുദ്ധജല വി.രണ പദ്ധതിയിൽ ഉൾപ്പെടുത്തി നേര്യമംഗലം അമ്പലം കടവിൽ പമ്പ് ഹൗസ് സ്ഥാപിച്ച് 4 സെന്റ് കോളനിയിലും 90 സെന്റ് കോളനിയിലും ശുദ്ധജലമെത്തിക്കുക.

കവളങ്ങാട് ഗ്രമപഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരം കാണുവാൻ ഉതകുന്ന "കുട്ടമംഗലം ശുദ്ധജല വിതരണ പദ്ധതി"ക്ക് പ്രത്യേക പരിഗണന നൽകുന്നതു സംബന്ധിച്ചുള്ള സ്പെഷ്യൽ റിപ്പോർട്ട്.

പെരിയാറ്റിൽ നേര്യമംഗലം പാലത്തിനു സമീപം ഫൈറ്റോ കെമിക്കൽസിനുവേണ്ടി നിർമ്മിച്ച് ഇപ്പോൾ ഉപ യോഗമില്ലാതെ കിടക്കുന്ന കോൺക്രീറ്റ് കിണറിൽനിന്നും വെള്ളം പമ്പുചെയ്ത് ഒരു കി. മി. അകലെയുള്ള പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ വില്ലാംചിറയിൽ കൊച്ചി-മധുര ഹൈവേയുടെ ഓരത്ത് ജില്ലാകൃഷി ത്തോട്ടത്തിൽ നിന്നും വിട്ടുകിട്ടുവാൻ നടപടി പൂർത്തിയാക്കിയിട്ടുള്ള 1 ഏക്കർ 20 സെന്റ് സ്ഥലത്ത് പണി യുന്ന ട്രീറ്റ്മെന്റ് പ്ലാന്റിലും, ടാങ്കിലും എത്തിച്ച് ശുദ്ധീകരിച്ച് അവിടെനിന്നും പഞ്ചായത്തിന്റെ മുഴുവൻ മേഖലയിലും കുടിവെള്ളമെത്തിക്കുവാനുള്ളതായിരുന്നു 3.13 കോടി രൂപാ എസ്റ്റിമേറ്റുള്ള കുട്ടമംഗലം ശുദ്ധ ജല വിതരണ പദ്ധതി.

എന്നാൽ പിന്നീട് പഞ്ചായത്ത് ഭരണസമിതിയോ, ആവശ്യക്കാരായ ജനങ്ങളോ അറിയാതെ ഈ സ്കീമിൽ കാതലായ പ്രായോഗികമല്ലാത്ത മാറ്റം വരുത്തി. പാലത്തിനു സമീപമുള്ള കിണറിനു പകരം 6 കി. മി. താ ഴെമാറി ആവോലിച്ചാലിൽ കോതമംഗലം ഓഗ്മെന്റേഷൻ സ്കീമിനുവേണ്ടി നിർമ്മിച്ച് ഉപേക്ഷിച്ച കിണറിൽ നിന്നും വെള്ളം പമ്പ്ചെയ്ത് വില്ലാംചിറക്കുപകരം 6 കി. മി. അകലെ മേന്തണ്ടിൽ ഫോറസ്റ്റിൽ നിന്നും വിട്ടുകിട്ടാത്തതും, അടുത്തകാലത്തൊന്നും വിട്ടുകൂട്ടുവാൻ സാദ്ധ്യതപോലുമില്ലാത്ത ഒരു വ്യക്തിയുടെ വ കസ്ഥലത്ത് അവരുടെ അനുവാദം പോലും വാങ്ങാതെ ട്രീറ്റ്മെന്റ് പ്ലാന്റും, ടാങ്കും പണിത് എല്ലാ മേഖല യിലും വെള്ളമെത്തിക്കാനുള്ള പദ്ധതിയാണ് മാറ്റിതയ്യാറാക്കി അയച്ചത്.

ഇങ്ങനെ അയച്ച സ്കീമിൽ പഞ്ചായത്തിലെ 7, 8, 9, 10 എന്നീ നാലു വാർഡുകളിൽ വെള്ളമെത്തിക്കാൻ മാത്രം പ്രയോജനപ്പെടുമാറ് 1.61 കോടി രൂപാ മാത്രമേ അനുവദിച്ചിട്ടുള്ളു. മേൽപറഞ്ഞ പ്രകാരം പദ്ധതി പ്രായോഗികമാക്കാൻ പറ്റാത്തവിധത്തിൽ മാറ്റി തയ്യാറാക്കി അയച്ചതുകൊണ്ട് അനുവദിച്ച തുകപോലും ചി

ലവഴിക്കാൻ കഴിയാതെ ഈ സ്കീം ടെണ്ടർപോലും ചെയ്യുവാനാകാതെ നിർജ്ജീവമായികിടക്കുകയാണ്. നിസ്സാരമായ അശ്രദ്ധമൂലം ഒരു പഞ്ചായത്തിന്റെ മുഴുവൻ സ്വപ്നമാണ് തകർന്നടിഞ്ഞുകിടക്കുന്നത്.

അടിയന്തിരമായി ആദ്യം തയ്യാറാക്കിയ രൂപത്തിൽ, നേര്യമംഗലം കിണറിൽ നിന്നും വെള്ളം പമ്പുചെയ്ത് വില്ലാം ചിറയിൽ ടി 1 ഏക്കർ 20 സെന്റ് സ്ഥലത്ത് ടാങ്കും, ട്രീറ്റ് മെന്റ് പ്ലാന്റും പണിത് പഞ്ചായത്തിൽ എല്ലാ ഭാഗത്തും വെള്ളമെത്തിക്കാനുള്ള പദ്ധതിതയ്യാറാക്കി അംഗീകാരം നൽകി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കി ഈ ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരമുണ്ടാക്കേണ്ടതാണ്.

വിദ്യാഭ്യാസം.

ഈ പഞ്ചായത്തിൽ സ്വാതന്ത്രകാലഘട്ടത്തുനു മുമ്പുതന്നെ 1928 – ൽ വരാപ്പുഴ ലത്തീൻ കത്തോലിക്കാ അതിരൂപത മെത്രാപോലീത്താ തിരുമേനി ഏയ്ഞ്ചൽ മേരിയുടെ താൽപ്പര്യ പ്രകാരം മൂവാറ്റുപുഴ പള്ളി വികാരി ആയിരുന്ന ഫാ: എവസേബിയൂസ് (ഒ. സി. ഡി) മാനേജരായി ഔർ ലേഡി ഓഫ് മൗണ്ട് കാർമൽ മലയാളം പ്രൈമറി സ്കൂൾ (ഒ. എൽ. എം. സി. എൽ. പി. എസ്.) സ്വകാര്യ മേഖലയിൽ കവളങ്ങാട് ആരംഭിച്ചതോടെയാണ്. പൊതുവിദ്യഭ്യാസത്തിന് തുടക്കം കുറിച്ചത്. അതുവരെ പ്രഥമീകവിദ്യാഭ്യാസത്തിനു വേണ്ടി മഹാഭൂരിപക്ഷം കുട്ടികളും ആശാൻ കളരിയെ (കുടി പള്ളിക്കൂടം) യാണ് ആശ്രയിച്ചുരുന്നത്. പ്രദേശത്തിന്റെ വിവിധമേഖലകളിൽ കളരികൾ നല്ലരീതിയിൽ പ്രവർത്തിച്ചിരുന്നു. എഴുത്തും വായനയും അൽപ്പം കണക്കുമാണ് അവിടെ അഭ്യസിച്ചിരുന്നത്. കുട്ടുകളെ എഴുത്തിനിരുത്തുക, ഓല പിടിപ്പിക്കുക തുടങ്ങിയ ചടങ്ങുകൾ കുടുംബാംഗങ്ങൾ ആഘോഷ പൂർവ്വം ആചരിച്ചിരുന്നു. പഠിപ്പിച്ച ഗുരുനാഥനെ ഭയഭക്തിയെടുകൂടി കുട്ടികൾ ആദരിച്ചുപോന്നു. സ്വന്തം കുട്ടികളെ പോലെയാണ് ആശാൻമാർ തന്റെ വിദ്യാർത്ഥികളെ നോക്കിയിരുന്നത്. 1937 – ൽ കവളങ്ങാട് സെന്റ് ജോൺസ് പള്ളിയുടെ മാനേജ് മെന്റിൽ സെന്റ് ജോൺസ് യു. പി. സ്കൂൾ ആരംഭിച്ചതോടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ഈ പ്രദേശത്തെ കുട്ടികൾക്ക് സൗകര്യം ലഭിച്ചു. സാമ്പത്തികമായും, സാമൂഹികമായും മുന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഈ സ്കൂളിൽ പഠിച്ചുകൊണ്ടുരുന്നത്. ഫീസ് കൊടുത്താണ് കുട്ടികൾ പഠിച്ചുകൊണ്ടിരുന്നത്. അക്കാലത്ത് 5 രൂപ മാത്രമായിരുന്നു അദ്ധ്യാപകർക്ക് ശമ്പളം കൊടുത്തിരുന്നത്. അതും കൃത്യമായി ലഭിച്ചിരുന്നില്ലെന്നും അനുഭവസ്ഥർ പറഞ്ഞുകേൾക്കുന്നുണ്ട്. 1939 – ൽ കവളങ്ങാട് സെന്റ് ജോൺസ് പള്ളിയുടെ മാനേജുമെന്റിൽ തന്നെ മലയാളം ലോവർപ്രൈമറി സ്കൂൾ പ്രപർത്തനമാരംഭിച്ചു. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് കോതമംഗലത്ത് മാർബേസിൽ ഹൈസ്ക്കൂളിനെയാണ് ആശ്രയിച്ചുരുന്നത്. മൈലുകളോളം കാൽനടയായിട്ടാണ് കുട്ടികൾ സ്കൂളിൽ പോയിവന്നിരുന്നത്. 1951 – ൽ സെന്റ് ജോൺസ് യു. പി. സ്കൂൾ ഹൈസ്ക്കൂളായി ഉയർത്തി. ഒരു ഹൈസ്ക്കൂൾ മാത്രമേ ഉണ്ടായിരുന്നുള്ളു എങ്കിലും വിദ്യാർത്ഥികൾ വളരെ കുറവായിരുന്നു. ഫീസ് കൊടുക്കുന്നതിനുള്ള സാമ്പത്തിക ശേഷിക്കുറവും, സാമൂഹ്യമായ പിന്നോക്ക അവസ്ഥയും ഇതിനൊരു കാരണമായിരുന്നു. നിർബന്ധിതവും, സൗജന്യവും, സാർവ്വത്രികവുമായ വിദ്യാഭ്യാസം എന്ന ഭരണതത്വം ആകാലങ്ങളിൽ പാലിക്കപ്പെട്ടിരുന്നില്ല. വിദ്യാഭ്യാസരംഗത്ത് നമ്മുടെ സംസ്ഥാനത്തുണ്ടായ പുതിയ നിയമ നിർമ്മാണത്തിന്റേയും അതുവഴിയുണ്ടായ ഭരണപരിഷ്ക്കാരങ്ങളുടേയും ഫലമായി കൂടുതൽ കൂടുതൽ കുട്ടികളേയും, രക്ഷകർത്താക്കളേയും വിദ്യാഭ്യാസത്തിലേക്ക് ആകർഷിക്കുവാൻ കഴിഞ്ഞു. ഇതേതുടർന്നുണ്ടായ വസ്തുനിഷ്ഠമായ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ കൂടുതൽ വിദ്യാലയങ്ങൾ പഞ്ചായത്തിന്റെ വിവിധപ്രദേശങ്ങളിൽ ഉയർന്നു വരുകയുണ്ടായി. നിലവിൽ നമ്മുടെ പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി 10 എൽ. പി. സ്ക്കൂളുകളും, 3 യു. പി. സ്ക്കൂളുകളും, യു. പി. യോടുകൂടുയ 3 ഹൈസ്ക്കൂളുകളും നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ 5 പാരലൽ കോളേജുകളും, 5 റ്റൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും, 4 തയ്യൽ പരിശീലന സ്ക്കുളുകളും, ഊന്നുകല്ലിലും, നേര്യമംഗലത്തും സി.ബി.എ.സി. സിലബസ്സോടുകൂടി യഥാക്രമം – ഹൈറേഞ്ച് പബ്ലിക് സ്ക്കൂൾ, പെരിയാർ പബ്ലിക് സ്ക്കൂൾ എന്നീ സ്വകാര്യ വിദ്യാലയങ്ങളും ഇവകൂടാതെ നേര്യമംഗലം ഹൈസ്ക്കുളിനേട് ചേർന്ന് ഒരു വൊക്കേഷണൽ ഹൈയർ സെക്കന്ററി സ്ക്കൂളും നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. നേര്യമംഗലത്ത് പെരിയാറിന്റെ തീരത്ത് എല്ലാവിധ സൗകര്യങ്ങളോടും കൂടി ഒരു നവോദയാ വിദ്യാലയം പ്രവർത്തിക്കുന്നണ്ട്. നമ്മുടെ രാജ്യത്തിന്റെ വിവിധസംസ്ഥാനങ്ങളിൽ നിന്നുള്ള സമർത്ഥരായ പ്രത്യേകം ടെസ്റ്റുകളെഴുതി വിജയിച്ചിട്ടുള്ള വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നത്. നമ്മുടെ താലൂക്കിലെ ഒരേഒരു കേന്ദ്രീയ വിദ്യാലയമാണ് ഇതെന്ന് പ്രത്യേകം എടുത്തുപറയാവുന്നതാണ്. അതുപോലെ തന്നെ എറണാകുളം ജില്ലയിലെ ഒരേഒരു ജവഹർ നവോദയാ വിദ്യാലയം ഇതുതന്നെയാണ്. കൂടാതെ, അറബിക് വിദ്യാഭ്യാസത്തിനുള്ള ഒരു അറബിക് കോളേജും നേര്യമംഗലത്ത് പെരിയാറിന്റെതീരത്ത് ശാന്തമായ അന്തരീക്ഷത്തിൽ നല്ലരീതിയിൽ പ്രവർത്തിക്കുന്നു. കൂടാതെ 5 നഴ്സറിസ്ക്കൂളുകളും 6 ബാലപാടികളും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിനകത്തുള്ള വിദ്യാലയങ്ങളും, വിദ്യാർത്ഥികളുടെ എണ്ണവും, പട്ടികയിൽ കൊടുത്തിരിക്കുന്നു. ഇതിനുപുറമേ 1500 ഓളം കുട്ടികൾ സമീപപ്രദേശമായ കോതമംഗലത്തും മറ്റുമായി പഠിക്കുന്നുണ്ട്. സാമ്പത്തികമായി ഉയർന്ന വിഭാഗങ്ങളിലെ കുട്ടികൾ പഞ്ചായത്തിനുവെളിയിലുള്ള ബോർഡിംഗ് സ്ക്കൂളുകളിലും മറ്റുമായി പഠിക്കുന്നുണ്ട്. ഇവരിൽ മഹാഭൂരിപക്ഷവും, ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലാണ് പഠിക്കുന്നത്. പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം കഴിഞ്ഞകുറെ വർഷങ്ങളിലെ കണക്കുപരിശോധിച്ചാൽ കുറഞ്ഞുവരുന്നതായി കാണാം. ജനന നിരക്കിലുള്ള കുറവ് അടുത്ത പട്ടണപ്രദേശങ്ങളിലെ കൂടുതൽ മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണം, ഇംഗ്ലീഷ്മീഡിയ ഭ്രമം ഇവയൊക്ക ഇതിനു കാരണങ്ങളാണെന്നുകാണാം. വിദ്യാർത്ഥിളുടെ എണ്ണം ഏറ്റവും കുറഞ്ഞ സ്ക്കൂൾ ചെമ്പൻകുഴി ഹരിജൻ വെൽഫെയർ യു. പി. എസ്. ആണ്. അതുകൊണ്ട് ഈ സ്ക്കൂളിനെ അൺ എക്കണോമിക്കായി പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെ മണിമരുതുംചാൽ ഗവ: എൽ. പി. സ്കൂളിൽ വിദ്യാർത്ഥികൾ തുലോം പരിമിതമാണ്. എറണാകുളം ജില്ലയിലെ ഏറ്റവും പിന്നോക്കാവസ്ഥയിൽ കിടക്കുന്ന ഉൾനാടൻ മേഖലയായതിനാലും, യാത്രാ - താമസ സൗകര്യങ്ങൾ പരിമിതമായതിനാലും ഈ സ്ക്കൂളുകളിൽ സ്ഥിരമായി ജോലിനോക്കുവാൻ അദ്ധ്യാപകർ തയ്യാറായിവരുന്നില്ല. വർഷങ്ങളായി തുടർന്നുവരുന്ന അദ്ധ്യാപകരുടെ കുറവാണ് ഈ സ്ക്കൂളുകളിൽ വിദ്യാർത്ഥികൾ കുറയുവാനുള്ള കാരണം.

ഈ പഞ്ചായത്തിലെ ആളള്ളുങ്കൽ, പാച്ചോറ്റി, ചുള്ളിക്കണ്ടം, തേങ്കോട് പ്രദേശങ്ങൾ നിലവിലുള്ള സ്ക്കൂളുകളിൽ നിന്നും വളരെ അകലെയായിസ്ഥിതിചെയ്യുന്നു.. ആ കാരണം കൊണ്ടുതന്നെ ആ പ്രദേശങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഒരു എൽ. പി. സ്ക്കൂൾ ഈ പ്രദേശങ്ങളുടെ മദ്ധ്യഭാഗത്തായി സ്ഥാപിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ആകെയുള്ളത് 13 വിദ്യാലയങ്ങളാണ്. നാലെണ്ണം സർക്കാർ ഉടമസ്ഥതയിലും ബാക്കിയുള്ളത് സ്വകാര്യ ഉടമസ്ഥതയിലുമാണ് പ്രവർത്തിക്കുന്നത്. പഠന നിവവാരത്തിലും, അച്ചടക്കത്തിലും സർക്കാർ സ്ക്കൂളുകൾ സ്വകാര്യ സ്ക്കൂളുകളേക്കാൾ മോശമാണെന്നുള്ള പൊതുധാരണ നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അസ്ഥാനത്താണെന്ന് വിജയനിലവാരകണക്കുകൾ പരിശോധിച്ചാൽ ബോദ്ധ്യമാകും. ഗവർമെന്റ് സ്ക്കൂളുകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ യഥാവസരങ്ങളിൽ നികത്തുകയും, ഫർണ്ണീച്ചറുകളും, പഠനഉപകരണങ്ങളും കൂടുതൽ ലഭ്യമാക്കുകയും, പി. റ്റി. എ. കൂടുതൽ കാര്യക്ഷമമാക്കുകയും, എല്ലാ സ്ക്കൂളുകളുലും മാതൃസംഗമം രൂപീകരിക്കുകയും ചെയ്താൽ കൂടുതൽ ഉയർന്ന നിലവാരത്തിൽ നമ്മുടെ കുട്ടികളെ എത്തിക്കുവാൻ കഴിയും. സ്വകാര്യമേഖലയിലെ സ്ക്കൂളുകളിലും പി. റ്റി. എ.യുടെ പ്രവർത്തനവും കൂടുതൽ ജനപങ്കാളിത്തവും ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. ഗുണനിലവാരം പ്രൈമറി, ഹൈസ്ക്കൂൾ മേഖലകളിലാകെ ഇനിയും വളരെയേറെ മെച്ചപ്പെടുത്തേണ്ടതുണ്ട്. വിദ്യാലയങ്ങളിലെ പഠനനിലവാരത്തേക്കുറിച്ച് വിശദമായ പഠനങ്ങളൊന്നും നടത്തിയിട്ടില്ലെങ്കിലും ഇപ്പോൾ നടത്തിയ പ്രാഥമിക പഠനം കാണിക്കുന്നത് 25% - ത്തിലധികം വിദ്യാർത്ഥികൾ പ്രതീക്ഷിക്കുന്ന മിനിമംനിലവാരത്തിലും താഴെയാണ് എന്നതാണ്. നമ്മുടെ പഞ്ചായത്തിലെ 3 ഹൈസ്ക്കൂളുകളിലെ കഴിഞ്ഞമൂന്നു വർത്തെ വിജയ ശതമാനം താഴെചേർക്കുന്നു.

നമ്പർ	സ്ക്കൂളിന്റെ പേര്	വർഷം		
		1993 - 94	94 - 95	95 - 96
1.	സെൻ ജോൺസ് എച്ച്. എസ്. കവളങ്ങാട്	28%	21%	54%
2.	ലിറ്റിൽ ഫ്ളവർ എച്ച്. എസ്. ഊന്നുകൽ	ലഭ്യമല്ല	-	53%
3.	ഗവ: വൊക്കേഷണൽ ഹൈയർ സെക്കന്ററി സ്ക്കൂൾ, നേര്യമംഗലം.	48%	38%	39%

ഈ പഞ്ചായത്തിലെ ഏക തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനമാണ് നേര്യമംഗലത്തെ വൊക്കേഷണൽ ഹൈയർ സെക്കൻണ്ടറി സ്ക്കൂൾ. 1984 - 85 വർഷത്തിൽ ഇത്തരം സ്ക്കൂളുകളുടെ സംസ്ഥാനതല ഉത്ഘാടനം നിർവ്വഹിച്ചത് ഇവിടെയാണ് സ്ഥിരമായ അദ്ധ്യാപകരോ ആവശ്യത്തിന് ലബോർട്ടറി സൗകര്യങ്ങളോ, പഠന ഉപകരണങ്ങളോ ഈ സ്ക്കുളിൽ ഇന്നുവരെ ലഭ്യമായിട്ടില്ല. എസ്. എസ്. എൽ. സി. ക്കുശേഷം ഈ പഞ്ചായത്തിലെ ഉപരിപഠനത്തിനുള്ള ഏകസ്ഥാപനവും ഈ സ്ക്കൂളണ്. ഇവിടെ സ്ഥിരമായി അദ്ധ്യാപകരെ നിയമിക്കേണ്ടതും ലാബുസൗകര്യ മുണ്ടാക്കേണ്ടതും അടിയന്തിരാവശ്യമാണ്.

സാക്ഷരതാ പ്രവർത്തനം.

സംസ്ഥാനത്ത് സമ്പൂർണ്ണ സാക്ഷരതാ യജ്ഞം ആരംഭിച്ചപ്പോൾതന്നെ പഞ്ചായത്തിൽ സാക്ഷരതാ പ്രവർത്തനം ആരംഭിക്കുകയും വിജയകരിമായി പൂർത്തിയാക്കുകയും ചെയ്തു. തുടർ വിദ്യാഭ്യാസ പരിപാടികളുടെ ഭാഗമായി നെല്ലിമറ്റം, തലക്കോട്, നേര്യമംഗലം, നീണ്ടപാറ, നമ്പൂരിക്കുപ്പ് എന്നിവിടങ്ങളിൽ ജനവിദ്യാകേന്ദ്രങ്ങളും പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 29 അക്ഷര സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും, ശ്രീമതി. പി. ലീല കോ-ഓർഡിനേറ്ററായും ഒരു സാക്ഷരതാ സമിതി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ സ്ക്കൂളുകളുടെ വിവരങ്ങൾ

നമ്പർ	സ്ക്കൂളിന്റെ പേര്	സ്ഥാപിച്ച വർഷം	ഗവ: / സ്വകാര്യ	വിദ്യാർത്ഥികളുടെ എണ്ണം	അദ്ധ്യാപകർ	പു	സ്ത്രീ
1.	ഒ. എൽ. എം. സി. എൽ. പി. എസ്. കവളങ്ങാട്	1928	സ്വകാര്യം	122	5	2	3
2.	സെന്റ് ജോൺസ് എൽ. പി. എസ. നെല്ലിമറ്റം.	1939	"	159	7	3	4
3.	ബി. പി. എം. എൽ. പി. എസ്. പെരുമണ്ണൂർ	1983	'	110	4	1	3
4.	സെന്റ് ജോസഫ് എൽ. പി. എസ്. നെല്ലിമറ്റം	1950	'	227	8	1	7
5.	ഗവ: എൽ. പി. എസ്. മണിമരുതുംചാൽ		ഗവ:				
6.	സെന്റ് മേരീസ് എൽ. പി. എസ്. നീണ്ടപാറ		'				
7.	ലിറ്റിൽ ഫ്ളവർ എൽ. പി. എസ്. ഊന്നുകൽ	1955	സ്വകാര്യം	487	14	2	12
8.	ഗവ: യു. പി. എസ്. തലക്കോട്	1955	ഗവ:	305	11	4	7
9.	സെന്റ് ജോസഫ്സ് എൽ. പി. എസ്. നെല്ലിമറ്റം	1954	സ്വകാര്യം	238	10	–	10
10.	ജി. എച്ച്. ഡബ്ലിയു. യു. പി. എസ്. ചെമ്പൻകുഴി	–	ഗവ:	171	7	6	1
11	സെന്റ് ജോൺസ് എച്ച. എസ്. കവളങ്ങാട്.	1937	സ്വകാര്യം	464	25	9	16
12.	ലിറ്റിൽ ഫ്ളവർ ഹൈസ്ക്കൂൾ ഊന്നുകൽ	1968		1077	43	10	33
13.	ഗവ: വി. എച്ച്. എസ്. സി. നേര്യമംഗലം.	1948	ഗവ:	1370	44	18	26

പ്രശ്നങ്ങൾ

1. ഹൈസ്ക്കുളുകളിലെ എസ്. എസ്. എൽ. സി. വിജയശതമാനം താരതമ്യേന കുറവാണ്.
2. പല സ്ക്കൂളുകളുടെയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.
3. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറക്കുവാനുള്ള സാദ്ധ്യത മിക്ക സ്ക്കൂളുകളിലും നിലനിൽക്കുന്നു.
4. ഇംഗ്ലീഷ്മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരുന്നു.
5. നേര്യമംഗലം വി. എച്ച്. എസ്. സി. കോഴ്സിന് സ്ഥിരഅദ്ധ്യാപകർ ഇല്ലാത്തതും ലാബ് സൗകര്യമില്ലാത്തതും ഈകോഴ്സിന്റെ നിലവാരത്തെ ദോഷകരമായി ബാധിക്കുന്നു.
6. സ്ക്കൂൾ വിദ്യാർത്ഥികളുടെ നിരക്ഷരത കുറക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോഴും ഗണ്യമായ അളവിൽ

അത് നിലനിൽക്കുന്നു.

7. നേര്യമംഗലം. ഗവ: വി. എച്ച്. എസ് – യു. പി വിഭാഗത്തിന് ചുറ്റുമതിൽ ഇല്ലാത്തതും, ക്വാർട്ടേഴ്സിന്റെ അപര്യാപ്തതയും സ്ക്കൂളിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്.
8. നിലവിലുള്ള ബാലപാടികളിലെ സൗകര്യം വർദ്ധിപ്പിക്കണം, പഠനോപകരണങ്ങളില്ലാ.
9. കലാഭ്യാസത്തിന് വേണ്ട സൗകര്യങ്ങളില്ല.
10. കായിതരംഗത്ത് വേണ്ടത്ര സൗകര്യങ്ങളും പ്രോത്സാഹനവും ഇല്ല.
11. സാങ്കേകിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ്.
12. ഉപരി പഠനസൗകര്യം ഒന്നും തന്നെ നിലവിലില്ല.
13. അദ്ധ്യാപകരിൽ 70% ഉം വനിതകളായതുകൊണ്ട് പല വിദ്യാലയങ്ങളുടെയും പാഠ്യേതര വിഷയങ്ങളിലെ പ്രവർത്തനങ്ങളെ ബാധിക്കുന്നു.
14. ഉൾപ്രദേശങ്ങളിൽനിന്നും കുഞ്ഞുകുട്ടികളെ പ്രൈമറി വിദ്യാലയങ്ങളിലേക്ക് അയക്കുവാനുള്ള ദൂരത്തിന്റെ പ്രശ്നം.
15. ഗവ സ്ക്കൂളുകളിൽ കെട്ടിടങ്ങളുടെയും, ഉപകരണങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും അപര്യാപ്തത.

പരിഹാരമാർഗ്ഗങ്ങൾ

നമ്മുടെ പഞ്ചായത്തിലെ നെടുംമ്പാറ കോളനി, തേങ്കോട്, വില്ലാംചിറ, ഒരേക്കർ കോളനി, നേര്യമംഗലം ഹരിജൻ സമാജം വക സ്ഥലം, ചെമ്പൻകുഴി യു. പി. സ്ക്കൂളിനോട് അനുബന്ധമായും നേര്യമംഗലം കോളനിവക സൊസൈറ്റി കെട്ടിടത്തിലും ഓരോ അംഗൻവാടികൾ സ്ഥാപിക്കുക.

തേൻകോട്, അള്ളുങ്കൽ, കതിരുവേൽ തണ്ട്, ഭാഗങ്ങളിൽ ഓരോ എൽ. പി. സ്ക്കൂളുകൾ സ്ഥാപിക്കുക. ഗവ: സ്ക്കുളുകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ അടിയന്തിരമായി പരിഹരിക്കുക. തലക്കോട് ഗവ: യു. പി. സ്ക്കൂളിന് കളിസ്ഥലവും, പാചകമുറിയും നിർമ്മിക്കുക. നേര്യമംഗലം ഗവ: വി. എച്ച്. എസ്. എസ്. ന്റെ (എൽ) ടൈപ്പ് കെട്ടിടം പി. ഡബ്ലിയു. ഡി. ഏറ്റെടുത്ത് അടിയന്തിരമായി അറ്റകുറ്റ പണി നടത്തുക. നേര്യമംഗലം ഗവ: വി. എച്ച്. എസ്. എസ് – എൽ. പി. യു. പി., വിഭാഗം, ഹൈസ്ക്കൂൾ വിഭാഗം എന്നിങ്ങനെ രണ്ടായി തരംതിരിച്ച് പ്രവർത്തനം തുടങ്ങുക. ഇവിടെ ആവശ്യത്തിന് ഫർണ്ണീച്ചറുകളും പഠന ഉപകരണങ്ങളും ആനുവദിക്കുക. നേര്യമംഗലം ജനവിദ്യാകേന്ദ്രത്തിന് കെട്ടിടവും, പുസ്തകവും ലഭ്യമാക്കുക.

നേര്യമംഗലം ഫാമിനോട് അനുബന്ധിച്ച് ഒരു കാർഷിക സർവ്വകലാശാല ആരംഭിക്കുക. ഈ പ്രദേശത്തു തന്നെ ഒരു ആയുർവേദ കോളേജ് ആരംഭിക്കുക. ചെമ്പൻകുഴി ഗവ: യു. പി. സ്ക്കൂളിന്റെ വക സ്ഥലത്ത് കളിസ്ഥലം നിർമ്മിക്കുക. സ്ക്കൂളിന്റെ അപകടസ്ഥിതിയുള്ള കെട്ടിടങ്ങൾ പുനരുദ്ധരിക്കുക. ഒരു ഹൈസ്ക്കൂളിനാവശ്യമായത്ര സ്ഥലവും, കെട്ടിടവും, നിലവിലുള്ള ഈ സ്ക്കുൾ ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്യുക. നേര്യമംഗലം ഗവ: സ്ക്കൂളിന് ഒരു സ്റ്റേഡിയം നിർമ്മിക്കുക. ഇതിനുള്ള സ്ഥലം, കാടുകേറികിടക്കുന്ന നേര്യമംഗലം റ്റി. ബി. കോമ്പൗണ്ടിലുള്ള സ്ഥലത്തുനിന്നും വിട്ടുവാങ്ങി ഉപയോഗിക്കാവുന്നതാണ്. തലക്കോട് ഒരേക്കർ കോളനിയിൽ അംഗൻ വാടിയും, അംബേദ്ക്കർ കോളനിയിൽ ബാലവാടിയും സ്ഥാപിക്കുക.

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

നമ്മുടെ പഞ്ചായത്തിൽ 11 വാർഡുകളിലായി 8869 വീടുകളുണ്ട്. അവയിൽ 4119 ഓടുമേഞ്ഞ വീടുകളും 1912 കോൺക്രീറ്റ് വീടുകളും ബാക്കിവരുന്ന 2738 ഓലമേഞ്ഞ വീടുകളുമാണുള്ളത്. ഓടുമേഞ്ഞവയിൽ തന്നെ പകുതിയിലേറെ പണികൾ ഒന്നും പൂർത്തിയാകാത്ത നാമമാത്രസൗകര്യങ്ങളുള്ള കൊച്ചുകൊച്ചു വീടുകളാണ്. കോൺക്രീറ്റ് വീടുകളിലും ഭൂരിഭാഗവും പണിപൂർത്തിയാകാത്തവയാണ്. ഓലമേഞ്ഞ വീടുകൾ കാര്യമായി ഒരു പണിയും ചെയ്യാതെ തൂണുകളിൽ കാട്ടുകഴിക്കോലുകൾ പിടിപ്പിച്ച് ഓലയോ, പുല്ലോ മേഞ്ഞിട്ടുള്ളവയാണ്. ഇവയുടെയൊന്നും തറകൾ പോലും ഭൂരിപക്ഷം വീടുകൾക്കും ഉണ്ടാക്കിയിട്ടില്ല. പഞ്ചായത്തിന്റെ വിവിധമേഖലകളിലായി ലക്ഷംവീടു കോളിനികൾ, ഹരിജൻ കോളനികൾ, പുനരധിവാസ കോളനികൾ തുടങ്ങിയ നിരവധി കോളനികളുണ്ട്. ഇവിടങ്ങളിലൊന്നും 10% പേർക്കുപോലും ഓടുമേഞ്ഞ വീടുകളില്ല. വീടുനിർമ്മിക്കുന്നതിനുള്ള വായ്പ്പകൾ നൽകുന്ന ഹൗസിംഗ് സൗകര്യങ്ങൾ ഒന്നും ഇല്ല. ഊന്നുകൽ സർവ്വീസ് സഹകരണ ബാങ്കും, കവളങ്ങാട് സർവ്വീസ് സഹകരണബാങ്കും കുറെ പേർക്ക് വീടുവായ്പ്പകൾ കൊടുത്തിട്ടുണ്ട്. സമീപമുള്ള കോതമംഗലം ഹൗസിംഗ് സംഘത്തിൽനിന്നും വളരെകുറച്ചുപേർക്ക് വായ്പ്പകൾ നൽകിയിട്ടുണ്ട്. ഹൗസിംങ്ങ് ബോർഡിൽനിന്നും കുറെപേർക്ക് വീടുപണിയുവാൻ വായ്പ്പകൾ ലഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലാ പഞ്ചായത്തിന്റെ എല്ലാവർക്കും വീട് പദ്ധതിയിൽ വീടുലഭിക്കുന്നതിനു വേണ്ടി നടത്തിയ സർവ്വെയിൽ 2251 പേർക്ക് അടിയന്തിരമായി വീടുകൾ ലഭിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട് ഇവർക്കെല്ലാം ഒരു വർഷത്തിനകം സ്വന്തമായി വീടുകൾ കൊടുക്കണം എന്ന പ്രത്യാശയിൽ പ്രവർത്തനം മുന്നോ

ട്ട് നീക്കിയെങ്കിലും ആദ്യഗഡുവായി ജില്ലാ ഹൗസിംഗ് സൊസൈറ്റി ആവശ്യപ്പെട്ട എല്ലാ റിക്കാർഡുകളും വസ്തു വിന്റെ പ്രമാണങ്ങളുൾപ്പെടെ തയ്യാറാക്കി 150 അപേക്ഷ മാസങ്ങൾക്കുമുൻപ് എത്തിച്ചുകൊടുത്തു എങ്കിലും 14 പേർക്ക് മാത്രമാണ് വായ്പ അനുവദിച്ചുകിട്ടിയിട്ടുള്ളു. ബാക്കി അപേക്ഷ കൊടുത്തവർക്കും ഇനി അപേക്ഷ കൊടുക്കുവാൻ ഉള്ളവർക്കും അടിയന്തിരമായി വീടുവായ്പ്പകൾ ലഭിക്കേണ്ടിയിരിക്കുന്നു. 10 സെന്റിൽ താഴെ ഭൂമി ഉള്ളവരോ സ്വന്തമായി ഒരു സെന്റ് ഭൂമിപോലും ഇല്ലാത്തവരോ ആണ് ഈ ഗ്രാമ പഞ്ചായത്തിൽ വീടിനുവേണ്ടി കാത്തിരിക്കുന്നതിൽ ഭൂരിപക്ഷം പേരും.

പട്ടികജാതി – പട്ടിക വർഗ്ഗത്തിൽ പെട്ട 648 വീടുകൾ ഈ പഞ്ചായത്തിലുണ്ട്. ബ്ലോക്കിൽ നിന്നും കഴിഞ്ഞ കാലങ്ങളിൽ കൊടുത്തിട്ടുള്ള 48 ഓളം വീടുകളും പഞ്ചായത്തിൽ നിന്നും കഴിഞ്ഞ 3 വർഷം കൊണ്ട് കൊടുത്ത 20 വീടുകളും ചില സാമൂഹിക സംഘടനകൾ പണിതുകൊടുത്തിട്ടുള്ള ഏതാനും വീടുകളും ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റ് പണിതുകൊടുത്തിട്ടുള്ള നാമമാത്രമായ വീടുകളും സ്വന്തമായി പ ണികഴിപ്പിച്ചിട്ടുള്ള കുറെ വീടുകളും ഉൾപ്പെടുത്തിയാലും ബഹുഭൂരിപക്ഷം പട്ടികജാതിക്കാർക്കും ഇനിയും വീടുകൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു.

വീടുകളുടെ കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നത് കോളനികളിലാണ്. ഈ പഞ്ചായത്തിലെ കോ ളനികളിലെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

	കോളനികളുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം.
1.	പെരുമണ്ണൂർ ഹരിജൻ കോളനി	25	114
2.	നീണ്ടപാറ ഹരിജൻ കോളനി	12	54
3.	നേര്യമംഗലം ഹരിജൻ കോളനി	61	257
4.	പോത്തുകുഴി ഹരിജൻ കോളനി	23	104
5.	കാട്ടാട്ടുകുളം ഹരിജൻ കോളനി	30	116
6.	പരീക്കണ്ണി ഹരിജൻ കോളനി	12	54
7.	നമ്പൂരിക്കൂപ്പ് ഹരിജൻ കോളനി	19	68
8.	കവളങ്ങാട് ഹരിജൻ കോളനി	33	131
9.	നെടുംമ്പാറ ഹരിജൻ കോളനി	14	58
10.	നഗരമുടി ഹരിജൻ കോളനി	19	76
11.	പുത്തൻകുരിശ് ഹരിജൻ കോളനി	46	188
12.	അള്ളുങ്കൽ ഹരിജൻ കോളനി	20	89
13.	തലക്കോട് ഹരിജൻ കോളനി	54	213
14.	മണിമരുതുംചാൽ ഹരിജൻ കോളനി	51	233
15.	ചെമ്പൻകുഴി ഹരിജൻ കോളനി	38	141

മറ്റു കോളനികൾ

1.	പുല്ലുകുത്തിപാറ ലക്ഷംവീട് കോളനി	18
2.	നമ്പൂരിക്കൂപ്പ് ലക്ഷംവീട് കോളനി	24
3.	പുലിയൻ പാറ ലക്ഷംവീട് കോളനി	19
4.	കവളങ്ങാട് ലക്ഷംവീട് കോളനി	17
5.	കവളങ്ങാട് 3 സെന്റ് കോളനി	65
6.	നമ്പൂരിക്കൂപ്പ് 4 സെന്റ് കോളനി	24
7.	തലക്കോട് 10 സെന്റ് കോളനി	68
8.	തലക്കേട് 1 ഏക്കർ കോളനി	43
9.	നേര്യമംഗലം 4 സെന്റ് കോളനി	41
10.	നേര്യമംഗലം 46 ഏക്കർ കോളനി	131
11.	നേര്യമംഗലം 90 സെന്റ് കോളനി	43
12.	മണിമരുതും ചാൽ 4 സെന്റ് കോളനി	23

ഈ കോളനികളിൽ എല്ലാം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ് വസിക്കുന്നത്. അവരിൽ അധികം പേർക്കും കെട്ടിട വായ്പ്പക്ക് ആപേക്ഷിക്കുവാൻ ആവശ്യമായ പട്ടയംപോലുമില്ല.

കെട്ടിട നിർമ്മാണരംഗത്ത് അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ.

1. പട്ടയമില്ലാത്ത മുഴുവൻപേർക്കും കോളനികളടക്കം പട്ടയം നൽകുക.

2. എറണാകുളം ജില്ലാപഞ്ചായത്തിലെ സർവ്വെയിൽ പെടുത്തിയിട്ടുള്ള മുഴുവൻ പേർക്കും അടിയന്തിരമായി വീടുലഭിക്കുവാനുള്ള ഏർപ്പാട് ഉണ്ടാക്കുക.
3. മേൽ പറഞ്ഞിട്ടുള്ള കോളനികളിൽ താമസിക്കുന്നവർക്കും, സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവർക്കും പട്ടികജാതി – പട്ടിക വർഗ്ഗക്കാർക്കും സൗജന്യമായി വീടുനിർമ്മിച്ചു നൽകുക. ബാക്കിയുള്ളവർക്ക് സബ്സീഡി നിരക്കിൽ ഉദാരവ്യവസ്ഥിയിൽ വായ്പ്പാ സൗകര്യം ഏർപ്പെടുത്തുക.
4. ഇടത്തരക്കാർക്ക് വീടുവായ്പ ലഭിക്കുവാൻ തക്കവണ്ണം ഈ പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കുക.
5. പഞ്ചായത്തിലുള്ള പൊതുമേഖലാ ബാങ്കുകളും, സഹകരണ സംഘങ്ങളും, മറ്റിതര ധനകാര്യ സ്ഥാപനങ്ങളും വീടുനിർമ്മാണത്തിന് വായ്പ്പകൾ കൊടുക്കുവാൻ ഏർപ്പാടുണ്ടാക്കുക.
6. ഗൃഹനിർമ്മാണ വസ്തുക്കളായ മരം, കല്ല്, ഓട്, സിമിന്റ്, കമ്പി, മണൽ തുടങ്ങിയവ ന്യായമായ വിലക്ക് ലഭ്യമാക്കുക.
7. ലക്ഷം വീടുകൾ റിപ്പയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.
8. പഴയവീടുകൾ റിപ്പയർ ചെയ്യുന്നതിന് വായ്പ്പാസൗകര്യങ്ങൾ ഏർപ്പെടുത്തുക.
9. ഭവനനിർമ്മാണ വായ്പ്പയുടെ സബ്സിഡി ഉയർത്തുക, പലിശ നിരക്ക് കുറക്കുക.
10. സർക്കാർ നടപ്പാക്കുന്ന മൈത്രി തുടങ്ങിയ ഭവനനിർമ്മാണ വായ്പ്പാ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുക.
11. ദരിദ്രരേഖക്ക് താഴെയുള്ള വീടില്ലാത്തവർക്ക് ചിലവുകുറഞ്ഞ രീതികളും, സാങ്കേതിക വിദ്യകളും ഉപയോഗിച്ച് വീടുകൾ നിർമ്മിച്ചുകൊടുക്കുക.
12. നേര്യമംഗലത്ത് ഒരു പാർട്ട് ടൈം സ്വീപ്പറെ നിയമിക്കുക.
13. പഞ്ചായത്താഫീസിൽ ഒഴിഞ്ഞുകിടക്കുന്ന ലൈബ്രറേറിയൻ, ഫൗണ്ട് കീപ്പർ എന്നീ ഒഴിവുകളിൽ അടിയന്തിരമായി ആളെ നിയമിക്കുക.
14. വിവിധ വകുപ്പുകൾ പഞ്ചായത്ത് രാജ് സംവിധാനത്തിൻ കീഴിൽ വന്ന് ജോലീഭാരം വർദ്ധിച്ചതനുസരിച്ച് മതിയായ ജീവനക്കാരെ നിയമിക്കുക.
15. നേര്യമംഗലത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ് അനുവദിക്കുക.
16. കെൽട്രോണിന്റെ പാർട്ട് നിർമ്മിക്കുന്നതോ അസംബ്ലി ചെയ്യുന്നതൊ ആയ ഒരു യൂണിറ്റ് പഞ്ചായത്തിൽ ആരംഭിക്കുക.
17. ടെലഫോൺ എക്സ്ചേഞ്ചുകളിൽ അപോക്ഷ നൽകിയിട്ടുള്ള മുഴുവൻ പേർക്കും അടിയന്തിരമായി ടെലഫൊൺ കണക്ഷൻ കൊടുക്കുക.

സാമൂഹ്യക്ഷേമം

ഈ ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ ക്ഷേമത്തിന് വേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ നാമമാത്രമായി മാത്രമേ നടന്നിട്ടുള്ളൂ. സാമ്പത്തികമായി വളരെ പന്നോക്കം നിൽക്കുന്ന വിസ്തൃതമായ മേഖലയുള്ള ഇവിടെ പഞ്ചായത്ത തലത്തിലോ, സർക്കാർ തലത്തിലോ മറ്റു സാമൂഹിക സംഘടനകൾ വഴിയോ ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സാമൂഹികരംഗത്ത് വലിയ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. പഞ്ചായത്തിൽ വിക്ടറി മഹിളാസമാജം പരീക്കണ്ണി, ദേശീയ മഹിളാ സമാജം കവളങ്ങാട്, ഉദയാ മഹിളാസമാജം അള്ളുങ്കൽ, സുസ്മിതാ മഹിളാസമാജം തലക്കോട്, ദേശസേവിനി മഹിളാസമാജം ഊന്നുകൽ, ജ്യോതി മഹിളാസമാജം കാട്ടാട്ടുകുളം, പുലരി മഹിളാസമാജ പോത്തുകുഴി തുടങ്ങിയവയാണ്. സാമൂഹിക സേവനരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

നൈസ് ക്ലബ് നെല്ലിമറ്റം, ന്യൂസെവൻസ് നേര്യമംഗലം, എ. പി, എസ്. കോട്ടപ്പാടം, എയർഷൂട്ട് സെവൻസ് കണ്ണാടിക്കോട്, ചലഞ്ചർ ക്ലബ് തലക്കോട്, സമീക്ഷാ സാംസ്കാരിക വേദി നേര്യമംഗലം, സംസ്ക്കാര ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് നേര്യമംഗലം, ക്രിയേഷൻസ് ക്ലബ് പോത്തുകുഴി, ചൈതന്യ ക്ലബ് പെരുമണ്ണൂർ, അള്ളുങ്കൽ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്, ദീപ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് തലക്കോട്, ബോധിനി വായനശാല ആൻഡ് സ്പോർട്സ് ക്ലബ് നീണ്ടപാറ, ചലഞ്ച് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് നീണ്ടപാറ എന്നീ ക്ലബുകളും ഉണ്ട്. പഞ്ചായത്തുവക നെല്ലിമറ്റത്തും നേര്യമംഗലത്തും പരീക്കണ്ണിയിലും കവളങ്ങാട്, നീണ്ടപാറ എന്നിവിടങ്ങളിലും ഓരേ വായന ശാലകളുണ്ട്. പഞ്ചായത്തിൽ യാത്രക്കാർക്ക് പ്രയോജനപ്പെടുന്ന വെയിറ്റിങ് ഷെഡോ സാനിട്ടറി സൗകര്യങ്ങളോ ബസ്റ്റാൻന്റോ ഒന്നും തന്നെയില്ല. ദരിദ്രരോഗികളെയും, പ്രായം ചെന്നവരെയും, നിരംലംബരായ കുട്ടികളെയും സംരക്ഷിക്കുന്നതിനുള്ള ധനസഹായങ്ങൾ നാമമാത്രമായി മാത്രമേയുള്ളൂ. ജീവിതകാലം മുഴുവൻ പണിയെടുത്ത് രോഗികളും പ്രായം ചെന്നവരും ആയിട്ടുള്ളവർക്ക് പ്രയോജനപ്പെടുന്ന പെൻഷനുകൾ നാമമാത്രമായിട്ടുമാത്രമേ ഉള്ളൂ. ബ്ലോക്കുകളിൽ നിന്നും കൊടുക്കുന്ന ഐ. ആർ. ഡി. പി. ട്രൈസം, ഡി, ഡബ്ലിയു. സി. ആർ. എ. യൂണിറ്റ്, സി. ആർ.

എസ്. പി. കക്കൂസുകൾ, പുകഅടുപ്പുകൾ വിവിധ ഡിപ്പാർട്ടിമെന്റുകളിൽ നിന്നും കൊടുക്കുന്ന പെൻഷനുകൾ തുടങ്ങിയവയെല്ലാം അർഹതയുള്ള 10% പേർക്ക്പോലും കിട്ടുന്നില്ല.
കഴിഞ്ഞമൂന്നു സാമ്പത്തിക വർഷങ്ങളിൽ ഈ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുള്ള വിവിധയിനം സാമ്പത്തിക ആനുകൂല്യങ്ങൾ താഴെ ചേർത്തിരിക്കുന്നു.

ഐ. ആർ. ഡി. പി.

കൊടുത്ത വർഷം	എസ്. സി.	സ്ത്രീകൾ	മൊത്തം.
94-95	18	36	54
95-96	22	24	46
96-97	20	6	26
ആകെ	60	66	126

ട്രൈസം

കൊടുത്ത വർഷം	സ്ത്രീകൾ
94-95	6
95-96	18
96-97	8
ആകെ	32

വീടുകൾ

കൊടുത്ത വർഷം	സ്കീം	കൊടുത്ത എണ്ണം
94-95	ഐ.എ.വൈ.	6
95-96	ഐ.എ.വൈ.	18
96-97	ഐ.എ.വൈ.	8
ആകെ		32

ബാലവാടി അനുവദിച്ചിട്ടിള്ള മഹിളാസമാജങ്ങൾ

1. വിക്ടറി മഹിളാസമാജം, പരീക്കണ്ണി
2. ദേശീയ മഹിളാസമാജം, കവളങ്ങാട്
3. ദേശസേവിനി മഹിളാസമാജം, ഉപ്പുകുളം
4. ജ്യോതി മഹിളാസമാജം, കാട്ടാട്ടുകുളം
5. ഉദയാ മഹിളാസമാജം, അള്ളുങ്കൽ
6. സുസ്മിത മഹിളാസമാജം, തലക്കോട്.

ഡി. ഡബ്ലു.സി.ആർ.എ. യൂണിറ്റ്

പഞ്ചായത്തിലുള്ള ഐശ്വര്യ വുമൺസ് യൂണിറ്റ്, ഉപ്പുകുളം.
ന്യൂ സെൻട്രൽ ബാബു വർക്ക്സ് ആവോലിച്ചാൽ.

സി. ആർ. എസ്. പി. കക്കൂസ്

പഞ്ചായത്തിൽ ബ്ലോക്കിൽനിന്നും ലഭിച്ചിട്ടുള്ളത്.

93-94	14
94-95	16
95-96	12
മിച്ചഭൂമി കോളനിയിൽ നൽകിയത്	23

പഞ്ചായത്ത് നൽകിയ കക്കൂസുകൾ

93-94	(ജനറൽ)	20	
	എസ്. സി./എസ്.റ്റി	7	
94-95	(ജനറൽ)	11	
	എസ്. സി./എസ്.റ്റി	40	
95-96	(ജനറൽ)	ഇല്ല	
	എസ്. സി./എസ്.റ്റി	ഇല്ല	
96-97	(ജനറൽ)	195	കൊടുക്കവാൻ പോകുന്നത്.
	എസ്. സി./എസ്.റ്റി	72	

പട്ടികജാതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനസൗകര്യത്തിനായി [illegible] കൊടുത്തവരുടെ ലിസ്റ്റ്

93–94	4
94–95	6
95–96	8
ആകെ	18

മരപ്പണിക്കാർക്ക് ടൂൾകിറ്റ് കൊടുത്തവരുടെ ലിസ്റ്റ്

94–95	18
95–96	4
ആകെ	22

കൃഷിക്കാർക്ക് പമ്പുസെറ്റ് കൊടുത്തവരുടെ ലിസ്റ്റ്

92–93	2
94–95	8
കെ	10

ഫലവൃക്ഷതൈ വിതരണം നടത്തിയവരുടെ ലിസ്റ്റ്.

കൊടുത്തവർഷം	തെങ്ങിൻതൈ	മാവ്	മുളക്	ചാമ്പ	തെങ്ങ്
92–93	100	40	100	15	–
93–94	100	25	250	–	–
94–95	115	–	–	–	10000
ആകെ	315	65	350	15	10000

പെൻഷനുകൾ

വാർദ്ധക്യകാലപെൻഷൻ	27
വിധവാ പെൻഷൻ	33
കർഷകതൊഴിലാളി പെൻഷൻ	483
നിലത്തെഴുത്താശാൻ പെൻഷൻ	6

മൃഗസംരക്ഷണ വകുപ്പിൽ നിന്നും സൗജന്യമായി വിതരണം ചെയ്തവ

കോളനി	കൊടുത്തവർഷം	ആട്	പന്നി	കിടാരി	കോഴി
ആവോലിച്ചാൽ	1991–92	86	–	–	–
നീണ്ടപാറ	1991–92	24	–	–	–
നേര്യമംഗലം	1995–96	–	6	–	–
ചുള്ളിക്കണ്ടം	1995–96	–	6	–	–
മണിമരുതും ചാൽ	1995–96	–	–	–	270
ചെമ്പൻകുഴി	1995–96	–	–	–	220
നെടുംമ്പാറ	1995–96	40	–	–	–
ഉപ്പുകുളം	1995–96	–	–	11	–

വിവിധയിനം പെൻഷനുകൾ ഇതുവരെ വില്ലേജ് ഓഫീസുകൾ വഴിയാണ് വിതരണം ചെയ്തുകൊണ്ടിരുന്നത്. എന്നാൽ പഞ്ചായത്തിരാജ് നടപ്പിലായതോടെ പഞ്ചായത്തുകൾ വഴിയാണ് പെൻഷനുകൾ വിതരണം ചെയ്യുന്നത് എന്നു പറയുന്നുണ്ടെങ്കിലും പെൻഷൻ ആപേക്ഷകൾ സ്വീകരിക്കുന്നതിനോ, അവരിൽ അർഹത യുള്ളവരെ തിരഞ്ഞെടുക്കുന്നതിനോ ബന്ധപ്പെട്ടവരിൽ നിന്നും നാളിതുവരെ യാതൊരുനിർദ്ദേശവും ഉണ്ടായിട്ടില്ല. തൻമൂലം പാവപ്പെട്ട പെൻഷൻ അപേക്ഷകരോട് വ്യക്തമായ മറുപടി പറയാൻ കഴിയാതെയും അവരുടെ പ്രശ്നങ്ങൾക്ക് ന്യായമായ പരിഹാരം ഉണ്ടാക്കുവാൻ കഴിയാതെയും വിഷമിക്കുകയാണ്. വികലാംഗർക്കും, അന്ധൻമാർക്കും, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മിശ്രവിവാഹക്കാർക്കും എല്ലാം അനുഭവം ഇതു തന്നെയാണ്. ദരിദ്ര നിർമ്മാർജനപദ്ധതികൾ വളരെകുറച്ചു കുടുംബങ്ങൾക്കേ പ്രയോജനപ്പെടുന്നുള്ളു. വേണ്ടത്ര പചാരണം ഇല്ലാത്തതുകൊണ്ട് ഐ. ആർ. ഡി. പി. വിവിധയിനം പെൻഷനുകൾ എന്നിവ അർഹതയുള്ളവർക്ക് കിട്ടാതെ വരുന്നു. കിട്ടേണ്ട ആനുകൂല്യങ്ങൾ തന്നെ യഥാസമയം കിട്ടുന്നുമില്ല.

സാമൂഹ്യ മേഖലയിലെ പ്രശ്നപരിഹാര നിർദ്ദേശങ്ങൾ.

1. അർഹരായ മുഴുവൻ വികലാംഗർക്കും, അന്ധർക്കും, മന്ദബുദ്ധികൾക്കും ലഭിക്കേണ്ട ആനുകൂല്യങ്ങൾ എളുപ്പത്തിലും, ആടിയന്തിരമായും കിട്ടുവാനുള്ള ഏർപ്പാടുണ്ടാക്കുക.

2. ഐ. ആർ. ഡി. പി., വിവിധയിനം പെൻഷനുകൾ തുടങ്ങിയവയെല്ലാം അർഹതയുള്ളവർക്ക് യഥാസമയം എത്തിച്ചുകൊടുക്കുക.
3. സാമൂഹികമായി പിന്നോക്കം നിൽക്കുന്നവർക്ക് തൊഴിൽ പരിശീലനവും, തൊഴിൽ അവസരങ്ങളും നൽകുക. ഇവർക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുക.
4. പഞ്ചായത്തിലെ ക്ലബുകൾ, വായനശാലകൾ, മഹിളാസമാജങ്ങൾ, ബാലവാടികൾ, അംഗനവാടികൾ തുടങ്ങിയവയുടെയെല്ലാം പ്രവർത്തനം കാര്യക്ഷമമാക്കുകയും ഇല്ലാത്തിടത്ത് അനുവദിക്കുകയും ചെയ്യുക.
5. ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും, ആനുകൂല്യം ലഭിക്കുന്നതിനുമുള്ള ജനകീയസംവിധാനം ഏർപ്പെടുത്തുക.
6. മഹിളാസമാജങ്ങൾ, ബാലവാടികൾ എന്നിവയെ കേന്ദ്രീകരിച്ച് പോഷകാഹാര പ്രതിരോധചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
7. ഗ്രാമീണ ബാങ്കിംഗ് മാതൃകയിൽ വനിതകൾക്കായുള്ള സ്വയംതൊഴിൽ സൗകര്യം ഏർപ്പെടുത്തുക.
8. പഞ്ചായത്തിന് നെല്ലിമറ്റത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയുക.
9. നേര്യമംഗലത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് കം ബസ്റ്റാന്റ് പണിയുക.
10. നേര്യമംഗലം സാംസ്കാരിക നിലയത്തിനോട് അടുത്തുള്ള പഞ്ചായത്തു വകസ്ഥലത്ത്, നിലവിലുള്ള സാംസ്കാരികനിലയത്തിൽ പ്രവർത്തിച്ചു വരുന്ന വി. ഇ. ഒ. ഓഫീസിന് ഒരു കെട്ടിടം അടിയന്തിരമായി പണിയുവാനുള്ള സംവിധാനമുണ്ടാക്കുക.
11. ഉപയോഗശൂന്യമായികിടക്കുന്ന നേര്യമംഗലം ഖാദി ബോർഡ് വക കെട്ടിടത്തിൽ നേര്യമംഗലം പോസ്റ്റോഫീസും, ഒരു കെ. എസ്. ഇ. ബി. കളക്ഷൻ സെന്ററും പ്രവർത്തിക്കുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കുക.
12. നേര്യമംഗലത്ത് പ്രവർത്തനമാരംഭിച്ച് നല്ല നിലയിൽ പ്രവർത്തിച്ചു വരികയും, പിന്നീട് നിർത്തലാക്കുകയും ചെയ്ത സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക മാവേലി സ്റ്റോർ എത്രയും വേഗം പുനരാരംഭിക്കുവാനുള്ള സത്വര നടപടി സ്വീകരിക്കുക.
13. പുഞ്ചകുഴി കുളിക്കടവ് നിർമ്മിക്കുക.
14. ഏണിയകാവ് തെക്കും പുറം കുളിക്കടവ് നിർമ്മിക്കുക.
15. ചാമക്കാട് കുളിക്കടവ് നിർമ്മിക്കുക.
16. കോട്ടപ്പാടം കുളിക്കടവ് നിർമ്മിക്കുക.
17. പരീക്കണ്ണി വള്ളക്കടവിൽ കുളിക്കടവ് നിർമ്മിക്കുക.
18. ഉപ്പുകുഴി പാലംപടിയിൽ കുളിക്കടവ് നിർമ്മിക്കുക.
19. പരീക്കണ്ണി പാലംപടിയിൽ കുളിക്കടവും പാലത്തിന് കൈപിടിയും നിർമ്മിക്കുക.
20. നഗരമുടി പാലംപടിയിൽ കുളിക്കടവ് നിർമ്മിക്കുക.
21. നേര്യമംഗലം പത്താഴപ്പാറയിൽ കുളിക്കടവ് നിർമ്മിക്കുക.
22. നേര്യമംഗലം മഹിമപടിയിൽ കുളിക്കടവ് നിർമ്മിക്കുക.
23. നേര്യമംഗലം കോളനിയിൽ വലിയപറമ്പിൽ ജംഗ്ഷനിൽ കുളിക്കടവ് നിർമ്മിക്കുക.
24. നേര്യമംഗലം യു. പി. സ്ക്കൂൾപടിയിൽ ഉള്ള കുളിക്കടവ് മെയിന്റനൻസ് നടത്തുക.
25. നേര്യമംഗലം കോളനി കടത്തുകടവ്, കുളിക്കടവ് എന്നിവ മെയിന്റനൻസ് നടത്തുക.
26. ഊന്നുകൽ പീച്ചാട്ട് പടിയിലും, വെള്ളാമകുത്തിൽ കുറ്റിചിറക്കുടി പടിയിലും കുളിക്കടവ് നിർമ്മിക്കുക.
27. ആവേലിച്ചാലിലും, നീണ്ടപാറയിലും പോസ്റ്റാഫീസ് സ്ഥാപിക്കുക.
28 നഗരമുടിയിൽ പോസ്റ്റ്ബോക്സ് സ്ഥാപിക്കുക.
29. നേര്യമംഗലത്ത് പഞ്ചായത്തു വകയായിട്ടുള്ളതും, ഇപ്പോൾ ഉപയോഗ ശൂന്യമായികിടക്കുന്നതുമായ പുഴത്തീരത്ത് ഒരു കളിസ്ഥലം നിർമ്മിക്കുക.
30. തലക്കോട് സൗകര്യമായ സ്ഥലത്തും ഒരു കളിസ്ഥലം നിർമ്മിക്കുക.
31. പഞ്ചായത്തിൽ നിലവിലുള്ള ലൈബ്രേറിയൻ തസ്തികയിൽ ആളെ നിയമിക്കുകയും, പഞ്ചായത്തുലൈബ്രറി അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുകയും, ടി ലൈബ്രറിയിലും, നേര്യമംഗലത്തുള്ള സാംസ്കാരിക നിലയത്തിലും, പുസ്തകവും ഫർണ്ണീച്ചറുകളും, ടി. വി. സെറ്റും അടിയന്തിരമായി ഏർപ്പെടുത്തുവാനുള്ള നടപടിയും പൂർത്തിയാക്കുക.

പട്ടികജാതി - പട്ടികവർഗ്ഗം.

പട്ടികജാതി - പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ ഏറ്റവും കൂടുതൽ ഉള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. 648 വീടുകളിലായി 1587 ആണുങ്ങളും 1549 പെണ്ണുങ്ങളുമടക്കം മൊത്തം 3106 പട്ടികജാതിക്കാർ ഈ പഞ്ചായത്തിൽ ഉണ്ട്. കൂടാതെ 6 വീടുകളിലായി 11 ആണും 8 പെണ്ണുങ്ങളുമടക്കം 19 പട്ടിക വർഗ്ഗക്കാരും ഉണ്ട്.

ഇവരിൽ 15 ഹരിജൻ കോളനികളിലായി 457 വീടുകളിൽ 1896 പേർ നിവസിക്കുന്നു. ബാക്കിയുള്ളവർ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി ചിന്നി ചിതറി താമസിക്കുന്നു. ഇവരിൽ ബഹുഭൂരിപക്ഷം പേരും കർഷകതൊഴിലാളികളാണ്. വിദ്യഅഭ്യസിക്കുന്നതിന് കുട്ടികളെ അയക്കുന്നുണ്ട് എങ്കിലും ഭൂരിപക്ഷം പേരും പ്രാഥമികവിദ്യാഭ്യാസം കഴിയുമ്പോൾ സ്വന്തം കുലത്തൊഴിലായ കാർഷീകതൊഴിലിലേക്ക് തിരിയുകയാണ്പതിവ്. ചുരുക്കം ആളുകൾ ഉപരി പഠനം നടത്തുന്നുണ്ട്. പഞ്ചായത്തിൽ സർക്കാർ ജോലിനോക്കുന്ന 89 പട്ടികജാതിക്കാരുണ്ട്. പൊതുവെ പട്ടികജാതിയിൽ പ്പെട്ടവർ തങ്ങൾക്കുള്ള സൗകര്യങ്ങൾക്കനുസരിച്ച് മാന്യമായി ജീവിക്കുന്നവരാണ്. പഞ്ചായത്തിലുള്ള മറ്റുള്ള വരും ഇവരോട് ഏകോദര സഹോദരങ്ങളെപോലെ പെരുമാറുന്നു. സ്ഥിരമായി പണിയെടുക്കുവാൻ യാതൊരു മടുയുമില്ലാത്ത ഇവർ പണികഴിഞ്ഞശേഷം വൃത്തിയായി വസ്ത്രധാരണം ചെയ്ത് മറ്റു വിഭാഗങ്ങളോടൊപ്പം എല്ലാ പ്രവർത്തനങ്ങളിലും സഹകരിക്കുന്നു. പരസ്പര സഹകരണത്തിന്റെ കാര്യത്തിലും സാമൂഹികസേവനരംഗത്തും ഇവർ മറ്റാരെകാളും മുന്നിലാണ്. ഇവരുടെ വീടുകളിൽനിന്നും മറ്റുള്ളവർക്ക് ആഹാരം കഴിക്കുന്നതിന് യാതൊരു വൈമനസ്യവും കാണിക്കാറില്ല. ഇവരിൽ 396 പേർക്കു മാത്രമേ പണിത വീടുകളുള്ളു. ബാക്കിയുള്ളവർ കുടിലുകളിൽ സാമസിച്ചുവരുന്നു. കുടിലുകളായാലും, പണിതവീടുകളായാലും, വീടും, പരിസരവും ഉപകരണങ്ങളും പാത്രങ്ങളും എല്ലാം വൃത്തിയായി സൂക്ഷിക്കുന്ന സ്വഭാവം ഇവർക്കെല്ലാമുണ്ട്. ഇവരിൽ 252 പേർക്ക് സ്വന്തമായി പണിത വീടുകളില്ല, അവരിൽ 138 പേർക്ക് വീടുവയ്ക്കാൻ സ്ഥലംപോലും ഇല്ലാത്തവരാണ്. കുറെപ്പേർ പാറപുറംപോക്കിലും, തോടു പുറംപോക്കിലുമൊക്കെ താമസിക്കുന്നുണ്ട്. ഇവർക്ക് പട്ടയമുള്ളസ്ഥലം ഇല്ലാത്തതുകൊണ്ട് വീടുനിർമ്മിക്കുന്നതിനുള്ള ആനുകൂല്യം ലഭിക്കുന്നില്ല. ഭാവിക്കുവേണ്ടി സമ്പാദിക്കുന്ന സ്വഭാവം ഇവരിൽ പലർക്കു ഇല്ല. കിട്ടുന്നതുകൊണ്ട് സുഖമായി ജീവിക്കുന്നവരാണ് അധികം പേരും. കുറെ വർഷങ്ങളായി ഈ വിഭാഗകാർക്ക് ഘട്ടം ഘട്ടമായി വീടുകൾ വച്ചുകൊടുക്കുന്ന പരിപാടി പഞ്ചായത്തിൽനിന്നും, സർക്കാരിൽനിന്നും ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോവീടിനും അനുവദിച്ചിരിക്കുന്ന തുക വീടുപണിപൂർത്തിയാക്കുവാൻ തികയാറില്ല. അതുകൊണ്ട് അപൂർണ്ണങ്ങളായ വീടുകളാണ് ഈ പദ്ധതിപ്രകാരം വീടുവയ്ക്കുവാൻ ആനുകൂല്യം ലഭിച്ചവർ പണിതിട്ടുള്ളത്. കക്കൂസിനും, വയറിംഗിനും നീക്കിവച്ചിട്ടുള്ള തുക ഈ ആവശ്യങ്ങൾക്ക് തികയാറില്ലാത്തതുകൊണ്ട് ആ പണികൾ ഭൂരിപക്ഷം പേരും പൂർത്തിയാക്കിയിട്ടില്ല. മിക്കവാറും പേരുടെ ഈ ആവശ്യങ്ങൾക്ക് ബാക്കിവച്ചട്ടുള്ള തുക ലാപ്സായി പോകാറാണ് പതിവ്. വിദ്യാഭ്യാസത്തിന് പഠനോപകരണങ്ങളും, ഗ്രാന്റുകളും സർക്കാർ അനുവദിക്കാറുണ്ട്. കാർഷികമേഖലയിലെ നടീൽ വസ്തുക്കളും, ഉപകരണങ്ങളും, മൃഗങ്ങളും, കോഴിയുമൊക്കെ ഇവർക്ക് നൽകാറുണ്ട്. കൃഷിക്കു വളവും മറ്റു ധനസഹായവും ലഭിക്കാറുണ്ട്. ആദ്യകാലങ്ങളിൽ ഇവയൊക്കെ ദുർവിനിയോഗപ്പെട്ടിരുന്നു എങ്കിലും ഇപ്പോൾ ഭൂരിപക്ഷം പേരും ഇതു പ്രയോജനപ്പെടുത്തുന്നുണ്ട്. സ്കൂളുകളിൽ പഠിക്കുന്നതിന് ലഭിക്കുന്ന ധനസഹായങ്ങളും ഇവർ പരമാവധി പ്രയോജനപ്പെടുത്താറുണ്ട്. പട്ടികജാതി – പട്ടിക വർഗ്ഗ കോളനികളിൽ വീടു ലഭിക്കാത്തവർ ധാരാളം ഉണ്ട്. കാരണ് എല്ലാകോളനികളിലും എത്തിയിട്ടുണ്ടെങ്കിലും എല്ലാവീട്ടുകാർക്കും ലഭിച്ചിട്ടില്ല. കക്കൂസ് സൗകര്യവും അധികം പേർക്ക് ലഭിച്ചിട്ടില്ല. കുടിവെള്ള സൗകര്യത്തിന്റെ കാര്യം പറയാനുമില്ല. എല്ലാ പട്ടികജാതി കോളനികളിലും വേനൽകാലമായാൽ കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുകയായി. നേര്യമംഗലം ഹരിജൻ കോളനിയിലും, അള്ളുങ്കൽ ഹരിജൻ കോളനിയിലും കുടിവെള്ളം എത്തിക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അംബേദ്ക്കർ കോളനിയായി പ്രഖ്യാപിച്ചുട്ടുള്ള ആവോലിച്ചാലും, ചെമ്പൻ കുഴി ഹരിജൻ കോളനിയിലും കുടിവെള്ളത്തിന് ഭാഗീകമായ സൗകര്യങ്ങൾ ഏർപ്പാടുചെയ്തിട്ടുണ്ട്. പെരുമണ്ണൂർ, പോത്തുകുഴി, നെടുമ്പാറ, നഗരമുടി, പുത്തൻകുരശ്, വില്ലാഞ്ചിറ എന്നീകോളനികളിലോന്നും കുടുവെള്ളസൗകര്യം വേണ്ടത്രയില്ല. പൊതു പ്രവർത്തനങ്ങളിൽ ഈ വിഭാഗം നന്നായി സഹകരിക്കുന്നുണ്ട്. ജാതി പരമായ ഉച്ചനീചത്വം ഒന്നും ഈ പ്രദേശത്ത് നിലവിലില്ല. ജാതി പേർ പറഞ്ഞു വിളിക്കുന്ന രീതിയുമില്ല. ഐ. ആർ, ഡി. പി. ലോണുകളും മറ്റും ഭൂരിപക്ഷം പേരും വാങ്ങിയിട്ടുണ്ടെങ്കിലും അവയൊന്നും ഉദ്ദേശലക്ഷ്യങ്ങൾക്കു വേണ്ടി പ്രയോജനപ്പെടുത്തിയിട്ടില്ല. സ്കൂളിൽ പോകുന്ന കാര്യത്തിൽ ഇപർക്ക് താൽപര്യം കാണുന്നുല്ല. മറ്റു കർഷികതൊഴിലുകളുമായി ഇവർ കഴിഞ്ഞുകൂടുന്നു.

പട്ടികജാതി – പട്ടികവർഗ്ഗമേഖലയിലെ പ്രശ്നങ്ങൾ

കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ, തൊഴിൽ പരമായ പിന്നോക്കാവസ്ഥ, ആർഹമായ ആനുകുല്യങ്ങൾ ലഭ്യമാകാനുള്ള തടസങ്ങൾ.

പരിഹാര മാർഗ്ഗങ്ങൾ

1. കോളനികളിൽ തമസിക്കുന്നവർക്കടക്കം എല്ലാ പട്ടിതജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീടുകളും, കക്കൂസുകളും നിർമ്മിക്കുവാനുള്ള തുക അനുവദിക്കുക.
2. അവരുടെ കുടുംബങ്ങൾക്ക് സ്ഥിരമായി വരുമാനമുണ്ടാകുന്ന സ്കീമുകൾ ആവിഷ്ക്കരിക്കുക.

3. വീടുവയ്ക്കാൻ സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് സ്ഥലവും കൈവശ പുറംപോക്ക് ഭൂമികൾക്ക് പ ട്ടയവും നൽകു.
4. ഇവരുടെ ആരോഗ്യത്തിനും, വിദ്യാഭ്യാത്തിനും, കലാ കായിക പ്രവർത്തനങ്ങൾക്കും സൗകര്യങ്ങൾ ഏർപ്പെടുത്തുക.
5. നേര്യമംഗലത്ത് ഹരിജൻ ക്ഷേമവകുപ്പ് വകസ്ഥലത്തും, നെടുമ്പാറ ഹരിജൻ കോളനിയിലും ഓരോ മിനി കമ്യൂണിറ്റിഹാൾ നിർമ്മിക്കുക.
6. ഇവർക്ക് എല്ലാസ്ഥലങ്ങളിലും ആവശ്യമായ ബോധവൽക്കരണം നടത്തുക.
7. എല്ലാവീടുകളിലും വൈദ്യുതി എത്തിക്കുക.
8. എല്ലാവർക്കും കുടിവെള്ളം എത്തിക്കുക.

വനിതകൾ

ഭാരതീയ പാരമ്പര്യത്തിൽ സ്ത്രീക്ക് ഉന്നതമായ സ്ഥാനം കൽപ്പിച്ചിരുന്നു. പ്രാചീന സമൂഹത്തിൽ സ്ത്രീക്ക് നല്ല പദവിയും അംഗീകാരവും ലഭിച്ചിരുന്നതായി പൂർവ്വകാല ചരിത്രങ്ങൾ പരിശോധിച്ചാൽ ബോദ്ധ്യമാകും. ഫ്യൂഡൽ വ്യവസ്ത നിലനിന്ന കാലങ്ങളിൽ സ്ത്രിയെ ഒരു ജംഗമ സ്വത്തായി കരുതിയിരുന്നു. സ്വന്തം കുടുംബത്തിൽ പോലും അവളുടെ സ്ഥാനം ശോചനീയമായിരുന്നു. സ്ത്രീയെ സുഖഭോഗത്തിനും സന്താ ന ഉല്പാദനത്തിനും മാത്രമായിട്ടാണ് അന്ന് കണക്കാക്കിയിരുന്നത്. ഈ നിലപാടുകളിൽ സഹികെട്ട സ്ത്രീ അവളുടെ ആവശ്യങ്ങൾ മനസ്സിലാക്കി എല്ലാത്തരത്തിലുമുള്ള ചൂഷണത്തിനും, പീഠനത്തിനും എതിരായി പ്രതികരിക്കാൻ തുടങ്ങി. അതിലേക്കായി ദേശീയ തലത്തിൽതന്നെ ശ്രമങ്ങളാരംഭിച്ചു. സർക്കാരുകളും ഈ നീക്കങ്ങൾക്ക് പ്രോത്സാഹനം നൽകിയിട്ടുണ്ട്.

1953 ൽ കേന്ദ്ര സാമൂഹ്യ ബോർഡ് രൂപീകരിച്ചപ്പോൾ സ്ത്രീ ക്ഷേമ പരിപാടികളും അതിൽ ഉൾക്കൊള്ളി ക്കുകയുണ്ടായി. 3-ാം പഞ്ചവത്സരപദ്ധതികാലത്ത് സ്ത്രീ വിദ്യാഭ്യാസത്തിനും 4-ാം പഞ്ചവൽസര പരീക്ക ണ്ണിദ്ധതികാലത്ത് കൂടുംബാസൂത്രണം, പ്രതിരോധവൽക്കരണം, പോഷകാഹാര പരിപാടികൾ എന്നിവക്കും മുൻഗണന നൽകിയിട്ടുണ്ട്. 1975 അന്താരാഷ്ട്രാ വനിതാ ദിനമായി ആചരിച്ചുവെങ്കിലും വരുമാന, വിഭവ നിർമ്മാണപ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തവും, പ്രവേശനവും തടഞ്ഞുവയ്ക്കുകയാണുണ്ടായത്. എ ന്നാൽ പിന്നീട് സ്ത്രീകളുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള ബോധവൽക്കരണവും, പരീ ശീലനക്ലാസ്സും സംഘടിപ്പിക്കുകയുണ്ടായി. തത്ഫലമായി ദേശീയ വികസന രംഗത്ത് സ്ത്രീകളുടെ പ്രവർത്ത നം അനിവാര്യവും, നിർണ്ണായകവുമാണെന്ന് തിരിച്ചറിഞ്ഞു. തുടർന്ന് എല്ലാരംഗങ്ങളിലും സ്ത്രീകളെ മുൻപ ന്തിയിലേക്കു കൊണ്ടുവരുന്നതുനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

പഞ്ചായത്തിൽ പകുതിയോളം വനിതകളുണ്ട്. ഏറ്റവും പുതിയ കണക്കനുസരിച്ച് മൊത്തം ജനസംഖ്യയാ യ 41404 ൽ 20642 പേരും വനിതകളാണ്. സ്ത്രീകൾ തുല്യ പദവി എല്ലാരംഗത്തും നേടികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ പ്രദേശത്തേയും സ്ത്രീകൾ നമ്മുടെ നാടിന്റെ സാമൂഹിക, സാംസ്കാരിക, സാ മ്പത്തിക പുരോഗമനപ്രവർത്തനങ്ങളിൽ പരമാവധി സഹകരിക്കുന്നുണ്ട്. കുടുംബജീവിതം സന്തോഷപ്രദമാ ക്കുവാനും, കുടുംബങ്ങളുടേയും, കുട്ടികളുടെയും, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽപരം എന്നിമേഖലകളി ൽ ചിട്ടയോടെയുള്ള പ്രവർത്തനം മുമ്പോട്ടുകൊണ്ടുപോകുവാനും ഇവർ നിർണ്ണായകമായ പങ്ക് വഹിക്കുന്നു ണ്ട്. കൃഷിമേഖലകളിലും, വ്യവസായ മേഖലകളിലും സ്ത്രീകളുടെ ആത്മാർത്ഥമായ പങ്കാളിത്തം ഉണ്ട്. വി ദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇവിടുത്തെ സ്ത്രീകൾ പുരുഷൻമാരെക്കാൾ മുൻപന്തിലാണ്. സ്ക്കുൾ വി ദ്യാർത്ഥികളിൽ ആൺകുട്ടികളും, പെൺകുട്ടുകളും ഒപ്പത്തിനൊപ്പം നിൽക്കുന്നു. അച്ചടക്കത്തിന്റെ കാര്യത്തി ലും, മാതൃകാപരമായ പ്രവർത്തനങ്ങളുടെ കാര്യത്തിലും അവരാണ് മുന്നിൽ. സ്ക്കൂളുകളിലെ അദ്ധ്യാപക രിൽ കൂടുതലും സ്ത്രീകളാണ്, എന്നല്ല തലക്കോട്, നേര്യമംഗലം, നീണ്ടപാറ, കുത്തുകുഴി സ്ക്കൂളുകളിൽ ബഹുഭൂരിപക്ഷം അദ്ധ്യാപികമാരാണ്. കർഷകതൊഴിലാളി രംഗത്തും, നിർമ്മാണ തൊഴിലാളി രംഗത്തും, മറ്റ് ഇതരതൊഴിൽ മേഘലകളിലും പണിയെടുക്കുന്നകാര്യത്തിലും, ഗുണമേന്മ നിലനിർത്തുന്നകാര്യത്തിലും സ്ത്രീ കൾ തന്നെയാണ് മുൻപന്തിയിൽ. സാമ്പത്തിക വരുമാനത്തിനുവേണ്ടി ദിവസവും തൊഴിലെടുത്തശേഷം വീട്ടുകാര്യങ്ങളും ഭംഗിയായി നടത്തിക്കൊണ്ട്പോകുന്ന അമ്മമാർ നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട്. എ ന്തു തൊഴിൽ ചെയ്യുവാനും യാതൊരുമടിയും കാണിക്കാത്ത വിഭാഗമാണ് നമ്മുടെ മഹിളകൾ.

ചെയ്യുന്ന തൊഴിലിന് ന്യായമായ കൂലി ലഭിക്കുന്നതിനു വേണ്ടുയുള്ള അവകാശ സമരങ്ങളുലും, സാമൂഹ്യ, രാഷ്ട്രീയ പ്രവർത്തനങ്ങളിലുംമെല്ലാം ഇവർ ആത്മാർത്ഥമായി സഹകരിക്കുന്നുണ്ട്. സ്ത്രീകളിൽ 60% ഉം തൊഴിലാളി മേഘലയിൽ പലതരം പണികൾ ചെയ്തുകൊണ്ടിരിക്കുന്നു. കുറെ പേർ കാർഷികമേഖലയിലും, വ്യവസായിക മേഖലകളിലും പണിയെടുക്കുന്നുണ്ട്. ചുരുക്കം സ്ത്രീകൾ സർക്കാർ സ്ഥാപനങ്ങളിലോ, പൊ തുമേഖലാ സ്ഥാപനങ്ങളിലോ, ജോലി ചെയ്യുന്നു. ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ളവരടക്കം വളരെ അ

ധികം പെൺകുട്ടികൾ എംപ്ലോയ്മെന്റിലും മറ്റും പേര് രജിസ്റ്റർ ചെയ്ത് വർഷങ്ങളായി തൊഴിലിനുവേണ്ടി കാത്തിരിക്കുന്നു. വിദ്യാഭ്യാസമുള്ള പെൺകുട്ടികൾ പോലും വസ്ത്രവ്യാപാര രംഗത്തും, മറ്റ് ഇതര വ്യാപാര സ്ഥാപനങ്ങളിലും നാമമാത്രമായ ശമ്പളം പറ്റിക്കൊണ്ട് ആത്മാർത്ഥതയോടുകൂടു പണിയെടുത്തുവരുന്നു. ഓരോ വീടുകളിലേയും സാമ്പത്തിക ഭദ്രതയുടെ ആണികല്ലുകൾ പാകുവാൻ മുൻകൈ എടുക്കുന്നത് സ്ത്രീകളാണ് എന്ന വിവരം നമ്മുടെ പരിസര പ്രദേശങ്ങളിൽ കണ്ണോടിച്ചാൽ ബോദ്ധ്യമാകും. സ്വന്തമായി ഒരു വീടുണ്ടാക്കാൻ വീട്ടിൽ വേണ്ടത്ര ഉപകരണങ്ങൾ ഉണ്ടാവാൻ സ്ത്രീകൾ കാണിക്കുന്ന താത്പര്യങ്ങൾ ഏറെയാണ്. സ്ത്രീകളുടെ ക്ഷേമത്തുനുവേണ്ടിയുള്ള നിരവധി പദ്ധതികൾ സർക്കാർ ആവിഷ്ക്കരിക്കുന്നുണ്ടെങ്കിലും അവയെ പറ്റിയുള്ള പ്രചരണം ഇല്ലാത്തതുകൊണ്ട് അധികം പേർക്കും പ്രയോജനപ്പെടുന്നില്ല. ചെറുകിട വ്യവസായങ്ങളുടെ വനിതാ യൂണിറ്റുകൾക്ക് 50% വരെ സബ്സീഡി നൽകുന്ന പദ്ധതികൾ ഉണ്ട്. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, അച്ചാർ നിർമ്മാണം, പലഹാര നിർമ്മാണം, കറിപ്പൗഡർ നിർമ്മാണം, സോപ്പുനിർമ്മാണം, തീപ്പെട്ടി നിർമ്മാണം, ടൈപ്പറൈറ്റിംങ്ങ് ജോലികൾ, ഫോട്ടോസ്റ്റാറ്റ് തുടങ്ങിയവയ്ക്കെല്ലാം വനിതായൂണിറ്റുകൾക്ക് ധനകാര്യ സ്ഥാപനങ്ങൾ സബ്സീഡിയോടുകൂടിയ വായ്പ്പകൾ നൽകുന്നുണ്ട്.

ഈ യൂണിറ്റുകൾ പ്രവർത്തിക്കുന്നതിനുള്ള അസംസ്കൃത സാധനങ്ങളും മറ്റെവിടുത്തെക്കാൾ കൂടുതൽ ഇവിടെ ലഭ്യമാണ്. സ്ത്രീകളുടെ സാമൂഹ്യ, സാംസ്കാരിക രംഗത്തും, തൊഴിൽ രംഗത്തുമുള്ള പ്രവർത്തനങ്ങൾക്ക് വേണ്ട സഹായ സഹകരണങ്ങൾ നൽകുവാനുള്ള മഹിളാ സമാജങ്ങൾ ഈ പഞ്ചായത്തിന്റെ വിവിധമേഖലകളിലുണ്ട്. അവിടെയൊന്നും ആരോഗ്യരംഗത്തും രോഗപ്രതിരോധരംഗത്തും മതിയായ സേവനങ്ങൾ നൽകുന്ന അംഗനവാടികൾ ഈ പഞ്ചായത്തിൽ നിലവിൽ ഒന്നുപോലും ഇല്ല. ഐ. ആർ. ഡി. പി., ഡി. ഡബ്ലി യു. സി. ആർ. എ. തുടങ്ങിയ സ്കീമുകളിൽ കുറെ സ്ത്രീകൾ സ്വയം തൊഴിലിനുവേണ്ടി ആനുകൂല്യങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും അവയിൽ ഭൂരിപക്ഷവും ഇന്ന് പ്രവർത്തനക്ഷമമല്ല.

കഴിഞ്ഞകാലങ്ങളിൽ ഈ പ്രദേശത്ത് ചിലവീടുകളിൽ സ്ത്രീപീഠനം നടക്കാറുണ്ടായിരുന്നു, എന്നാൽ മദ്യത്തിന്റെ ലഭ്യത കുറഞ്ഞതോടുകൂടി ആ വീടുകളിൽ ഭൂരിപക്ഷത്തിലും കുടുംബ സമാധാനം കൈവന്നിട്ടുണ്ട്. ഭാര്യയും, ഭർത്താവും, മക്കളും, മറ്റുകുടുംബാഗങ്ങളും ഒത്തൊരുമയോടുകൂടി സന്തോഷപ്രദമായ ജീവിതം നയിക്കുന്ന വീടുകളാണ് ഈ മേഖലയിൽ അധികവും ഉള്ളത്. വാഹനം ഓടിക്കാനും, ബസ്സ് കണ്ടക്ടർ ആകാനും മറ്റുമേഖലകളിൽ സ്ത്രീകൾ മുന്നോട്ടുവന്നുട്ടുണ്ടെങ്കിലും എന്തുകൊണ്ടോ ഈപ്രദേശത്തെ പെണ്ടകുട്ടിൾ ആരംഗത്ത് മുൻപന്തിയിലേക്ക് വന്നിട്ടില്ല. സ്ത്രീക്കും പരുഷനും തുല്യ പദവി അംഗീകരിച്ചുട്ടുണ്ടെങ്കിലും ചുരുക്കംചില ആളുകൾ ഈ അംഗീകാരത്തെ വകവച്ചുകൊടുത്തിട്ടില്ല.

സ്ത്രീ പണിചെയ്യുവാനും, കുട്ടികളെ സംരക്ഷിക്കുവാനും, വീട്ടിൽ അടങ്ങി ഒതുങ്ങി കഴിയുവാനും മാത്രം നിയോഗിക്കപ്പെട്ടവളാണ് എന്നതോന്നൽ ഇപ്പോഴും ചുരുക്കമായിട്ടെങ്കിലും സംസ്ക്കാരസംമ്പന്നർ എന്നഭിമാനിക്കുന്ന പുരുഷൻമാരിൽ ചിലരെങ്കിലുമുണ്ട്. സ്ത്രീകളേടൊത്ത് പെരുമാറ്റത്തിൽ ഭൂരിപക്ഷം പേരും ഈ മേഖലയിൽ മാന്യത പുലർത്തുന്നുണ്ടെങ്കിലും അവരെ വഴിതെറ്റിക്കുന്നതിനും സദാചാരമാർഗ്ഗങ്ങളിൽ നിന്ന് വ്യതിചലിപ്പിക്കുന്നതിനും ചെറിയതോതിലുള്ള ശ്രമങ്ങൾ ചിലയിടങ്ങളിൽ നടക്കാറുണ്ട്

വനിതാമേഖലയിലെ പ്രശ്നങ്ങൾ

1. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തക്കുറവ്.
2. തൊഴൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ബോധവൽക്കരണം വേണ്ടത്രയില്ല.
3. മഹിളാ സമാജങ്ങളും അംഗനവാടികളും ഈ പ്രദേശത്ത് വേണ്ടത്രയില്ല.
4. സ്തീവികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ വേണ്ടത്ര സ്ത്രീ പങ്കാളിത്തം ഉണ്ടാകുന്നില്ല.
5. സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടത്ര സംരക്ഷണം ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പാക്കാൻ കഴിയുന്നുല്ല.
6. സാമൂഹ്യ, സാംസ്ക്കാരിക, രാഷ്ട്രീയ രംഗങ്ങളിൽ നേത്യത്വ നിരയിലേക്ക് സ്ത്രീകൾ കടന്നു വരുന്നില്ല.

പ്രശ്നപരിഹാരങ്ങൾ

1. സ്ത്രീകളുടെ പ്രശനങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ പ്രയോജനപ്പെടുന്ന അംഗനവാടികളും, മഹിളാ സമാജങ്ങളും, ഇനിയും ഇല്ലാത്തമേഖലകളിൽ രൂപീകരിക്കണം. നിലവിലുള്ള മഹിളാ സമാജങ്ങൾ പ്രവർത്തന ക്ഷമമാക്കണം.
2. വനിതാ കുടിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായകവും, ഉല്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കണം.
3. വനിതാക്ഷേമ പ്രവർത്തനങ്ങൾക്ക് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളെപറ്റി ബോധവൽക്കരണം നടത്തണം.
4. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായവും, മറ്റാ

നുകൂല്യവും നൽകണം.

5. മദ്യനിരോധനത്തിനാവശ്യമായ ബോധവൽക്കരണം നടത്തണം.
6. സാമൂഹ്യ, രാഷ്ട്രീയരംഗത്തേക്ക് കഴിവുള്ള സ്ത്രീകളെ പ്രോത്സാഹിപ്പിച്ച് കൊണ്ടുവരണം.
7. ഹെൽത്ത് സെന്ററുകളിലും, ആശുപത്രികളുലും സ്ത്രീകൾക്ക് മതിയായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
8. പഞ്ചയത്തുതലത്തിൽ ഒരു വനിതാ നിയമസഹായ സെൽ രൂപീകരിക്കുക.
9. പഞ്ചായത്തിൽ വ്യാപകമായി പുകയില്ലാ അടുപ്പുകളും, പാചകവാതക കണക്ഷനുകളും അനുവദിക്കുക.
10. പഞ്ചായത്തിൽ ഒരു വൃദ്ധസദനം ആരംഭിക്കുക.

സംസ്ക്കാരം

വിവിധ മതവിഭാഗങ്ങളിൽപ്പെട്ട, വിവിധ സംസ്ക്കാരങ്ങൾ കൈമുതലായിട്ടുള്ള ആളുകൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ് നമ്മുടെത്. വനാന്തരങ്ങൾ വെട്ടിത്തെളിച്ച് കൃഷി ചെയ്യാൻ തുടങ്ങിയകാലം മുതൽ കാട്ടുമൃഗങ്ങളിൽ നിന്ന് രക്ഷനേടാനും കൃഷിയെ സംരക്ഷിക്കുവാനും, അവരവരുടെ വിശ്വാസങ്ങൾക്കനുസരിച്ച് ആരാധനാലയങ്ങൾ സ്ഥാപിച്ച് പ്രാർത്ഥന നടത്തിവന്നിരുന്നു. നേര്യമംഗം ശ്രീധർമ്മശാസ്ത്ര ക്ഷേത്രവും, കവളങ്ങാട് സീനായ് കുന്ന് പള്ളിയും, നേര്യമംഗലം മുനയുജീൻ ജുമാ അത്ത് പള്ളിയും ഈ ഗണത്തിൽ ആദ്യകാലം മുതൽ ഉണ്ടായിരുന്നവയാണ്. തുടർന്ന് പഞ്ചായത്തിന്റെ പ്രധാനപ്പെട്ട മേഖലകളിലെല്ലാം എല്ലാ മതസ്ഥരുടേയും ദേവാലയങ്ങൾ ഉയർന്നു വന്നു. വനാന്തരങ്ങൾ തെളിക്കുന്ന കാലഘട്ടങ്ങളിൽ കണ്ടുകിട്ടിയ ദേവാലയാവശിഷ്ഠങ്ങൾ ഈ പ്രദേശത്ത് പലയിടത്തുമുണ്ട്. മതസൗഹാർദം ഊട്ടിഉറപ്പിച്ചിട്ടുള്ള മേഖലയാണ് നമ്മുടെത്. എല്ലാ വിഭാഗക്കാരുടെയും ആരാധനാലയങ്ങളിലെ ഉത്സവ, പെരുന്നാൾ ദിവസങ്ങളിൽ സർവ്വമതസ്ഥരും ആഘോഷത്തോടെ പങ്കെടുക്കാറുണ്ട്. ഹിന്ദുക്കളും, ക്രിസ്തിയാനികളും, മുസ്ലീമുകളുമെല്ലാം ഇടകലർന്നു ജീവിക്കുന്ന ഈ പ്രദേശത്ത് വർഗ്ഗീയമായ സംഘട്ടനങ്ങളോ വഴക്കുകളോ എവിടേയും ഉണ്ടായിട്ടില്ല. എല്ലാവരുടെയും വിശേഷദിവസങ്ങളിൽ എല്ലാ മതസ്ഥരും പരസ്പ്പരം സഹകരിക്കാറുണ്ട്, ക്രിസ്തുമസ്സ്, ഈസ്റ്റർ, പെസഹാ തുടങ്ങിയ ക്രസ്തീയ വിശേഷ ദിവസങ്ങളിലും വിഷു, ശ്രീകൃഷ്ണ ജയന്തി മുതലായ ഹിന്ദു വിശേഷ ദിവസങ്ങളിലും, റംസാൻ, ബക്രീദ്, നബിദിനം തുടങ്ങിയ മുസ്ലീം വീശേഷ ദിവസങ്ങളിലും വെടിക്കെട്ട്, ഘോഷയാത്ര, നാടകം, കഥാപ്രസംഗം തുടങ്ങിയ പരിപാടികളോടുകൂടി എല്ലാ വിഭാഗക്കാരും ആഘോഷിക്കുന്നു. എല്ലാ പരിപാടികളും 2 ദിവസമാണ് നടത്താറെങ്കിലും നേര്യമംഗലം ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ ഒരാഴ്ച്ചയോളം വിവിധ പരിപാടികളോടുകൂടി മകരവിളക്കിനോടനുബന്ധിച്ച് ദേശീയ ഉത്സവമായി ആഘോഷിക്കാറുണ്ട്.

മറ്റുപ്രദേശങ്ങളിലും വിദേശങ്ങളിൽ പോലും വർഗ്ഗീയകലാപങ്ങൾ നടക്കുമ്പോൾ അതിന്റെ അലയടി ഗ്രാമ പ്രദേശങ്ങളിൽ ആഞ്ഞടിച്ച് അനുഭാവസംഘട്ടനങ്ങൾ നടക്കാറുണ്ട്. അപ്പോഴൊക്കെ നമ്മുടെ പഞ്ചായത്തിലെ മമ്മതും, മത്തായിയും, മാധവനും ഏകോദര സഹോദരങ്ങളെപ്പോലെ ഈ വർഗ്ഗീയ കലാപം നടത്തുന്ന വിവരമില്ലാത്തവരെപ്പറ്റി ചർച്ച ചെയ്തിരിക്കുന്ന കാഴ്ച്ചയെ കാണാറുള്ളു.

ഇവിടത്തെ ജനവിഭാഗം സാംസ്ക്കാരികരംഗത്ത് ഏറെ മുന്നോട്ട് പോയിട്ടുണ്ട് എന്ന സത്യം മേൽ പ്രസ്ഥാവനയിൽ നിന്നും ബോദ്ധ്യമാകും. സാക്ഷരതാ രംഗത്തുള്ള മുന്നേറ്റമാണ് നമ്മുടെ ഈ സമുന്നത പദവിക്ക് കാരണീഭവിച്ചിട്ടുള്ളത്. 98% പേർക്കും ഈ പഞ്ചായത്തിൽ അക്ഷരജ്ഞാനം ഉള്ളവരാണ്. ഈ സാക്ഷരതാ നിരക്ക് വായനയിലൂടെ പരമാവധി അറിവു നേടുന്നതിന് അവസരം നൽകുന്നു. നെല്ലിമറ്റത്തും, നേര്യമംഗലത്തും പഞ്ചായത്ത് വായനശാലകളും, കവളങ്ങാടും ഊന്നുകല്ലിലും, പരീക്കണ്ണിയിലും, നീണ്ടപാറയിലും ഗ്രന്ധശാലാ സംഘത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്ന വായനശാലകളും ഉണ്ട്. ഈ വായനശാലകളിലും, വീടുകളിലും, വ്യവസായസ്ഥാപനങ്ങളിലുമൊക്കെയായി ദേശാഭിമാനി, മാതൃഭൂമി, മനോരമ, മംഗളം, ചന്ദ്രിക, കേരള കൗമുദി, മാധ്യമം, ദീപിക തുടങ്ങിയ മലയാള പത്രങ്ങളും ഇന്ത്യൻ എക്സ്പ്രസ്സ്, ഹിന്ദു തുടങ്ങിയ ഇംഗ്ലീഷ് പത്രങ്ങളും കേരള ശബ്ദം, കലാകൗമുദി, ഇൻഡ്യാ ടുടേ, പീപ്പിൾസ് ഡെമോക്രസി, നവയുഗം, മാതൃഭൂമി, മംഗളം, മനോരമ, വനിത, കന്യക, ഗൃഹലക്ഷ്മി തുടങ്ങിയ വാരികകളും കൂടാതെ നിരവധി കാർഷിക - വനിതാ പ്രസിദ്ധീകരണങ്ങളും ഈ പഞ്ചായത്തുലുടനീളം ജനങ്ങളുടെ അറിവു വർദ്ധിപ്പിക്കുന്നുണ്ട്. എന്നാൽ ചുരുക്കം ചില പ്രസിദ്ധീകരണങ്ങൾ ജനങ്ങളെ വഴിതെറ്റിക്കുന്നതുമുണ്ട്.

പഞ്ചായത്തിലെ പത്രമാസികകളുടെ സർക്കുലേഷൻ

പത്രം

1. ദേശാഭിമാനി 397
2. കേരളാ കൗമുദി 112

3.	മാധ്യമം	98
4.	ദീപിക	133
5.	മാതൃഭൂമി	641
6.	മലയാള മനോരമ	814
7.	മംഗളം	105
8.	ചന്ദ്രിക	39
9.	ഇൻഡ്യൻ എക്സ്പ്രസ്	64
10.	ഹിന്ദു	36
ആകെ		2439

വാരികകൾ, ദൈവാരികകൾ, മാസികകൾ, കാർഷിക പ്രസിദ്ധീകരണങ്ങൾ.

ആകെ	3059

നമുക്ക് നിലവിലുള്ള വായനശാലകളിൽ വേണ്ടത്ര ആനുകാലിക പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും യഥാസമയം എത്തുന്നില്ല എന്നപോരായ്മയുണ്ട്. പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിലായി 13 ആർട്ടസ് & സ്പോർട്ടസ് ക്ലബുകളുണ്ട്. ഇവിടങ്ങളിലൊക്കെ കലാകായിക പരീശീലനങ്ങൾ നടക്കുന്നുണ്ടെങ്കിലും ആ രംഗത്ത് മതിയായ പുരോഗതി ഉണ്ടായിട്ടില്ല. ആദ്യകാലങ്ങളിൽ നാടകങ്ങളും, കഥാപ്രസംഗങ്ങളും പഠിച്ച് അവതരിപ്പിക്കാറുണ്ടായിരുന്നു എങ്കിലും പന്നീട് ഇങ്ങോട്ട് ആ പ്രവണത ഇല്ലാതായി. നമ്മുടെ സ്ക്കൂളുകളിൽ കലാകായികരംഗത്ത് യുവജനോത്സവങ്ങളും മറ്റും നടത്തുന്നുണ്ടെങ്കിൽ പോലും സാഹചര്യങ്ങളുടെ അപര്യപ്തമൂലം അവയൊന്നും വേണ്ടവിധം പ്രോത്സാഹിപ്പിക്ക പ്പെടുന്നില്ല. ആദ്യകാലങ്ങളിൽ ചെണ്ടകൊട്ട്, ബാൻഡുമേളം, ഫ്ളൂട്ട്, കോൽക്കളി, പരിശമുട്ടുകളി, ഗരുഡൻ തൂക്കം, കാളകളി തുടങ്ങിയ നാടൻ കലാരൂപങ്ങളും ഈ പ്രദേശത്തെല്ലാം വ്യാപകമായി ഉണ്ടായിരുന്നു. എന്നാൽ അവയും നാമാവിശേഷമാകാൻ തുടങ്ങുകയാണ്.

കായികരംഗത്ത് വൻ പ്രാധാന്യം ആഗോള വ്യാപകമായി നൽകി കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തുപ്രദേശത്ത് വലിയ പുരോഗതിയോന്നുമില്ല. ലോക ഫുട്ബോൾ മേളയും, ഒളിംബിക്സും, ക്രിക്കറ്റുമെല്ലാം നമ്മുടെ എല്ലാ പ്രശ്നങ്ങളും മാറ്റിവച്ച് ടീവിയുടേയും, റേഡിയോയുടെയും മുന്നിലിരുന്ന് കാണാറുള്ള നമുക്ക് ആരംഗത്ത് എടുത്തുപറയത്തക്ക ഒരുനേട്ടങ്ങളും ഉണ്ടായിട്ടില്ല എന്നത് ഖേദകരമാണ്.

കായിക പരിശീലനത്തിന് ആവശ്യമായ സൗകര്യങ്ങൾ വളരെ പരിമിതമായെ നമുക്ക് ഉണ്ടായിട്ടുള്ളു എന്നതാണ് ഈ പിന്നോക്കാവസ്തക്ക് കാരണം. പഞ്ചായത്തിൽ ഊന്നുകല്ലിൽ ഒരു മിനി സ്റ്റേഡിയം ഉള്ളതൊഴിച്ചാൽ പഞ്ചായത്ത് പ്രദേശത്ത് പൊതു കളിസ്ഥലങ്ങൾ ഒന്നുമില്ല. വിവിധ സ്ക്കൂളുകളിലുള്ള പരിമിതമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി നടത്തുന്ന പരിശീലനങ്ങൾ മാത്രമേ നമുക്ക് ലഭ്യമാകുന്നുള്ളു. ഈ പരിമിതിവച്ച് പരിശേധിക്കുമ്പോൾ നമുക്കാശ്വസിക്കാവുന്ന കൊച്ചു കൊച്ചു നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. നേര്യമംഗലം ഗവ: വി. എച്ച്. എസ്. എസ്. സ്ക്കൂളിന് ഈ വർഷത്തെ യുവജനോത്സവത്തിൽ ഇരട്ടകലാപ്രതിഭാ സ്ഥാനവും ഒരു കലാതിലക സ്ഥാനവും 117 പോയിന്റും ലഭിക്കുകയുണ്ടായി. കൂടാതെ യുവജനോത്സവങ്ങളിൽ തലക്കോട് ഗവ: സ്ക്കുളും, ഊന്നുകൽ എൽ. എഫ്. യു. പി. സ്ക്കൂളും, കുത്തുകുഴി സെന്റ് ജോസഫ്സ് യുപി സ്ക്കൂളും മറ്റിതര സ്ക്കൂളുകളും നല്ല പ്രകടനം കാഴ്ച്ച വച്ചിട്ടുണ്ട്. പ്രാദേശിക തലത്തിൽ പഞ്ചായത്തിൽ പലയിടത്തും നടത്തറുള്ള ഫുട്ബോൾ മത്സരങ്ങൾ ഉയർന്ന നിലവാരം കാഴ്ച്ചവെക്കാറുണ്ട്. പഞ്ചായത്തുതലത്തിൽ നടത്താറുള്ള കേരളോത്സവങ്ങളിലും, ഓണാഘോഷ മത്സരങ്ങളിലുമെല്ലാം താലൂക്കിൽ മുൻപന്തിയിൽ നമുക്ക് സ്ഥാനം ലഭിച്ചിട്ടുണ്ട്.

കരാട്ടെ രംഗത്ത് അലൻ – തിലക്– ഷിറ്റോറിയോ കരാട്ടെ സ്ക്കൂൾ എന്ന സ്ഥാപനം ഈ പഞ്ചായത്തിൽ പ്രശസ്തമായി പ്രവർത്തിക്കുന്നുണ്ട്. ഈ സ്ക്കൂളിന്റെ ഡയറക്ടർ ജോയി പോളിനും സ്ക്കൂളിൽ പഠിച്ചിട്ടുള്ള വിദ്യർത്ഥികളിൽ പലർക്കും ദേശീയ തലത്തിൽ വരെ ആംഗീകാരം ലഭിച്ചിട്ടുണ്ട്.

സാംസ്ക്കാരിക രംഗത്തെ പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ വേണ്ടത്ര സൗകര്യങ്ങളോടുകൂടിയ വായനശാലകളും ക്ലബുകളും ഉണ്ടായിട്ടില്ല.
2. ആവശ്യത്തിന് പൊതുകളിസ്ഥലങ്ങളില്ല.
3. സ്ക്കുളുകളിലും വേണ്ടത്ര കലാ – കായിക സൗകര്യങ്ങളില്ല.
4. പഞ്ചായത്തിലും, സ്ക്കുളിലും വേണ്ടത്രയോഗ്യരായ പരിശീലകരില്ല.
5. പ്രസിദ്ധീകരണങ്ങൾക്കും, കായിക ഉപകരണങ്ങൾക്കും തൊട്ടാൽ പൊള്ളുന്ന വിലവർദ്ധനവ് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

1. വേണ്ടത്ര ക്ലബുകളും, വായനശാലകളും ആരംഭിക്കുക, ഉള്ളവ പ്രവർത്തനക്ഷമമാക്കുക.
2. തലക്കോട്ടും നേര്യമംഗലത്തും ഓരോപൊതു കളിസ്ഥലം നിർമ്മിക്കുക.
3. സ്ക്കൂളുകളിലെ കലാ-കായിക രംഗത്തുള്ള സൗകര്യങ്ങൾ പരമാവധി വർദ്ധിപ്പിക്കുക. തലക്കോട് യു. പി. സ്ക്കൂളിന്റേയും, ചെമ്പൻകുഴി സ്ക്കൂളിന്റേയും കളിസ്ഥലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുക.
4. കലാകായിക മത്സരങ്ങൾ നടത്തി വിജയികൾക്ക് പ്രോത്സാഹന സമ്മാനങ്ങളും സർട്ടിഫിക്കറ്റും നൽകുക.
5. കലാകായിക രംഗത്ത് പരിശീലനം നൽകുവാൻ വിദഗ്ദൻമാരെ നിയമിക്കുക.
6. കലാകായിക പ്രതിഭകൾക്ക് സ്ക്കോളർഷിപ്പ് ഏർപ്പെടുത്തുക.
7. പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന കോലുകളി, ഗരുഡൻ തൂക്കം, പരിശമുട്ടുകളി, മാർഗ്ഗംകളി, കാളകളി, ചെണ്ടമേളം തുടങ്ങിയ നാടൻ കലകൾ പ്രോത്സാഹിപ്പിക്കുക.
8. എല്ലാ ക്ലബുകളിലും, വായനശാലകളിലും ടി. വി. സൗകര്യം ഏർപ്പെടുത്തുക.
9. സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഗ്രാൻഡ് നിലനിർത്തുക.
10. വ്യാജ മദ്യങ്ങളും, മയക്കുമരുന്നുകളും കർശനമായി നിയന്ത്രിക്കുക.

സഹകരണ മേഖല

കേരള സംസ്ഥാനത്ത് സഹകരണ മേഖല പടർന്ന് പന്തലിച്ചു കൊണ്ടിരിക്കുകയാണ്. അതിന്റെ പ്രവർത്തനം എത്താത്ത മേഖലകൾ ഒന്നും തന്നെയില്ലെന്നു പറയാം. ജനകീയാസൂത്രണപരിപാടിയുമായി സഹകരണ മേഖലയെ ബന്ധപ്പെടുത്തുമ്പോൾ ഒരു ജനകീയപ്രസ്ഥാനം എന്ന നിലക്ക് വികസനരംഗത്ത് വളരെ അധികം സംഭാവന നൽകാൻ കഴിയും. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സഹകരണ മേഖലയ്ക്ക് സാമാന്യം വേരോട്ടമുണ്ട്. ഈ പഞ്ചായത്തിൽ നെല്ലിമറ്റത്തും നേര്യമംഗലത്തും ഓരോദേശസാൽകൃത ബാങ്കുകൾ ഉണ്ടെങ്കിലും കാർഷിക മേഖലക്ക് വേണ്ടത്ര പ്രോത്സാഹനം കൊടുത്തിട്ടില്ല. അതുകൊണ്ട് നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം കർഷകരും, ദുർബല ജനവിഭാഗങ്ങളും സർവ്വീസ് സഹകരണ സംഘങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. ഈ സാഹചര്യത്തിൽ സഹകരണ മേഖലയുടെ പ്രവർത്തനം വികസന രംഗത്ത് ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകമായി മാറിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ 2 സർവ്വീസ് സഹകരണ ബാങ്കുകളും, 14 കാഷ്വീരോൽപാദക സഹകരണ സംഘങ്ങളും, പട്ടിക ജാതി - പട്ടിക വിഭാഗക്കാർക്ക് 2 സംഘങ്ങളും, വനിതാ പ്യവസായ സംഘം ഒന്നും, റബ്ബർ മാർക്കറ്റിംഗ് സംഘം 1 ഉം, റബ്ബർ ഉത്പാദക സംഘം 7 ഉം, സ്ക്കൂൾ സഹകരണസംഘങ്ങൾ 4 ഉം പ്രവർത്തിക്കുന്നുണ്ട്.

സർവ്വീസ് സഹകരണ ബാങ്കുകൾ

1. കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1348

ഈ സംഘം 1101 ഇടവമാസം 28-ാം തീയതി രജിസ്റ്റർ ചെയ്ത് 1101 കർക്കിടകമാസം 24-ാം തീയതി (1921) പ്രവർത്തനം ആരംഭിച്ചതാണ്. സ്വാതന്ത്ര കാലഘട്ടത്തിനുമുൻപ്തന്നെ പ്രവർത്തനം ആരംഭിച്ച ഈ സംഘം ആദ്യ കാലങ്ങളിൽ യാതൊരു പ്രവർത്തനവും ഇല്ലാതെ കിടക്കുകയായിരുന്നു. കേരളത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയോടുകൂടി 1960 ൽ ഈസംഘവും ആദ്യകാല മെമ്പറന്മാരെ കൂടാതെ പുതുതായി അംഗങ്ങളെ ചേർത്തുകൊണ്ട് സർവ്വീസ് ബാങ്കായി ഉയർത്തുകയും നെല്ലിമറ്റം കേന്ദ്രീകരിച്ച് പ്രവർത്തികയും ചെയ്തു. 1980 കാലഘട്ടം വരെ ഈ സംഘത്തിന് എടുത്തുപറയാവുന്ന പ്രവർത്തനങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ 1980 മുതൽ പടിപടിയായി അതിന്റെ പ്രവർത്തനം ഉയരുകയും ഇപ്പോൾ 7535 അംഗങ്ങളും 16 ലക്ഷം രൂപാ ഓഹരി മൂലധനവും. 1 കോടിയിലധികം രൂപയുടെ നിക്ഷേപവും ഉണ്ട്. കാർഷികവും കാർഷികേതരമായ ആവശ്യങ്ങൾക്കായി രണ്ടു കോടിയിലധികം രൂപ വായ്പയായും കൊടുത്തിട്ടുണ്ട് ഈ സംഘത്തിൽ ഇപ്പോൾ 7ജീവനക്കാർ ഉള്ളതാണ്. ഈ സംഘത്തിന്റെ കീഴിൽ നേര്യമംഗലം ഫാമിൽ ഒരു കൺസ്യൂമർ സ്റ്റോറും, നേര്യമംഗലത്ത് ഒരു വളം ഏജൻസിയും പ്രവർത്തിച്ചു വരുന്നുണ്ട്. ഒരു വർഷം 16 ലക്ഷം രൂപയുടെ വളം വരെ ഈ ബാങ്കിൽ നിന്നും കൊടുത്തിട്ടുണ്ട്. തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ ബാങ്ക് പഞ്ചായത്തിലെ മാത്രമല്ല താലൂക്കിലെത്തന്നെ എടുത്തു പറയാവുന്ന സ്ഥാപനമാണ്.

2. ഊന്നുകൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ - 58

ഊന്നുകൽ ആസ്ഥാനമായിട്ടുള്ള ഈ സംഘം 1960 ൽ പ്രവർത്തനം ആരംഭിച്ചു. ഈ ബാങ്കിന്റെ 1994 - 95 ലെ വാർഷിക റിപ്പോർട്ട് അനുസരിച്ച് 6903 അംഗങ്ങളും 30,13,966/- രൂപയുടെ ഓഹരി മൂലധനവും ഉണ്ട്. വിവിധ ഇനം നിക്ഷേപങ്ങളിലായി 2,70,28,945/- രൂപയും ഉള്ളതാണ്. ഈ സംഘത്തിന് ഉപ്പുകുളത്ത് ഒരു ബ്രാഞ്ചും, നീണ്ടപാറയിൽ ഒരു കൺസ്യൂമർ സ്റ്റോറും പ്രവർത്തിക്കുന്നു. കൂടാതെ, വളം, കീടനാശിനി, തു

ണി ഇവയുടെ വ്യാപാരവും നടത്തിവരുന്നു. ഏതാണ്ട് 25 ലക്ഷം രൂപയുടെ വളം ഈ ബാങ്കിൽ നിന്നും ഒരു വർഷം വിതരണം ചെയ്യുന്നതായി കാണാം. 71025414 രൂ വിവിധയുനം വായ്പകളായി അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

3. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

ഈ പഞ്ചായത്തിൽ മിൽമസഹകരണ സംഘത്തിന്റെ കീഴിൽ നെല്ലിമറ്റം, കവളങ്ങാട്, തലക്കോട്, നേര്യമംഗലം, ആവോലിച്ചാൽ, നീണ്ടപാറ എന്നിവിടങ്ങളിലും നിർമ്മൽ ഗ്രാം വനിതാസംഘത്തിന്റെ കീഴിൽ 8 കേന്ദ്രങ്ങളിലും നല്ലനിലയിൽ പാൽ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. പ്രതിദിനം 2500 ലിറ്ററിലധികം പാൽ മേൽ വിവരിച്ച സംഘങ്ങളിൽ കൂടി ശേഖരിക്കന്നതായി കാണുന്നു. 2000 ത്തിൽ അധികം കുടുംബങ്ങൾ അംഗങ്ങളായി ചേർന്ന് പാൽ ഉല്പാദനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ക്ഷീരോല്പാദനത്തിന് വളരെയേറെ സൗകര്യങ്ങൾ ഉള്ള പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്.

4. വനിതാ വ്യവസായ സംഘം (ആര്യ കറിപൗഡർ) നീണ്ടപാറ

ഈ പഞ്ചായത്തിലെ ഏക വനിതാ സംരംഭമായ ഈ സംഘം ഇപ്പോൾ പ്രവർത്തനം ഇല്ലാതെ കിടക്കുകയാണ്.

5. റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം, നേര്യമംഗലം.

നേര്യമംഗലം കേന്ദ്രമായി പ്രവർത്തിക്കുന്നു. മുന്നൂറോളം അംഗങ്ങൾ നിലവിലുണ്ട്. ഈ പഞ്ചായത്തിലെ മുഖ്യ കൃഷി റബ്ബർ ആയതിനാൽ ഈ സംഘം റബ്ബർ കർഷകർക്ക് ന്യായമായ വിലകിട്ടാൻ സഹായകമാണ്. ഇപ്പോൾ നെല്ലിമറ്റത്ത് ഒരു ബ്രാഞ്ചും ഈ സംഘത്തിനുണ്ട്.

6. റബ്ബർ ഉൽപ്പാദകസംഘം

നെല്ലിമറ്റം, ഉപ്പുകുളം, കവളങ്ങാട്, ഊന്നുകൽ, പുത്തൻകുരിശ്, നീണ്ടപാറ, പെരുമണ്ണൂർ തുടങ്ങിയ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു. റബ്ബർ ബോർഡിന്റെ ഉപദേശ നിർദേശങ്ങളുടെ അടിസ്താനത്തിൽ കുറഞ്ഞനിരക്കിൽ വളം, ഷെയിഡ്, ടാപ്പിംഗ് ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നുണ്ട്. മേൽത്തരം റബ്ബർ തൈകളും സഹായകമായ വിലക്ക് വിതരണം ചെയ്യുന്നുണ്ട്. നെല്ലിമറ്റത്തും ഊന്നുകല്ലിലും പ്രവർത്തിക്കുന്ന സംഘങ്ങൾ കൃഷിക്കാരിൽ നിന്നും നേരിട്ട് റബ്ബർ പാൽ ശേഖരിച്ച് വിപണനം നടത്തിവരുന്നു. റബ്ബർ കർഷകരെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രയോജനം ഇത്മൂലം ലഭിക്കുന്നു.

7. സ്ക്കൂൾ സഹകരണ സംഘങ്ങൾ

വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള നോട്ടുബുക്ക്, പുസ്തകം, സ്റ്റേഷനറിസാധനങ്ങൾ ഇവ നിതരണം നടത്തിവരുന്നു. സ്ക്കൂൾ തലത്തിൽ പ്രവർത്തിക്കുന്ന ഈ സംഘം കുട്ടികളിൽ സഹകരണബോധം വളർത്താൻ ഉപകരിക്കുന്നുണ്ട്.

8. നേര്യമംഗലം സഹകരണ കോളനി ക്ലിപ്തം നമ്പർ 2227

1118-ാം മാണ്ട് കുംഭമാസം 16-ാം തീയതി കോട്ടയം ഡിവിഷനിൽ മൂവാറ്റുപുഴ താലൂക്കിൽ നേര്യമംഗലം സഹകരണ കോളനിയിൽ കൂട്ടുകൃഷി വ്യവസ്ഥയിൽ സർക്കാരിൽനിന്നും ലഭിച്ച 250 ഏക്കർ സ്ഥലത്ത് പ്രവർത്തനം ആരംഭിച്ചു. ആരംഭത്തിൽ 100 ആംഗങ്ങൾ ഉണ്ടായിരുന്നു. ആദ്യകാലങ്ങളിൽ നല്ലരീതിയിൽ പ്രവർത്തിച്ചിരുന്ന ഈ സംഘം അംഗങ്ങളുടെ ക്ഷേമത്തിനായി വളം ഡിപ്പോ, ടെക്സ്റ്റൈയിൽ ഷോറൂം, കന്നുകാലി പൗണ്ട് എന്നിവ നടത്തിയിരുന്നു. തുടർന്ന് ടി 250 ഏക്കറിൽ 2.5 ഏക്കർ വീതം സ്ഥലം സർക്കാർ അംഗങ്ങൾക്ക് വീതിച്ചുനൽകുകയും 1980 ൽ ബാക്കിയുണ്ടയിരുന്ന 25 ഏക്കറിൽ ഉദ്ദേശം 40 സെന്റ് കഴിച്ച് ബാക്കിസ്ഥലവും വീതിച്ചു നൽകി. നിലവിൽ 40 സെന്റ് സ്ഥലവും ഒരു കെട്ടിടവും ഉള്ള ആ സംഘം പ്രവർത്തനരഹിതമായി കിടക്കുകയാണ്.

9. കവളങ്ങാട് പഞ്ചായത്ത് പട്ടികജാതി സർവ്വീസ്സ് സഹകരണ സംഘം - ഇ . 675, നേര്യമംഗലം.

10 . 01 . 1979 ൽ രജിസ്റ്റർ ചെയ്ത് 18 . 03 . 79 ൽ ഈ സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചു. നിലവിൽ ഈ സംഘത്തിൽ 569 അംഗങ്ങളാണുള്ളത്. ആകെ ഓഹരി മൂലധനം 36,470 രൂപയാണ്. ഇതിൽ 27,00 രൂപാ സർക്കാർ വിഹിതവും, ബാക്കിയുള്ളത് ഓഹരി നിക്ഷേപവുമാണ്. ഈ സംഘത്തിന്റെ കീഴിൽ വനിതാ ടൈയ്ലറിംഗ് ക്ലാസ്സും, ടൈപ്പ്റൈറ്റിംങ്ങ് ഇൻസ്റ്റിട്യൂട്ടും നടത്തി വരുന്നു. ഈ സംഘത്തിന്റെ കീഴിൽ ഒരു പവ്വർ ടില്ലർ പ്രവർത്തിക്കുന്നുണ്ട്യ 12.5 സെന്റ് സ്ഥലവും, പുതിയ ഒരു കെട്ടിടവും സംഘത്തിന് സ്വന്തമായുണ്ട്.

തിരഞ്ഞെടുക്കപ്പെട്ട 7 അംഗങ്ങളുള്ള ഭരണസമിതിയാണ് ഈ സംഘത്തിന്റെ ഭരണം നടത്തുന്നത്. സെക്രട്ടറിയും, തയ്യൽ ടീച്ചറും, ടൈപ്പ്റൈറ്റിംങ്ങ് ടീച്ചറുമടക്കം 3 ജീവനക്കാരാണ് സംഘത്തിലുള്ളത്.

10. കവളങ്ങാട് പഞ്ചായത്ത് ഹരിജൻ കെയിൻ ആന്റ് ബാംബൂ വില്ലേജ് ഇൻഡ്രസ്ട്രീസ് സഹകരണ സംഘം ലിമിറ്റഡ് (കെ. വി. ഐ, എൻ. ഡി) ഇ. 104., നേര്യമംഗലം.

16 . 01 . 1988 ൽ രജിസ്റ്റർ ചെയ്തു 25 . 01 . 1988 ലാണ് ടി സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചത്. 65 അംഗങ്ങളും, 650 രൂപാ ഓഹരിമൂലധവും ഉള്ള ഈ സംഘത്തിന് 10 1/4 സെന്റ് സ്ഥലവും സ്വന്തമായുണ്ട്. 1988 – ൽ അംഗങ്ങൾക്ക് ഈറ, മുള എന്നുവ ഉപയോഗിച്ച് സ്വയംതൊഴിൽ ചെയ്യുന്നതിൻ 1600രൂപാ വച്ച് സംഘം നൽകുകയുണ്ടായി.

ഈ സംഘത്തുന്റെ ഭരണം നടത്തുന്നത് 7 ആംഗങ്ങളുള്ള ഭരണസമിതിയാണ്.

പ്രശ്നങ്ങൾ

1. കൈവശഭൂമിക്ക് പട്ടയം ഇല്ലാത്തതിനാൽ വസ്തു ഈടിൻമേൽ ലോൺ കൊടുക്കുന്നതിന് പ്രയാസപ്പെടുന്നു.
2. കരം തീർത്ത രസീത് ഇല്ലാത്തതിനാൽ ക്രഡിറ്റ് ലോൺ പാസായികിട്ടുന്നതിന് ബുദ്ധുമുട്ടുണ്ടാകുന്നു.
3. കാർഷികാവശ്യങ്ങൾക്ക് ലോൺ എടുക്കുമ്പോൾ ഓഹരി വിഹിതം കുറക്കണം.
4. സർക്കാർ സബ്സീഡി കാലാകാലങ്ങളിൽ ലഭിക്കുന്നില്ല.
5. ക്ഷീരോൽപാദന രംഗത്തുള്ള സാദ്ധ്യതകൾ മുഴുവനും വിനിയോഗിക്കുവാൻ സാധിക്കുന്നില്ല.
6. പഞ്ചായത്തിന്റെ പൊതുവികസനപദ്ധതികളിൽ സഹകരണ സംഘങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുന്നുല്ല.
7. വനിതാസംഘങ്ങൾ ഇനിയും രൂപീകരിക്കുവാൻ സാദ്ധ്യതകൾ ഉണ്ട്. അത് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

സഹകരണ മേഘലയിലെ പ്രശ്നപരിഹാര നിർദ്ദേശങ്ങൾ.

1. സർവ്വീസ്സ സഹകരണ ബാങ്കുകളിൽ മുഴുവൻ പേരെയും അംഗങ്ങളാക്കുക.
2. കാർഷികവും മറ്റിതരവായ്പ്പകളും നൽകുവാൻ തക്കവണ്ണം ടി ബാങ്കുകളെ സാമ്പത്തിക ഭദ്രതയുള്ളവയാക്കുക.
3. മെമ്പറന്മാർക്ക് എല്ലാത്തരം വായ്പയും ലഭ്യമാക്കുക
4. സഹകരണ മേഖലയിൽ പൊതുവിതരണ സ്യംഖല സ്ഥാപിക്കുക.
5. വനിതസംഘങ്ങൾ എല്ലാ രംഗത്തും സ്ഥാപിക്കുക.
6. കാർഷീക മേഖലയിൽ വിപണനസംഘങ്ങൾ സ്ഥാപിക്കുക.
7. കാർഷിക മേഖലയിലെ മികച്ച സാമ്പദ്യങ്ങൾ നിക്ഷേപിക്കുവാൻ സഹകരണ ബാങ്കുകൾക്ക മുൻഗണന നൽകുക.

വിഭവസമാഹരണം.

വിസ്തീർണ്ണത്തിലും ജനസംഖ്യയിലും ഏറ്റവും മുൻനിരയിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്ത് വിഭവസമാഹരണ രംഗത്ത് വളരെ പിന്നിലാണ്. സ്ഥിരമായി വരുമാനം നൽകുന്ന വ്യവസായങ്ങളോ, മറ്റിതര സ്ഥാപനങ്ങളോ നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല. വരുമാനത്തിന്റെ ശോച്യാവസ്ഥ 95–96 ലെ താഴെകൊടുത്തിരിക്കുന്ന വരുവു ചിലവു കണക്കുകൾ പരിശോധിച്ചാൽ ബോദ്ധ്യമാകും.

95–96 വരുമാന ചിലവു കണക്കുകൾ

വരവ്

കെട്ടിട നികുതി	1,28,423.55
തൊഴിൽ നികുതി	183,202.00
വിനോദ നികുതി	13,996.71
അധിക വിനോദ നികുതി	3,508.84
കാഴ്ച നികുതി	988.50
ചന്ത പരവ്	4,650.00
ലൈസൻസ് ഫീസ്	41,197.00
വസതു കൈമാറ്റ നികുതി	3,01,879.00
ഡിപ്പോസിറ്റ്	19,103.00

മറ്റു വരവുകൾ	1,17,284.10
എം. ഐ. ഗ്രാൻഡ്	3,550.00
വി. ആർ. എം ഗ്രാൻഡ	30,505.00
വി. റ്റി. സി. ഗ്രാൻഡ	3,24,539.00
അൺടൈയ്ഡ്	1,98,375.00
എസ്. സി. പി.	1,07,800.00
മറ്റു ഗ്രാൻഡുകൾ	48,350.00
ആകെ	14,94,301.70

ചിലവുകൾ

പഞ്ചായത്തിലെ അണചെലവ്	5,26,979.20
പൊതുമരാമത്തു ചെലവ്	1,92,112.00
വിദ്യാഭ്യാസം	14,928.00
ജവിതരണം, ഡ്രൈനേജ്	
പബ്ലിക് ഹെൽത്ത്	29,808.00
തെരുവു വിളക്കുകൾ	60,516.00
മറ്റുചിലവുകൾ	3,02,052.10
ആകെ	11,26,395.30

മറ്റു വകുപ്പുകളിൽ നിന്നും വരവ്

കൃഷി വകുപ്പ്	7,41,130.00
പട്ടികജാതി വികസന വകുപ്പ്	3,000.00
മൃഗസംർക്ഷണ വകുപ്പ്	2,818.00
ക്ഷീരവികസനം	17,520.00
വാർദ്ധക്യകാല പെൻഷനുകൾ	10,800.00
വിദ്യാഭ്യാസ വകുപ്പ്	25,877.00
ആകെ	8,01,145.00

ചിലവ്

കൃഷി വകുപ്പ്	85,230.00
പട്ടികജാതി വികസന വകുപ്പ്	3,000.00
മൃഗസംരക്ഷണ വകുപ്പ്	300.00
വാർദ്ധക്യകാല വിധവാ പെൻഷൻ	9,135.00
വിദ്യാഭ്യാസം	17,498.00
ആകെ	1,06,545.00

കോടിക്കണക്കിന് രൂപ അടിയന്തിര വികസന പ്രവർത്തനങ്ങൾക്ക് ചിലവാക്കിയാലും പഞ്ചായത്തിലെ വിവിധ പ്രശ്നങ്ങളിൽ ഒഴിച്ചുകൂടാത്തവയ്ക്കുപോലും പരിഹാരമാകുകയില്ല എന്നിരിക്കെ മേൽ വിവരിച്ചിട്ടുള്ള വരവു ചിലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ എത്രമാത്രം പുരോഗമന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും എന്ന് ഊഹിക്കാവുന്നതേയുള്ളു. സ്ഥിരം വരുമാനമായ 7,81,182 രൂപായിൽ 5,26,979 രൂപായും പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം, ഭരണസമിതിയുടെ അലവൻസ്, സിറ്റിംഗ് ഫീസ്, മറ്റു ദൈന്യംദിന ചിലവുകൾ എന്നിവയ്ക്കുമാത്രമായി ചിലവാക്കുന്നു. അതുകൊണ്ടുതന്നെ വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായതുക കൂടുതൽ വിഭവ സമാഹാരണത്തിലൂടെയും ജനപങ്കാളിത്തത്തിലൂടെയും സർക്കാരിൽ നിന്നും കിട്ടാവുന്ന പരമാവതി ഗ്രാൻഡുകളിലൂടെയും പദ്ധതിവിഹിതങ്ങളിലൂടെയും സമാഹരിക്കേണ്ടിയിരിക്കുന്നു.

വിഭവ സമാഹരണമെന്നാൽ മനുഷ്യപ്രയത്നം, വിദഗ്ദ പങ്കാളിത്തം, സാമ്പത്തിക വിഭവ സമാഹരണം, സന്നദ്ധ പ്രവർത്തനം എന്നിങ്ങനെ നിർവചിക്കാവുന്നതാണ്. പുതിയതായി പണികഴിപ്പിച്ചിട്ടുള്ള ധാരാളം കെട്ടിടങ്ങളുടെ നികുതി നിശ്ചയിച്ചിയിച്ചിട്ടില്ല. അടിയന്തിരമായി ടി കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ച് ഈടാക്കേണ്ടതാണ്. തൊഴിൽ വരുമാനത്തിന്റെ തോതനുസരിച്ച് തൊഴിൽക്കരം ലഭിക്കുന്നില്ല. പഞ്ചായത്തിന് ലഭിക്കേണ്ട ന്യായമായ തൊഴിൽക്കരം ഈടാക്കേണ്ടിയിരിക്കുന്നു. വ്യവസായങ്ങൾ വിൽപ്പനശാലകൾ, കച്ചവട പീടികകൾ തുടങ്ങിയവയ്ക്ക് നിശ്ചിചയിച്ചിട്ടുള്ള ഫീസുകൾ യഥാസമയം നിശ്ചിത നിരക്കിൽ ഈടാക്കേണ്ടിയിരിക്കുന്നു.

സർക്കാരിൽ നിന്നും ഗ്രാമ പഞ്ചായത്തുകൾക്ക് പഞ്ചവത്സര പദ്ധതി വിഹിതങ്ങൾ ജെ. ആർ. വൈ. ഉപാധിരഹിത ഫണ്ട്, വിവിധയിനം ഗ്രാന്റുകൾ എന്നിവ നൽകുന്നതിൽ തുടർന്നുകൊണ്ടിരിക്കുന്ന ഗൗരവമായ അപാകതകൾ പരിഹരിക്കേണ്ടതാണ്. ഏറ്റവും വലിയ പഞ്ചായത്തുകൾക്കും വലുപ്പത്തിലും ജനസംഖ്യയിലും നാലിൽ ഒന്നു പോലുമില്ലാത്ത ചെറിയ പഞ്ചായത്തുകൾക്കും ഓരേ രീതിയിൽ ഫണ്ടുകൾ വീതിക്കുന്നതരത്തിലുള്ള നടപടിയാണ് ഇപ്പോൾ തുടരുന്നത്. ജനസംഖ്യയിലും പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ എണ്ണത്തിലും വിസ്തീർണ്ണത്തിലും വളരെ കൂടുതലുള്ള പഞ്ചായത്തുകൾക്ക് ടി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വികസനപ്രവർത്തനങ്ങൾക്കുവേണ്ട തുക അനുവദിക്കേണ്ടതാണ്. പല പ്രാവശ്യം ചൂണ്ടിക്കാട്ടിയിട്ടുള്ള ഈ അപാകത ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. 96 –97 ലെ ഉപാധിരഹിത ഫണ്ട് വിഭജനവും പഴയമാനദണ്ഡത്തിൽതന്നെ നടത്തിയിരിക്കുന്നു. ഇത് ഗൗരവമായി പരിശോധിച്ച് അപാകതകൾ തിരുത്തേണ്ടതാണ്. പഞ്ചായത്തിൽ ലഭിക്കേണ്ട വിവിധയിനം ഗ്രാന്റുകൾ, വിഹിതങ്ങൾ തുടങ്ങിയവ വികസനപ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും നടത്തിപ്പിനും ആവശ്യമായ സമയം ലഭിക്കുമാറ് യഥാസമയം നൽകേണ്ടതാണ്. പഞ്ചായത്തിലെ നേര്യമംഗലം ചന്തയിൽ ബസ്സ്റ്റാന്ഡ് കം ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനോടൊപ്പം ടി. മാർക്കറ്റ് നേര്യമംഗലം ടി. ബി. കോംബൗണ്ടിൽ മാറ്റി സ്ഥാപിച്ച് പഞ്ചായത്തിലെ ആ വഴിക്കുള്ള വരുമാനം നിലനിർത്തേണ്ടതാണ്. പഞ്ചായത്തിലെ ജനങ്ങളിൽ നിന്ന് ഈടാക്കേണ്ട വിവിധയിനം വരുമാനങ്ങൾ കുടുശിക ഉൾപ്പെടെ അടിയന്തിരമായി പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തുവകയായി ഒരു സ്റ്റോട്ടർ ഹൗസ് നിർമ്മിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

വനം

റിപ്പോർട്ടിന്റെ ആമുഖത്തിൽ നിന്നും നമ്മുടെ പഞ്ചായത്തുപ്രദേശം മുഴുവനും ഒരുകാലത്ത് വനമായിരുന്നു എന്ന് ബോദ്ധ്യമാകും. ആ വനപ്രദേശങ്ങളിൽ നിന്നും വെട്ടിതെളിച്ചെടുത്തവയാണ് നമ്മുടെ കൃഷിഭൂമികൾ. ഇപ്പോൾ നമ്മുടെ പഞ്ചായത്തതിർത്തിയിൽ 698 എക്കർ വനഭൂമിയുണ്ട്. ഈ വന പ്രദേശങ്ങളിൽ തേക്ക്, ഈട്ടി, തമ്പകം തുടങ്ങിയ അമൂല്യ വൃക്ഷങ്ങൾ ധാരാളമായുണ്ട്. മനുഷ്യന്റെ ആരോഗ്യ പരിപാലനത്തിനും രോഗനിവാരണത്തിനും ആവശ്യമായ നിരവധി ഔഷധ സസ്യങ്ങൾ ഈ വനമേഖലയിൽ ധാരാളമുണ്ട്. പന്നി, മുള്ളൻ, ഉടുമ്പ്,കേഴ, മാൻ, ചെന്നായ, കുറുക്കൻ, മുയൽ, പെരുമ്പാമ്പ് മുതലായ വനജീവികൾ ഈ പഞ്ചായത്തിലുള്ള വനത്തിൽ ധാരാളമുണ്ട്. ഏതാനും വർഷങ്ങൾക്കു മുമ്പുവരെ കൃഷിചെയ്യുന്നതിന് വേണ്ടി വനനശീകരണം ഈ പ്രദേശങ്ങളിൽ നടന്നുകൊണ്ടിരിന്നു. എന്നാൽ കർശനമായ നിയമങ്ങൾ വന്നതോടുകൂടി വ്യാപകമായ വനനശീകരണ പ്രവണത കുറഞ്ഞിട്ടുണ്ട്. എങ്കിലും അവിടിവിടെയായി തടികൾ വെട്ടികൊണ്ട് പോകുന്ന പ്രവണത ഇപ്പോഴുമുണ്ട്. വനമേഖലയിലുള്ള മൃഗസംമ്പത്തിനെ ഇറച്ചിക്കുവേണ്ടി വേട്ടയാടുന്ന സ്ഥിതി വിശേഷവും ഉണ്ട്. വനത്തിൽ നിന്നും ഇഞ്ച, പുളിഞ്ചിക്കായ, തേൻ, മെഴുക്, കോലരക്ക്, വിവിധയിനം വിലപിടിപ്പുള്ള പൂഷ്പ്പങ്ങൾ, ഈറ, മുള, ചൂരൽ തുടങ്ങിയവ ശേഖരിച്ച് ജീവിക്കുന്നവർ 100 കണക്കിന് ഈ പഞ്ചായത്തിലുണ്ട്. വനങ്ങളെ സംരക്ഷിച്ച് നിലനിർത്തേണ്ടത് പ്രകൃതിയുടെ സന്തുലിതാവസ്ഥക്കും, കാലാവസ്ഥാ നിയന്ത്രണത്തിനും, മനോഹാരിതക്കുമെല്ലാം അത്യന്താപേക്ഷിതമാണ്. കൂടാതെ, വലിയൊരു ദേശീയ വരുമാനം വനങ്ങളിൽ നിന്ന് ലഭിക്കുന്നുണ്ട്.

വനങ്ങളുടെ വിസ്തീർണ്ണം കുറയുന്നതനുസരിച്ച് പകരം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കേണ്ടത് മാനവരാശിയുടെ തന്നെ നിലനിൽപ്പിന് ആവശ്യമാണ്. പറമ്പുകളുടെ അതിരുകളിലും, റോഡുകളുടേയും, തോടുകളുടെയും, നദികളുടെയും തീരങ്ങളിലും തേക്ക്, ഈട്ടി, തമ്പകം, മാവ്, പ്ലാവ്, പുളി, ആര്യവേപ്പ്, മണിമരുത്, മഹാഗണി തുടങ്ങിയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ ഗൗരവമായി ശ്രദ്ധിക്കേണ്ടതാണ്. ഇതിനാവശ്യമായ തൈകൾ സോഷ്യൽ ഫോറസ്റ്ററി വിഭാഗങ്ങളിൽ നിന്നും ലഭ്യമാക്കി സമഗ്ര വനവൽക്കരണം നടത്തി ഈ പഞ്ചായത്തിൽ ഹരിതവിപ്ലവം സൃഷ്ടിക്കുവാൻ എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതാണ്. വിവിധ സർക്കാർ ഓഫീസുകളുടെ വളപ്പുകളിലും, സ്ക്കൂൾ വളപ്പുകളിലും വൃക്ഷ പട്ടയ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

ഈ റിപ്പോർട്ടിന്റെ ശിൽപ്പികൾ

1.	കെ. കെ. പൗലോസ്	–	കൺവീനർ, ഡി. ആർ. പി.
2.	ഇ. എം. അസീസ്സ്	–	വൈസ് പ്രസിഡന്റ്, ഗ്രമപഞ്ചായത്ത്.
3.	വി. ആർ. നാരായണൻ നായർ	–	ഡി. ആർ. പി.
4.	കെ. എം. അലിയാർ	–	അദ്ധ്യാപകൻ ഗവ: വി. എച്ച്. എസ്. എസ്., നേര്യമംഗലം.
5.	പി. കെ. മധുസൂദനൻ	–	സർവ്വീസ് സഹകരണ ബാങ്ക്.
6.	കെ. ഇ. ജോയി	–	എൽ. ആർ. പി (മുൻ പഞ്ചായത്തുമെമ്പർ) കവളങ്ങാട്.
7.	ഡി. അനിൽഘോഷ്	–	ബ്ലോക്കു പഞ്ചായത്തു മെമ്പർ.
8.	കെ. പി. വിജയൻ	–	എൽ. ആർ. പി.

സ്ക്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം.

	കെട്ടിടങ്ങൾ എണ്ണം മുറികളുടെ എണ്ണം																ഇനി ആവശ്യമായവയുടെ എണ്ണം.					
സ്ക്കൂളിന്റെ പേര്	ആകെ വിവിധങ്ങളുടെ എണ്ണം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	ഇനിമുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം.	ഇനി ആവശ്യമുള്ള കെട്ടിടം / മുറികൾ നിർമ്മിക്കേണ്ടുള്ള ഭൂമി ഉണ്ട് / ഇല്ല.	നിലവിലുള്ള ശൗചാലയങ്ങളുടെ എണ്ണം	ശൗചാലയം ഇല്ലാത്ത കുട്ടികൾക്ക് ഉപയോഗിക്കാം	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ള കക്കൂസിന്റെ എണ്ണം	ഉപയോഗ ശൂന്യമായ കക്കൂസിന്റെ എണ്ണം	കുടിവെള്ളസംവിധാനം ഉണ്ട് / ഇല്ല - കിണർ പൈപ്പ്	വൈദ്യുതീകരണം ഉണ്ട് /ഇല്ല	പാചകപ്പുര	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണ്ണീച്ചറുകൾ മതിയാകുമോ ? മതിയാകും /ഇല്ല	ഡസ്ക്	ബഞ്ച്	മേശ	കസേര	ഓഫീസ് ഫർണ്ണീച്ചർ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
ജി. വി. എച്ച്. എസ്. എസ്. നേരുമംഗലം	34	7	3	-	45	8.	-	ഇല്ല	ഉണ്ട്	6+2	80	-	6	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	100	100	20	20	4

കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

ഗവ: വി. എച്ച്. എസ്. എസ്., നേര്യമംഗലം

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						
							SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			പഠനം നിർത്തിയവരുടെ മൊത്തം എണ്ണം
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	30	24	54	1	3	4	-	-	-	-	-	-	-	-	-	-	-	-	-
II	32	26	58	6	4	10	-	-	-	3	1	4	-	-	-	-	-	-	-
III	23	35	58	2	6	8	1	1	2	2	3	5	-	-	-	-	-	-	-
IV	47	37	84	8	6	14	-	-	-	6	2	8	-	-	-	-	-	-	-
V	75	56	131	111	10	22	2	3	5	7	4	11	2	-	2	2	1	3	5
VI	82	82	164	12	9	21	-	1	1	5	8	13	-	-	-	1	2	3	3
VII	95	79	174	13	11	24	3	1	4	18	11	29	1	1	2	3	2	5	7
VIII	127	91	218	26	14	40	6	2	8	20	4	24	3	2	5	6	-	6	11
IX	111	127	238	13	22	35	4	2	6	26	12	38	2	2	4	11	5	15	19
X	82	109	191	7	12	19	-	-	-	-	-	-	-	-	-	-	-	-	-
ആകെ	704	666	1370	100	97	197	16	10	26	87	45	132	8	5	13	23	9	32	45

പഠനം നിർത്തിയവരെ സംബന്ധിച്ച് കഴിഞ്ഞ 5 വർഷത്തെ വിവരം ശേഫരിക്കുന്നത് നല്ലതാണ്.

ഓരോ സ്ക്കൂളിനും ഇത്തരത്തിലുള്ള ഒരു ഫോറം ഉപയോഗിക്കണം. പഞ്ചായത്ത് തലത്തിൽ ക്രോഡികരിക്കുന്ന ഇതേ ഫോറം തന്നെ ഉപയോഗിക്കാം

അക്കാദമിക് നിലവാരം

G. V. H. S. S. നേര്യമംഗലം

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതുനിലവാരം					SSLC വിജയശതമാനം				
		30% താഴെ കുട്ടികൾ	30–40 മാർക്ക് നേടുന്നവർ	40–50 ശതമാനം നേടുന്നവർ	50–60 ശതമാനം നേടുന്നവർ	60% ത്തിൽ ശതമാനം നേടുന്നവർ	91–92	92–93	93–94	94–95	95–96
1	2	3	4	5	6	7	8	9	10	11	12
3	58	10	15	10	13	10					
4	84	9	15	20	25	15					
5	131	20	21	40	35	15					
6	164	35	32	52	25	20	44%	36.8%	48%	38%	35%
7	174	35	34	60	25	20					
8	218	40	48	65	30	35					
9	238	50	65	50	40	33					
10	191	60	70	30	16	15					
SSLC പരീക്ഷ എഴുതിയവർ											

കോതമംഗലം ഉപജില്ല 1996–97 യുവജനോൽസവം ബാലകലോത്സവും സംസ്കൃതോത്സവത്തിൽ 113 പോയിന്റ് നേടി, സംസ്കൃതോത്സവം എച്ച്. എസ്, യു. പി. വിഭാഗങ്ങളിൽ ഓവരോൾ ചാമ്പ്യൻ ഷിപ്പ് നേടി. മൂന്ന് കലാപ്രതിഭ കളും ഒരു കലാതിലകവും ഈ സ്ക്കുൾ നേടി. സബ് ജില്ലയിലെ സർക്കാർ സ്ക്കുളുകളിൽ ഒന്നാം സ്ഥാനത്തും, ഈ വർഷം ഏറ്റവും കൂടുതൽ കലാപ്രതിഭകളെയും, കലാതിലകങ്ങളെയും സൃഷ്ഠിച്ചത് ഈ സ്ക്കുളാണ്.

വാർഡ് X

വിദ്യാലയ സൗകര്യങ്ങൾ

	സ്ക്കൂളിന്റെ പേര്	വിസ്തീർണ്ണം	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലാബോട്ടറി	ലൈബ്രറി	മൂത്രപ്പുര	കക്കൂസ്സ്	പാചക മുറി	വൈദ്യുതി	കളിസ്ഥലം	കിണർ
1.	ബി. പി. എം എൽ. പി. എസ്. പെരുമണ്ണൂർ	-	ഉണ്ട്	ഉണ്ട്	-	-	ഉണ്ട്	ഇല്ല	ഉണ്ട്	-	ഇല്ല	-
2.	സെന്റ് ജോസഫ്സ് എൽ. പി. എസ്. നെല്ലിമറ്റം.	-	ഉണ്ട്	ഉണ്ട്	-	-	ഉണ്ട്	-	ഉണ്ട്	-	-	-
3.	സെന്റ് ജോൺസ് എൽ. പി. എസ്. കവളങ്ങാട്.	-	ഉണ്ട്	ഉണ്ട്	-	-	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഇല്ല	ഉണ്ട്
4.	ഒ. എൽ. എം. സി. എൽ. പി. എസ്. കവളങ്ങാട്.	-	ഉണ്ട്	ഉണ്ട്	-	-	ഉണ്ട്	ഇല്ല	ഉണ്ട്	-	ഇല്ല	ഉണ്ട്
5.	ലിറ്റിൽ ഫ്ളവർ എൽ. പി. എസ്. ഊന്നുകൽ.	-	ഉണ്ട്	ഉണ്ട്	-	-	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
6.	ഗവ: എൽ. പി. എസ്. മണിനരുംതുംചാൽ	-	ഉണ്ട്	ഇല്ല	-	-	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്
7.	സെന്റ്മേരീസ് എൽ. പി. എസ്. നീണ്ടപാറ.	-	ഉണ്ട്	ഇല്ല	-	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
8.	സെന്റ്ജോസഫ്സ് യു. പി. എസ്. നെല്ലിമറ്റം.	-	ഉണ്ട്	ഉണ്ട്	-	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	-
9.	ഗവ: യു. പി. എസ്. തലക്കോട്.	-	ഉണ്ട്	ഇല്ല	-	-	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	-
10.	എച്ച്. ഡബ്ലിയു. യു. പി. എസ്. നേര്യമംഗലം.(ചെമ്പൻകുഴി)	-	ഉണ്ട്	ഇല്ല	-	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
11.	സെന്റ് ജോൺസ് ഹൈസ്ക്കൂൾ നെല്ലിമറ്റം	-	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
12	ലിറ്റിൽ ഫ്ളവർ ഹൈസ്ക്കൂൾ ഊന്നുകൽ	-	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
13.	ഗവ: വി. എച്ച്. എസ്. നേര്യമംഗലം.	-	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്

വിദ്യാലയങ്ങൾ

വാർഡ് X

	സ്ക്കൂളിന്റെ പേര്	മാനേജ്മെന്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	ബി. പി. എം. എൽ. പി. എസ്. പെരുമണ്ണൂർ	എയിഡഡ്	52	58	110	1	3	4
2.	സെന്റ് ജോസഫ്സ് എൽ. പി. എസ്. നെല്ലിമറ്റം.	"	124	103	227	1	7	8
3.	സെന്റ് ജോൺസ് എൽ. പി. എസ്. കവളങ്ങാട്.	"	76	83	159	3	4	7
4.	ഒ. എൽ. എം. സി. യു. പി. എസ്. കവളങ്ങാട്.	"	70	52	122	2	3	5
5.	ലിറ്റിൽ ഫ്ളവർ എൽ. പി. എസ്. ഊന്നുകൽ	"	264	223	482	2	12	14
6.	ഗവ: എൽ. പി. എസ്. മണിമരുതുംചാൽ	ഗവ:	53	52	105	2	2	4
7.	സെൻമേരീസ് എൽ. പി. എസ്. നീണ്ടപാറ.	എയിഡഡ്	64	63	127	–	4	4
8.	സെന്റ് ജോസഫ്സ് യു. പി. എസ്. നെല്ലിമറ്റം	"	139	99	238	–	10	10
9.	ഗവ: യു. പി. എസ്. തലക്കോട്	ഗവ:	156	149	305	4	7	11
10.	എച്ച്. ഡബ്ലുയു. യു. പി. എസ്. നേര്യമംഗലം	"	80	90	171	2	5	7
11.	സെന്റ് ജോൺസ് ഹൈസ്ക്കൂൾ നെല്ലിമറ്റം.	എയിഡഡ്	251	213	464	9	16	25
12.	ലിറ്റിൽ ഫ്ളവർ ഹൈസ്ക്കൂൾ ഊന്നുൽ	"	550	527	1027	10	33	43
13.	ഗവ: വി. എച്ച്. എസ്. സി. നേര്യമംഗലം.	ഗവ:	204	666	1370	18	26	44
	ആകെ		2583	2579	5162	54	132	186

സ്കൂളിന്റെ വിവരം

ജി. വി. എച്ച്. എസ്. എസ്. നേര്യമംഗലം	1	സ്ക്കൂളിന്റെ പേര്	
എച്ച്. എസ്., യു. പി. & യു. പി.	2	എച്ച. എസ്., യു. പി., എൽ.പി., പ്രീ പ്രൈമറി	
സർക്കാർ	3	സർക്കാർ	സ്കൂളിന്റെ സ്വഭാവം
-	4	എയിഡഡ്	
-	5	അൺ എയിഡഡ്	
-	6	അംഗീകാരമില്ലാത്തത്	
704	7	ആൺ	സ്കൂളിലെ വിദ്യാർത്ഥികൾ
666	8	പെൺ	
1370	9	ആകെ	
46	10	ആകെ അനുവദിച്ച പോസ്റ്റ്	സ്കൂളിലെ അധ്യാപകർ
44	11	നിലിലുള്ളവരുടെ എണ്ണം	
-	11	ഒഴിവുകളുടെ എണ്ണം	
2	12	ദീർഘകാല ലീവുള്ളവർ	
4.5 ഏക്കർ	13	സ്ക്കുൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണം	
1 ഏക്കർ	14	കളിസ്തലത്തിന്റെ വിസ്തീർണം	
-	15	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം	
ചുറ്റുമതിലില്ല സെമി പെർമനന്റ് ബിൽഡിംഗ് പെർമനന്റ് ആക്കുക. ഫർണ്ണീച്ചറുകൾ ഡെസ്ക്ക് - 100, ബഞ്ച് - 100, മേശ - 20, അലമാര - 2, സ്ക്രീൻ - 5	16	മറ്റ് കൂറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപണികൾ, ഫർണീച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച്	

ഉപയോഗിക്കുന്ന സ്കൂൾ

ജി. വി. എച്. എസ്. എസ്. നേര്യമംഗലം	1	സ്ക്കൂളിന്റെ പേര്	
ഉണ്ട്	2	ലൈബ്രറി ഉണ്ട് /ഇല്ല. പ്രവർത്തിക്കുന്നു / പ്രവർത്തിക്കുന്നില്ല	
ഉണ്ട്	3	ലാബോറട്ടറി /സയൻസ് കോർണ്ണർ ഉണ്ട് /ഇല്ല പ്രവർത്തിക്കുന്നു / പ്രവർത്തിക്കുന്നില്ല	
ഇല്ല	4	പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട് /ഇല്ല	
ഉണ്ട്	5	റേഡിയോ	ശ്രവ്യ-ദൃശ്യോപകരണങ്ങളുടെ എണ്ണം
ഉപയോഗ ശൂന്യം	6	ടേപ്പ്റെക്കോർഡർ	
ഇല്ല	7	ടി. വി. സെറ്റ്	
ഇല്ല	8	വി. സി. ആർ /വി. സി. പി.	
ഉണ്ട്	9	സിനിമാ പ്രോജക്ടർ	
ഉണ്ട്	10	സ്ലൈഡ് പ്രോജക്ടർ	
ഇല്ല	11	ഓവർ ഹെഡ്പ്രോജക്ടർ	
ഇല്ല	12	കമ്പ്യൂട്ടർ	
35	13	ആവശ്യമുള്ളത്	സ്റ്റാഫ് ടോയ്ലറ്റ് സൗകര്യം
25	14	നിലവിലുള്ളത്	
194	15	95-96 ൽ ലഭിച്ച അദ്ധ്യായന ദിവസം	
2	16	സമരങ്ങളിലൂടെ നഷ്ട്ടപ്പെട്ട ആദ്ധ്യായന ദിനങ്ങളുടെ എണ്ണം.	
4.	17	പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അദ്ധ്യായന ദിനങ്ങളുടെ എണ്ണം.	
സജ്ജീവം	18	മാതൃസംഗമം സജീവം / സജ്ജീവമല്ല	
പ്രവർത്തിക്കുന്നു	19	ക്ലാസ്സ് റൂം പി. ടി. എ കൾ പ്രവർത്തിക്കുന്നു / പ്രവർത്തിക്കുന്നില്ല.	

കുട്ടികൾക്കു ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിക്കുന്ന വിവരം

സ്ക്കൂളിന്റെ പേര്	ഇന വിവരം	ജില്ലാതലത്തിൽ			സംസ്ഥാതലത്തിൽ			ദേശീയ തലത്തിൽ		
		ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ
1	2	3	4	5	6	7	8	9	10	11
ജി. വി. എച്. എസ്. എസ്. നേര്യമംഗലം	വർക്ക് എക്സ്പീരിയൻസ്	1	-	1	-	-	-	-	-	-

സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	മെറിറ്റ് സ്ക്കോളർ ഷിപ്പ്	ലംസംഗ്രാൻഡ്	മുസ്ലീം കുട്ടികളുടെ സ്കോളർ ഷിപ്പ്	വികലാംഗ സ്ക്കോളർ ഷിപ്പ്	ജവാൻമാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം	ബീഡി തോഴിലാളി സ്ക്കോളർ ഷിപ്പ് സ്ക്കോളർ ഷിപ്പ്	മത്സ്യ തൊഴിലാളി കളുടെ കുട്ടികൾക്കുള്ള	മറ്റുള്ളവ (വ്യക്തമാക്കുക)
1	2	3	4	5	6	7	8	9	10
	ജി. വി. എച്ച്. എസ്. എസ്. നേര്യമംഗലം	5	316	60	7	-	-	-	-

ഈ പഞ്ചായത്തിലെ പൊതു വിതരണ വിവരങ്ങൾ

1995 March 30 to 1996 March 31

	ARD	കാർഡുകളുടെ എണ്ണം	മേജർ	മെമ്പർ	ആകെ അംഗങ്ങൾ	യൂണിറ്റ്	NE	E	ആഴ്ച്ചയിൽ അരി	ആഴ്ച്ചയിൽ ഗോതമ്പ്	ഒരുമാസം പഞ്ചസാര
	1	456	1765	396	2161	3926	194	262	3926.000	3926.000	8.64.400
	2	275	1145	172	1317	2462	108	167	2462.000	2462.000	5.26.800
	3	293	1235	278	1513	2748	136	157	2748.000	2748.000	6.05.200
	4	446	1848	390	2238	4086	225	191	4086.000	4086.000	8.95.200
	5	583	2327	371	2698	5025	247	236	5025.000	5025.000	10.79.200
	6	413	1811	393	2204	4015	254	159	4015.000	4015.000	8.81.600
	7	482	2096	327	2423	4569	148	334	4569.000	5469.000	9.69.200
	8	295	1158	222	1380	2538	180	145	2538.000	28538.000	5.52.300
	9	355	1432	231	1663	3095	166	189	3095.000	3095.000	6.65.200
	10	533	2272	449	2721	4993	334	199	4993.000	4993.000	10.88.400
	12	340	1427	249	1776	3103	127	213	3103.000	3103.000	7.10.400
	45	369	1312	311	1623	2339	217	155	2339.000	2339.000	6.49.200
	79	172	730	141	871	1601	79	93	1601.000	1601.000	3.48.400
	95	322	1355	271	1626	2981	201	121	2981.000	2981.000	6.50.400
	102	236	1045	198	1243	2288	109	127	2288.000	2288.000	4.97.200
	15	5570	22958	4399	27457	50369	2695	2748	503.69.000	503.69.000	109.82.800
91-92		4930	18998	3979	22977	4175	3022	1908	323.20.750	419.75.000	103.39.650
92-93		5001	19330	3999	23329	42659	2711	2290	328.47.430	246.59.000	104.98.050
93-94		5311	20098	4217	24315	44413	2809	2502	341.98.010	444.13.000	109.41.750
94-95		5420	21618	4315	25933	47551	2725	2695	366.14.270	475.51.000	103.73.200

കവളങ്ങാട് പഞ്ചായത്ത്

വിസ്തീർണ്ണം: -41.04
ജനസംഖ്യ : 59.91 ച.കി.മീ

